KNANAYADEEPAM

# ക്നാനായദീപം

SINCE 1989

Vol: 34 / Issue: 3 March 2023 ₹:10/-



# വേർപാടിന്റെ 3 – ാം വാർഷികം

06 – 04 – 2023



# സെനി ചാക്കോ

## കണ്ടല്ലൂമണ്ണിൽ, ഇരവിപേരൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

# ക്നാനായ ദീപം

SINCE 1989

2023 മാർച്ച് പുസ്തകം 34 ലക്കം 3

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ഓർമ്മയിൽ നിന്ന് ഒരു തിരിച്ചറിവ് 08
പ്രൊഫ. ഡോ. അന്നാമ്മ ജേക്കബ് മള്ളൂശ്ശേരിൽ

അഹങ്കാരം 09
ജയ്നമ്മ മർക്കോസ് നടുവിലേപറമ്പിൽ

നാം സമയം നോക്കുന്നു... 10
അമ്മാൾ രാജൻ പുളിമുട്ടിൽ

ടീച്ചിങ് ഡിസബിലിറ്റി 15
സുനിൽ ഡി. കുരുവിള

Why have you done this? 17
Philip Abraham Malecheril

മാറ്റത്തിന്റെ കാഹളവുമായി വനിതാദിനം 18
ഡോ. റോണി ജെയിൻ രാജു

പ്രതിസന്ധിയിലും പ്രത്യാശയോടെ മുന്നേറാം 19
സീമ തോമസ് കന്നിയേൽ

സ്നേഹമാണഖിലസാരമൂഴിയിൽ 20
റ്റി.സി. തോമസ് തോപ്പിൽ

കൂര ചെറുതെങ്കിലും... 22
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

23 ഏവൻഗേലിയോൻ ദീപം
ഫാ. റ്റിനോ തോമസ് മഠത്തിൽമണ്ണിൽ

26 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

39 മാതൃകാ കുടുംബജീവിതം
ഫാ. ഡോ. ജയിംസ് തോടത്തിൽ

41 ഓശാനയും കഴുതകുട്ടിയും
ടോമി കുറിച്ചി

42 കാൽപ്പാടുകൾ
എബി

43 ക്നാനായ കൺവൻഷൻ
ജിജി എബ്രഹാം കറുകേലിൽ

44 മാട്രിമോണിയൽ


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)


Visit www.
knanayadeepam.in


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




കർത്താവിൽ പ്രിയരെ,

ആധുനിക മനുഷ്യനെ അമ്പരിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന മാരകായുധങ്ങളേക്കാൾ ഭയപ്പെടേണ്ടതായ ഒരു ശക്തിയുണ്ട്. ആ നശീകരണ ശക്തി മനുഷ്യരാശിയേയും, മാനവ സംസ്ക്കാരങ്ങളേയും നാശത്തിലേക്ക് നയിച്ചു കൊണ്ടിരിക്കുകയാണ്. എന്താണ് ആ മഹാശക്തി? ദൈവ ദർശനമില്ലായ്മയത്രേ. ദൈവീക ദർശനവും പരിജ്ഞാനവും, വിശ്വാസവും, വീക്ഷണവും ഉത്തമ മാർഗ്ഗങ്ങളിലും, ഉന്നത നിലവാരത്തിലും നടക്കുവാൻ മനുഷ്യനെ സഹായിക്കുന്ന ആദ്ധ്യാത്മീക ശക്തി എന്ന ഘടകമത്രേ. ആ ആദ്ധ്യാത്മീക ശക്തിക്ക് രോഗം ബാധിക്കുകയും അതു മനുഷ്യ മനസ്സുകളിൽ മരിക്കുകയും ചെയ്യുമ്പോൾ ദൈവ ദർശനമില്ലായ്മ എന്ന ഒരു വിപരീത ശക്തിയായി രൂപം കൊണ്ടിട്ട് മഹത്തായ മാനവ സംസ്ക്കാരത്തെയും പാരമ്പര്യങ്ങളേയും നശിപ്പിക്കുകയും മനുഷ്യനെ മൃഗതുല്യനാക്കുകയും ചെയ്യുന്നു. ഇന്ന് ഈ അവസ്ഥയിലേക്ക് ക്നാനായ നേതൃത്വവും സഭാ നേതൃത്വവും എത്തിചേർന്നിരിക്കുന്നതു കൊണ്ടാണ് സത്യവിശ്വാസവും സഭാപാരമ്പര്യങ്ങളും ഇല്ലാത്ത ഒരു സമൂഹമായി അധ:പതിച്ചിരിക്കുന്നത്. ഈ അന്ത്യകാലത്ത് യേശു ക്രിസ്തുവിനെ ലോകത്തിനു കാണിച്ചു കൊടുക്കേണ്ട സഭ ഇന്ന് മെത്രാൻ കക്ഷി, ബാവാ കക്ഷി, സമുദായപക്ഷം, സഹായപക്ഷം എന്നൊക്കെ ഉള്ള ലേബൽ (Label) സ്വീകരിച്ചുകൊണ്ട് ദൈവമില്ലാത്ത ഒരു യുവതലമുറയെ സൃഷ്ടിക്കുകയാണ്. നിങ്ങൾ എന്റെ സാക്ഷികൾ ആകുവിൻ എന്നു കല്പിച്ചുകൊണ്ട് സത്യവിശ്വാസവും സത്യ ആരാധനയും ശരിയായ പട്ടത്വവും പരിശുദ്ധ സഭയ്ക്ക് നൽകി. മലങ്കരയിൽ ഇന്ന് രണ്ടുകക്ഷികളിലും കൂടി 65 ഓളം മേലദ്ധ്യക്ഷന്മാരും, 2000 ത്തോളം വൈദീകരും, കന്യാസ്ത്രീകളും വേഷധാരികളായി ക്രിസ്തുവിന്റെ നാമത്തെ അപമാനപ്പെടുത്തുന്ന രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. അന്ത്യ ന്യായവിധിയുടെ സമയത്ത് നാമെല്ലാവരും കർത്താവിന്റെ മുമ്പിൽ നിൽക്കുമ്പോൾ നമ്മുടെ പ്രവർത്തികൾ നമ്മുടെ മുമ്പിൽ കാണിച്ചുകൊണ്ട് കാപാലികന്മാരുടെ നിരയിലേക്ക് നമ്മേ തള്ളിക്കളയും എന്നു ചിന്തിച്ചുകൊണ്ട് ഇനിയും എങ്കിലും സ്വാർത്ഥതയും സ്ഥാനമോഹങ്ങളും ഉപേക്ഷിച്ച് യേശുക്രിസ്തുവിന്റെ ഉത്തമ ഭടന്മാരായി തീർന്ന് നമ്മേ ഏല്പിച്ച ജനത്തെ ദൈവത്തിനു സമർപ്പിച്ച് നല്ലവനും വിശ്വസ്ഥനുമായ ദാസാ എന്നു വിളിക്ക് യോഗ്യരായി തീരുവാൻ തക്കവണ്ണം പൂർണ്ണ വിശ്വാസത്തോടെ ഈ വർഷത്തെ വലിയ നോമ്പ് ആചരിക്കാം.

ദൈവാധിഷ്ഠിതമല്ലാത്ത മാനവ സംസ്ക്കാരങ്ങളും, നാഗരികതകളും പുരോഗമിക്കുന്നതോടൊപ്പം പരാജയത്തിന്റെയും പതനത്തിന്റെയും നടുച്ചുവരിൽ തട്ടി ഉടയുകയും നശിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ് എന്ന് ഒരു വേദ പണ്ഡിതൻ പറഞ്ഞിരിക്കുന്നു.

Where there is no vision, the people perish എന്ന് ശലോമോന്റെ സദൃശ്യവാക്യം എത്ര മാത്രം അവസരോചിതവുമായിരുന്നു(സദൃ.29:18). ആദ്ധ്യാത്മിക ദർശനത്തിന്റെയും ആദർശത്തിന്റെയും അഭാവത്തിൽ സഭയും സമൂഹങ്ങളും സംസ്ക്കാരങ്ങളും ചത്തുകൊണ്ടിരിക്കുന്ന ചരിത്രം ധാരാളമായി കാണാവുന്നതാണ്.

സഭാ പഞ്ചാംഗം അനുസരിച്ച് ഈ മാസത്തിൽ വലിയ നോമ്പാരംഭിച്ചിരിക്കുകയാണ്. ഈ മാസിക നിങ്ങളുടെ കയ്യിൽ എത്തുമ്പോൾ പകുതി നോമ്പാകുമല്ലോ. ദുഷ്പ്രവണതകളെ സംയമനം ചെയ്തും സൽപ്രവണതകളെ പുഷ്ടിപ്പെടുത്തിയും ആത്മവിശുദ്ധി കൈവരുത്തുകയെന്നുള്ളതാണ് നോമ്പാചരണത്തിന്റെ ഉദ്ദേശ്യം. പുരാതന സഭകൾ നോമ്പിനു വളരെ പ്രാധാന്യം കൊടുക്കുകയും വർജ്ജനമാചരിക്കുകയും മറ്റും ചെയ്യും. ചില സഭകൾ അതിനു വരെ പ്രാധാന്യം കൊടുക്കുന്നില്ല. ഇന്ന് നമ്മുടെ സഭയും മുൻകാലങ്ങളെ അപേക്ഷിച്ച് ലാഘവത്തോടെയാണ് വീക്ഷിക്കുന്നത്. 10 വർഷങ്ങൾക്ക് മുമ്പ് വളരെ കൊത്തിനെ ഞായറാഴ്ച വൈകിട്ട് പാത്രങ്ങൾ എല്ലാം കഴുകി വെടിപ്പാക്കി വസ്ത്രങ്ങൾ വരെ അലക്കി ഭക്തിയോടെ നോമ്പു നോൽക്കുന്ന രീതി ആയിരുന്നു. പേത്തർത്തായ്ക്ക് ഉച്ചഭക്ഷണത്തിന് മീനും മാംസവും ഉപയോഗിച്ച് മിച്ചം വന്നാൽ മറ്റുള്ളവർക്ക് കൊടുക്കുകയോ കുഴിച്ചുമൂടുകയോ ചെയ്തിട്ട് 50 ദിവസവും ഭക്തിയായി നോമ്പു നോക്കുമായിരുന്നു. ഇന്ന് ശക്തിയായി ചിട്ടയോടുകൂടി നോമ്പു നോക്കുന്ന സഭ അനുഗ്രഹിക്കപ്പെടുന്നു. എന്നാൽ നമ്മുടെ അവസ്ഥ എന്താണ്, ചിന്തിക്കുക. നോമ്പ് പ്രധാനമായും ഒരു തിരിഞ്ഞു നോട്ടത്തിന്റെ അവസരമാണ്. എന്തുകൊണ്ട് എല്ലാ തുറകളിലും തോൽക്കുന്നു. നമുക്ക് പിതാക്കന്മാർ കാണിച്ചു തരുന്ന രീതിയിൽ ഉപവാസവും പ്രാർത്ഥനയും നടത്താം. എങ്കിൽ മാത്രമേ രക്ഷപെടുകയുള്ളു. നാം ജഢത്തിലേയും ആത്മാവിലേയും, സകല കന്മഷവും നീക്കി നമ്മേ തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചു കൊൾവാൻ വി. പൗലോസ് പ്രബോധിപ്പിച്ചിരിക്കുന്നു. അങ്ങനെ വിശുദ്ധിയിൽ തികവു വരുത്തി സഭക്കുവേണ്ടി പ്രാർത്ഥിക്കാം. ദൈവം നടത്തിക്കൊള്ളും. സഭയായും വ്യക്തികളായും പുതുക്കപ്പെടുന്നതിനും, പുതിയ ശക്തിപ്രാപിച്ചുകൊണ്ട് ഏതു പ്രയാസമുള്ള സാഹചര്യത്തേയും തരണം ചെയ്തു സഭാ നാഥനായ ക്രിസ്തു ആഗ്രഹിക്കുന്നപോലെ പ്രവർത്തിക്കുന്നതിന് നമ്മേതന്നെ വിനയപ്പെടുത്തുകയും സമർപ്പിക്കുകയുമാണ് വേണ്ടത്. ഈ നോമ്പുകാലത്ത് ദൈവം അതിനു നമ്മേ സഹായിക്കട്ടെ.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



**കർത്താവിൽ പ്രിയരെ,**

ഫെബ്രുവരി 22 മുതൽ 26 വരെ 21-ാമത് ക്നാനായ കൺവൻഷൻ അനുഗ്രഹകരമായി നടത്തുവാൻ വ്യാപരിച്ച ദൈവകൃപയ്ക്കായി ദൈവസന്നിധിയിൽ സ്തുതി കരേറ്റട്ടെ. വളരെ ചിട്ടയോടും, ആത്മാർത്ഥതയോടും, പ്രാർത്ഥനയോടും കൂടെ ഇത് ക്രമീകരിക്കപ്പെട്ടു. നമ്മിൽ അനേകർക്ക് ഇതിൽ സംബന്ധിക്കുവാനും സാധിച്ചു. നാം നിശ്ചയിച്ച പ്രസംഗകർ തന്നെ കടന്നുവന്ന് ദൈവത്തിന്റെ നിർമ്മല സുവിശേഷം നമ്മോട് പങ്കുവച്ചു. പരിശുദ്ധാത്മ നിറവിൽ തന്നെ അത് ശ്രവിക്കുവാനും, സ്വീകരിക്കുവാനും നമുക്ക് സാധിച്ചു. കൺവൻഷന്റെ അനുഗ്രഹമെന്നതും ദൈവം ആഗ്രഹിക്കുന്നതും അവയ്ക്ക് എത്രമാത്രം നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും, കുടുംബജീവിതത്തിലും സ്വാധീനം ചെലുത്തുവാൻ സാധിച്ചു എന്നതും, നമ്മുടെ ജീവിതത്തെ അത് എങ്ങനെ രൂപപ്പെടുത്തുവാനും സാധിച്ചു എന്നതിനെയും ആശ്രയിച്ചാണ്. വചനശ്രവണം നാം എങ്ങനെ ആയിരിക്കണമെന്ന് ദൈവം ആഗ്രഹിച്ചുവോ അത്തരത്തിൽ നമ്മെ രൂപപ്പെടുത്തുവാൻ ഇടയാകണം. ഇതിന്റെ അനുഗ്രഹത്തിനായി അനേകമാസങ്ങളായി പ്രവർത്തിച്ച സുവിശേഷസമാജം കേന്ദ്ര, മേഖല ഭാരവാഹികൾ, വൈസ് പ്രസിഡന്റും, ജനറൽ കൺവീനർ ഉൾപ്പെടെയുള്ള എല്ലാവരെയും, സുവിശേഷകർ, വോളന്റിയേഴ്സ്, ഇതിൽ സാമ്പത്തികമായി സഹകരിച്ചവർ, പ്രാർത്ഥനയോടെ ഇതിൽ വന്ന് സംബന്ധിച്ചവർ, ഇതിനായി ചെറുതായോ വലുതായോ അദ്ധ്വാനിച്ച എല്ലാവരെയും ഓർത്ത് ദൈവത്തിന് മഹത്വം കരേറ്റുന്നതോടൊപ്പം എല്ലാവർക്കും അതിഭദ്രാസനത്തിന്റെ പേരിലുള്ള അനുമോദനവും അറിയിക്കുന്നു.

ഈ മാസം 25 ന് വചനിപ്പ് പെരുന്നാൾ നാം ആചരിക്കുന്നുവല്ലോ. ദൈവത്തിന്റെ ലോകത്തോടുള്ള രക്ഷാപ്രവർത്തനത്തിൽ പ്രധാനപങ്കാളിത്തം മറിയം നിർവ്വഹിച്ചതിന്റെ സ്മരണയാണല്ലോ നാം ഇതിലൂടെ നിർവ്വഹിക്കുന്നത്. ഇതിലൂടെ മറിയം പരി. ദൈവമാതാവെന്ന ഭാഗ്യകരമായ അവസ്ഥയിൽ എത്തിയല്ലോ. സഭയുടെ ക്രമീകരണം അനുസരിച്ച് ദുഃഖവെള്ളിയാഴ്ചയാണെങ്കിലും അന്നേ ദിവസം വി. കുർബ്ബാന അർപ്പിക്കണമെന്നത് ഈ സംഭവത്തിന്റെ പ്രാധാന്യം വിളിച്ചോതുകയാണ്. ദൈവഹിതത്തെ മറിയം തന്റെ ജീവിതത്തിലൂടെ പൂർത്തീകരിക്കുവാൻ തയ്യാറായത്, ദൈവമക്കളായ നമുക്ക് നൽകുന്ന സന്ദേശം. ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ, പ്രയാസങ്ങൾ നേരിടുമ്പോൾ, അപ്രതീക്ഷിതമായി കാറ്റും കോളും കൊണ്ട് ജീവിതം നിറയുമ്പോൾ അത് വിശ്വാസത്തിന്റെ ആഴങ്ങളിലേയ്ക്ക് നമ്മെ നയിക്കുവാൻ ഇടയാകണം. ദൈവമുമ്പാകെ സമർപ്പണത്തോടെ നാം അടുത്തു ചെല്ലണം എന്ന ആഹ്വാനമാണത്. അതിനെ ഉൾക്കൊണ്ട് നമ്മുടെ ജീവിതത്തെ നയിക്കുവാൻ ദൈവം ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

വലിയ നോമ്പിലെ 36-ാം ഞായറാഴ്ചയായ മാർച്ച് 26 ന് സഭാദിനമാണല്ലോ. അന്നേദിവസം പ്രത്യേകമായി സഭയ്ക്കുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെ. പരി. സഭയെ നശിപ്പിക്കുവാൻ പൈശാചികൻ കൂടുതലായി ഊടാടി സഞ്ചരിക്കുന്ന ഇന്ന് സഭാമക്കളുടെ തീക്ഷ്ണമായ പ്രാർത്ഥന അനിവാര്യമാണ്. പരി. സഭയെ നയിക്കുന്ന മേല്പട്ടക്കാർക്കുവേണ്ടിയും പട്ടക്കാർക്ക് വേണ്ടിയും വിശ്വാസ സമൂഹം മുഴുവനായി പ്രാർത്ഥിക്കണം. സഭയുടെ പ്രേഷിതപ്രവർത്തനവും, സാമൂഹികവുമായ ഉന്നമനപ്രവൃത്തികൾ അനുഗ്രഹിക്കപ്പെടുവാനും, ദൈവകൃപ നിറഞ്ഞ് പ്രവർത്തിക്കുവാനും, ദൈവരാജ്യത്തിന്റെ കെട്ടുപണി നിവൃത്തിക്കുവാനും ഇടയാക്കുവാനായിട്ട് എല്ലാവരും പ്രാർത്ഥിക്കണമെ. അന്നേദിവസം സമുദായ വികസനങ്ങൾക്കായി ആണ്ടുവരി എല്ലാവരും നൽകുവാനും ശ്രദ്ധിക്കണമെ.

ഈ വർഷത്തെ ഊശാന പെരുന്നാൾ ഏപ്രിൽ 2 ന് ആണല്ലോ. ഊശാന കുരുത്തോലകൾ ഏന്തികൊണ്ട് നാം ആ പെരുന്നാളിൽ സംബന്ധിക്കുമ്പോൾ യേശുവിനെ കുട്ടികൾ എതിരേറ്റതുപോലെ, ആത്മീയമായി ദാവീദ് പുത്രന് ഊശാന എന്ന സ്തോത്രസ്വരം നമ്മുടെ ഉള്ളിൽ നിന്ന് പുറപ്പെടുവിക്കുവാനും, അതിലൂടെ ദൈവസന്നിധിയിൽ നമ്മെ പുനർസമർപ്പിക്കുവാനും ഇടയായിത്തീരണം. ഊശാനദിനത്തിലെ നമ്മുടെ ദൈവാലയങ്ങളിലെ കാണിക്ക നമ്മുടെ കേന്ദ്ര സൺഡേ സ്ക്കൂൾ പ്രവർത്തനങ്ങൾക്കാണല്ലോ. എല്ലാ ദൈവാലയങ്ങളും അത് സമുദായ ഓഫീസിൽ നൽകുവാൻ ശ്രദ്ധിക്കണമെ.

ഹാശാ ആഴ്ചയിൽ പെസഹാ വ്യാഴവും, വലിയ വെള്ളിയും ഒക്കെ നാം ആചരിക്കുമ്പോൾ നമ്മെത്തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കുവാൻ ഇടയാകണം. മനുഷ്യരക്ഷയ്ക്കുവേണ്ടി സ്വമേധയാ യേശു തന്നെതന്നെ ഏല്പിച്ചു കൊടുക്കുന്നു.അറസ്റ്റിലും വിചാരണയിലും മരണത്തിലും ധീരതയും സമചിത്തതയും കരുണയും

*(ശേഷം പേജ് 9-ൽ)*

# സമുദായ വാർത്തകൾ



റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ട ക്നാനായ സമുദായ അംഗങ്ങളെ,

കഴിഞ്ഞ മാസത്തിൽ (2023, ഫെബ്രുവരി) ക്നാനായ സമുദായത്തിൽ നടന്ന സംഭവ വികാസങ്ങളാണ് ഈ മാസത്തെ ക്നാനായ ദീപത്തിൽകൂടെ സമുദായ അംഗങ്ങളെ  അറിയിക്കുന്നത്.

അമേരിക്കയിലെ ചിക്കാഗോ ദൈവാലയത്തിൽ അഞ്ചു ആഴ്ചകൾ ആ പള്ളിയിലെ വികാരി വി. കുർബ്ബാന മുടക്കി. ഇടവക അംഗങ്ങളുടെ ആത്മീയ ആവശ്യങ്ങൾ നടത്തി തരണമെന്നും, വി. കുർബ്ബാന മുടക്കരുതെന്നും നിരവധി തവണ ഇടവക ജനങ്ങൾ വികാരി അച്ചനോട് ആവശ്യപ്പെട്ടിട്ടും അച്ചൻ ഒരു നടപടിയും എടുത്തില്ല. അതിനെ തുടർന്ന് ആ ദൈവാലയത്തിലെ ഇടവക അംഗങ്ങൾ ക്നാനായ സമുദായ മെത്രാപ്പോലീത്തായ്ക്കും, ക്നാനായ കമ്മറ്റിക്കും പരാതി അയച്ചു തന്നു. ഞങ്ങളുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റി തരുവാൻ എന്തെങ്കിലും സംവിധാനം ഉണ്ടാക്കി തരണം എന്നായിരുന്നു പരാതിയുടെ  ഉള്ളടക്കം.

ക്നാനായ സമുദായത്തിന്റെ തലവൻ എന്ന നിലയിൽ സമുദായ മെത്രാപ്പോലീത്ത ഡിസംബർ 9 നും 14 നും 31 നും ചിക്കാഗോ പള്ളിക്കാരുടെ ആവശ്യങ്ങൾ നിറവേറ്റി കൊടുക്കണം എന്ന് അഭി. സിൽവാനോസ് തിരുമേനിയ്ക്ക് എഴുത്ത് എഴുതി. എന്നാൽ അവിടെ കുർബ്ബാന നടന്നില്ലാ എന്നു മാത്രമല്ല, പകരം ആ പള്ളി വികാരി രാജി വെക്കുകയാണ് ചെയ്തത്. ഒരു പുരോഹിതന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വം/primary duty ആണ് വിശ്വാസികൾക്കു വേണ്ടി വി. കുർബ്ബാന അർപ്പിക്കുക എന്നുള്ളത്. എന്നാൽ ബഹു. മേപ്പുറത്ത് അച്ചനും അഭി. സിൽവാനോസ് മെത്രാച്ചനും അതിന് കഴിയാതെ പോയി.

കാര്യങ്ങൾ ഇങ്ങനെ നിൽക്കെ, ഉത്തരവാദിത്വമുള്ള സമുദായ മെത്രാപ്പോലീത്ത എന്ന നിലയിൽ അഭി. സേവേറിയോസ് തിരുമേനി അമേരിക്കയിലുള്ള  മൂന്നു വൈദികർക്ക്, ചിക്കാഗോ പള്ളിയിലെ ഇടവക ജനങ്ങളുടെ ആത്മീയ ആവശ്യങ്ങൾ നടത്തി കൊടുക്കണം എന്ന് കാണിച്ച് കല്പന കൊടുത്തു. അതനുസരിച്ച് അമേരിക്കയിൽ ഉണ്ടായിരുന്ന രണ്ടു വൈദികർ ആ ദൈവാലയത്തിൽ പോയി ശനിയാഴ്ചകളിൽ വി. കുർബ്ബാന അർപ്പിക്കുകയും, ആത്മീയ ആവശ്യങ്ങൾ നിർവഹിച്ചു കൊടുക്കുകയും ചെയ്തു.

സമുദായ മെത്രാപ്പോലീത്തയുടെ കല്പന അനുസരിച്ച് ബഹുമാനപ്പെട്ട വൈദികർ ആ ദൈവാലയത്തിലെ ആത്മീയ ആവശ്യങ്ങൾ നടത്തി കൊടുത്തതിന് സിൽവാനോസ് തിരുമേനി അവർക്ക് ഷോക്കോസ് നോട്ടീസ് അയച്ചു. ക്നാനായ സമുദായ ഭരണഘടന അനുസരിച്ച് സിൽവാനോസ് തിരുമേനിയ്ക്ക് അതിന് യാതൊരു അധികാരവുമില്ല. അതിനുള്ള അധികാരം സമുദായ മെത്രാപ്പോലീത്തായ്ക്ക് മാത്രമേ ഉള്ളൂ. എന്നിട്ടും അവിടെ, ചിക്കാഗോ ദൈവാലയത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ച വൈദികർക്ക് വീണ്ടും ഫെബ്രുവരി ഏഴാം തീയതി സിൽവാനോസ് തിരുമേനി ഒരു എഴുത്ത് അയച്ചു. ജനുവരി 26-ാം തീയതി കൂടിയ മെത്രാൻ കൗൺസിൽ തീരുമാനം അനുസരിച്ച് ഞാൻ നിങ്ങളെ സസ്പെൻഡ് ചെയ്തിരിക്കുന്നു എന്നാണ് അതിൽ പറഞ്ഞിരുന്നത്.

2003 ഭരണഘടന അനുസരിച്ച് സമുദായം ഭരിക്കപ്പെടണമെന്ന് ബ.കേരള ഹൈക്കോടതിയുടെ  ഓർഡർ നിലവിലുള്ളപ്പോൾ എങ്ങനെ നിലവിൽ ഇല്ലാത്ത മെത്രാൻ കൗൺസിൽ കൂടുവാൻ സാധിക്കും. അതു മാത്രവുമല്ല, സമുദായ മെത്രാപ്പോലീത്ത ഇല്ലാതെ മെത്രാൻ  കൗൺസിൽ കൂടുവാൻ സാധിക്കുമോ? അങ്ങനെ കൂടിയാൽ അതിനു നിയമ സാധ്യത ഉണ്ടോ?

സമുദായ ഭരണഘടന 96(a) പ്രകാരം വൈദികരുടെമേൽ നടപടി എടുക്കുവാൻ സമുദായ മെത്രാപ്പോലീത്തായ്ക്ക് മാത്രമേ അധികാരമുള്ളു.

സമുദായ മെത്രാപ്പോലീത്തയുടെ കല്പനയനുസരിച്ച് ഇടവക ജനത്തിന് ദിവ്യബലി ഉൾപ്പെടെയുള്ള ആത്മീയ ആവശ്യം നിറവേറ്റി കൊടുത്ത വൈദികരെ സസ്പെൻഡ് ചെയ്യുക എന്ന് പറഞ്ഞാൽ സമുദായ ജനം അംഗീകരിക്കില്ല. സസ്പെൻഡ് ചെയ്യപ്പെട്ട വൈദിക ശ്രേഷ്ഠർ തന്നെ പിന്നെ വന്ന ഞായറാഴ്ച ആ ദൈവാലയത്തിൽ വി. കുർബ്ബാന ചൊല്ലി എന്നത് നാം കണ്ടില്ല എന്ന് നടിക്കരുത്. ഇതിന് ബാഹ്യ ഇടപെടലുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കണം. സമുദായ ജനത്തിന്റെ ആത്മീയ ആവശ്യം നിറവേറ്റി കൊടുക്കുവാൻ വൈദികരും മെത്രാപ്പോലീത്താമാരും കടപ്പെട്ടവരാണ്. ഇവിടെ സംഭവിച്ചിരിക്കുന്നത് വളരെ ഗൗരവമുള്ള സംഗതിയാണ്. വി. കുർബ്ബാന ചൊല്ലിയാൽ നടപടി എടുക്കും എന്നുള്ളതും, കുർബ്ബാന ചൊല്ലാതെ മാറി നിൽക്കുന്ന വൈദികരെ സംരക്ഷിക്കുന്നതും ഒരു  അസാധാരണ സംഭവമാണ്. സമുദായ ജനത്തിന്റെ ആത്മീയ ആവശ്യം നിറവേറ്റുന്നതിനുവേണ്ടിയാണ് പള്ളിയും പട്ടക്കാരും മേൽപ്പട്ടക്കാരും എന്നുള്ളത് പൗരോഹിത്യ ഗണത്തിൽ ഉള്ള എല്ലാവരും മനസ്സിലാക്കണം. അതിനു വേറെ ന്യായാന്യായങ്ങൾ പറഞ്ഞാൽ ജനം അംഗീകരിക്കുകയില്ല എന്ന് അമേരിക്കയിൽ തെളിഞ്ഞു കഴിഞ്ഞു

ഈ കാര്യങ്ങൾക്ക് ശേഷം ഫെബ്രുവരി 16-ാം തീയതി പരി. പാത്രിയർക്കീസ് ബാവായുടെ സെക്രട്ടറി അഭി. ക്രിസ്റ്റോഫോറസ് തിരുമേനിയുടെതായി ഒരു കല്പന സമുദായ ഓഫീസിൽ ലഭിക്കുകയുണ്ടായി. 19-ാം തീയതി ഞായറാഴ്ചയ്ക്ക് മുമ്പായി സമുദായത്തിലെ നാല് തിരുമേനിമാരും ബാവയുടെ സെക്രട്ടറി  തിരുമേനിയുമായി മീറ്റിംഗ്കൂടി അമേരിക്കൻ വിഷയം പരിഹരിക്കണമെന്ന് പരി. പാത്രിയർക്കീസ് ബാവായുടെ നിർദ്ദേശപ്രകാരമാണ് ഈ കല്പന എന്നും

അതിൽ പറഞ്ഞിരുന്നു. 17,18,19 തീയതികളിൽ അഭി. സമുദായ മെത്രാപ്പോലീത്തായ്ക്ക് നേരത്തെ ഏറ്റിരുന്ന പരിപാടികൾ എറണാകുളത്തും കോഴിക്കോട്ടും മറ്റും ഉണ്ടായിരുന്നതിനാൽ ഞായറാഴ്ചയ്ക്ക് മുമ്പ് മേൽപ്പറഞ്ഞ മീറ്റിംഗ് കൂടുവാൻ സാധിച്ചില്ല. ബാവായുടെ സെക്രട്ടറിയുമായി ആലോചിച്ച്, 22-ാം തീയതി ബുധനാഴ്ച മീറ്റിംഗ് കൂടുന്നതിന് നിശ്ചയിച്ചു എങ്കിലും ഇതിനിടയിൽ 18-ാം തീയതി പരി. ബാവായുടെ കല്പന വന്നു. വൈദികരുടെ സസ്പെൻഷൻ പരി. ബാവാ കൺഫേം ചെയ്തിരിക്കുന്നു എന്നായിരുന്നു കല്പനയുടെ ഉള്ളടക്കം. പിന്നീട് 22-ാം തീയതി മെത്രാൻമാരും ആയിട്ടുള്ള മീറ്റിംഗ് നടന്നില്ല. ഇതിൽ നിന്നും ഒന്ന് മനസ്സിലാക്കുക. ജനങ്ങളുടെ ആത്മീയ ആഹാരമായ വി. കുർബ്ബാനയ്ക്ക് ആരു തടസ്സം നിന്നാലും അത് ജനങ്ങൾ അംഗീകരിക്കില്ല എന്ന കാര്യം.

നാട്ടിൽനിന്നും അമേരിക്കയിൽ തിരിച്ചെത്തിയ വെരി.റവ. പ്രസാദ് കോവൂർ കോറെപ്പിസ്ക്കോപ്പ സമുദായ മെത്രാപ്പാലീത്തായുടെ കല്പന പ്രകാരം അമേരിക്കയിലെ ചിക്കാഗോ ദൈവാലയത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. അക്കാരണത്താൽ അദ്ദേഹത്തിന് അമേരിക്കയിലുള്ള സിൽവാനോസ് മെത്രാച്ചൻ ഷോക്കോസ് നോട്ടീസ് കൊടുത്തിരിക്കുകയാണ്. ആയതിന് മറുപടിയും വന്ദ്യ കോറെപ്പിസ്കോപ്പാ അച്ചൻ സമുദായ മെത്രാപ്പോലീത്ത ഉൾപ്പെടെ മറ്റു മെത്രാന്മാർക്കും പരി. ബാവായ്ക്കും കോപ്പിയും കൊടുത്തിട്ടുണ്ട്. പ്രിയപ്പെട്ടവരെ വി. കുർബ്ബാന ചൊല്ലുന്ന വൈദികരുടെ മേൽ നടപടിയെടുക്കുന്നതിനോട് ക്നാനായ കമ്മറ്റിയും വൈദിക കൗൺസിലും യോജിക്കുന്നില്ല എന്ന് ഓർമ്മിപ്പിക്കട്ടെ.

ഈ നടപടികൾക്കെതിരെ അമേരിക്കയിൽ ക്നാനായ സമുദായത്തിന് 12 ദൈവാലയങ്ങൾ ഉള്ളതിൽ 8 ദൈവാലയങ്ങൾ പരസ്യമായി പ്രതിഷേധിക്കുകയും, അവരുടെ പ്രതിഷേധം സോഷ്യൽ മീഡിയയിൽകൂടി സമുദായ ജനത്തിനെ അറിയിക്കുകയുമുണ്ടായി എന്നുള്ളത് വളരെ ഗൗരവമേറിയ കാര്യമാണ്.

അമേരിക്കയിലെ ഡിട്രറോയിറ്റ് പള്ളിയിൽ വി. കുർബ്ബാന അർപ്പിക്കുന്നതിന് നാട്ടിൽ നിന്നും ഒരു യുവവൈദികന്റെ ആവശ്യപ്രകാരം ആ പള്ളിക്കാർ R1 വിസ എടുത്തു കൊടുക്കുകയും ആയതിന് പള്ളിയുടെ ഏതാണ്ട് 15 ലക്ഷം രൂപ മുടക്കി അമേരിക്കയിൽ അദ്ദേഹത്തെ എത്തിക്കുകയും എത്തി കഴിഞ്ഞ് പള്ളിയിൽ ചെല്ലാതെ വേറെ എവിടെയോ താമസിക്കുന്നു എന്നും അറിയുന്നു. കുറഞ്ഞപക്ഷം ആ ദൈവാലയത്തിന് ചിലവായ തുകയെങ്കിലും തിരിച്ചു കൊടുക്കുവാൻ അദ്ദേഹം ബാധ്യസ്ഥനാണ് എന്നതിൽ സംശയമില്ല.

ക്നാനായ കമ്മറ്റി ഈ കാര്യങ്ങളിലും മറ്റു കാര്യങ്ങളിലും കമ്മറ്റിയുടെ നിലപാടുകൾ പരസ്യമായി തന്നെ വ്യക്തമാക്കിക്കൊണ്ടിരിക്കുകയാണ്. ക്നാനായ സമുദായ ഭരണഘടനയ്ക്ക് മുഖ്യപ്രാധാന്യം കൊടുത്തുകൊണ്ടു മാത്രമേ സമുദായത്തിന് മുൻപോട്ട് പോകുവാൻ സാധിക്കുകയുള്ളൂ. ഭരണഘടന അസ്ഥിരപ്പെടുത്തിയാൽ യാക്കോബായ സഭയ്ക്ക് ഉണ്ടായ അനുഭവം നമുക്കും ഉണ്ടാകുമെന്ന് ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തട്ടെ. സമുദായത്തിന് എന്നും അന്ത്യോഖ്യാ സിംഹാസനത്തോട് കൂറും ബന്ധവും ഉണ്ട്. അത് ഭരണഘടനയ്ക്ക് അനുസൃതമായിരിക്കണമെന്ന്മാത്രം

കഴിഞ്ഞ ദിവസം സമുദായത്തിലെ മൂന്നു സഹായ മെത്രാന്മാർ സോഷ്യൽ മീഡിയയിൽകൂടി പരസ്യമായി ക്നാനായ കമ്മറ്റിക്കുവേണ്ടി ക്നാനായ ദീപത്തിൽ എഴുതുന്ന സമുദായ വാർത്തകളെക്കുറിച്ചും, സഹായ മെത്രാന്മാരെ സമുദായം നടത്തുന്ന പരിപാടികളിൽ ക്ഷണിക്കാത്തതിനെക്കുറിച്ചും, മറ്റു പല കാര്യങ്ങളെക്കുറിച്ചും വിശദീകരിക്കുകയുണ്ടായി. അത് വാസ്തവങ്ങൾക്ക് വിരുദ്ധമാണ്. ക്നാനായ ദീപത്തിൽ സുതാര്യമായും സത്യസന്ധമായും മാത്രമാണ് സമുദായ വാർത്തകൾ എഴുതുന്നത്. സമുദായ പരിപാടികളിൽ സഹായ മെത്രാമാരെ വിളിക്കാതെ ഇരിക്കുന്നതിന് തക്കതായ കാരണങ്ങളുണ്ട്. അത് കമ്മറ്റിയും സോഷ്യൽ മീഡിയയിൽകൂടി തന്നെ വിശദീകരിച്ചുകൊള്ളാം. സ്ഥലപരിമിതിമൂലം ഇവിടെ രേഖപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

കഴിഞ്ഞ ആഴ്ചകളിൽ തെങ്ങേലി പള്ളിയിൽ ക്നാനായ കമ്മറ്റി അംഗം ശ്രീ. സാബു കണ്ണാട്ടിപ്പുഴയ്ക്ക് എതിരായി അവിടുത്തെ വികാരി അച്ചൻ വിശുദ്ധ കുർബ്ബാനാനന്തരം പരസ്യമായി ആരോപണങ്ങൾ ഉന്നയിക്കുകയും, സാബുവിനെ ട്രസ്റ്റി സ്ഥാനത്തുനിന്നും അസോസ്സിയേഷൻ അംഗസ്ഥാനത്തിൽ നിന്നും മാറ്റുന്നതിന് പൊതുയോഗം വിളിച്ച് കൂട്ടുകയുണ്ടായി. രഹസ്യ വോട്ടെടുപ്പാണ് നടത്തിയത്. അതിന്റെ പ്രത്യേകത എന്താണെന്നാൽ, ബാലറ്റ് പേപ്പറിൽ “പള്ളിയ്ക്ക് ഒരു ഓട്ട്” “സാബുവിന് ഓരോട്ട്” എന്നെഴുതിയാണ് തെരഞ്ഞെടുപ്പ് നടത്തിയത്. ഇങ്ങനെ ഒരു ബാലറ്റ് പേപ്പർ ലോകത്തിൽ മറ്റെവിടെയെങ്കിലും കണ്ടിട്ടുണ്ടോ? എത്ര നിന്ദ്യവും നീചവുമായ പ്രവൃത്തി ആയിരുന്നു അത്. ട്രസ്റ്റി കാലാവധി അവസാനിക്കാൻ കഷ്ടിച്ച് ഒരു മാസവും, അസ്സോസിയേഷൻ കാലാവധി അവസാനിക്കാൻ ഏഴുമാസവും മാത്രം ബാക്കി ഉള്ളപ്പോഴാണ് ഇങ്ങനെ ക്നാനായ കമ്മിറ്റി അംഗത്തെ പരസ്യമായി അപമാനിക്കാൻ ശ്രമിച്ചത്. ഏതായാലും ഇടവകയോഗം അച്ചന്റെ നിലപാടിനെ തള്ളിക്കളയുകയാണുണ്ടായത്. സാബു കണ്ണാട്ടിപ്പുഴ വൻ ഭൂരിപക്ഷത്തോടെ ജയിച്ചു. ഇങ്ങനെയുള്ള കാര്യങ്ങളിൽ അനാവശ്യമായി ദേവാലയത്തെ ഒരു ഭാഗത്തും ക്നാനായ കമ്മറ്റി അംഗത്തെ മറുഭാഗത്തും ആക്കി തിരിക്കുന്നതിനോട് ക്നാനായ കമ്മിറ്റി ഒരിക്കലും യോജിക്കുന്നില്ല എന്ന് മാത്രമല്ല കമ്മിറ്റിയുടെ പ്രതിഷേധം അറിയിക്കുകയും ചെയ്യുന്നു.

പ്രിയപ്പെട്ടവരെ ഈ മാസവും സമുദായത്തെ പ്രതിയാക്കി പുതിയ നാല് കേസുകൾ കേരള ഹൈക്കോടതിയിൽ നിന്നും സമുദായത്തിന് നോട്ടീസ് ലഭിച്ചിരിക്കുകയാണ്

ഈ കാര്യങ്ങൾക്ക് ഇടയിലും തോട്ടക്കാട് കോളേജിന്റെ വർക്കുകൾ വളരെ വേഗത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. അതോടൊപ്പം ഓതറ ഫാർമസി കോളേജിൽ പുതിയ അക്കാദമിക് ബ്ലോക്കിന്റെ പണികളും വളരെ വേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

സമുദായത്തിലെ ഭവനരഹിതരായ സാധുക്കൾക്ക് വീട് നിർമ്മിച്ചുകൊടുക്കുന്നതിന്റെ ഭാഗമായി റാന്നിയിൽ ആരംഭിക്കുന്ന സേവേറിയോസ് ഹൗസിംഗ് പ്രോജക്ട് അടുത്ത മാസം ആരംഭിക്കുവാൻ ദൈവത്തിൽ ശരണപ്പെടുന്നു.

വീണ്ടും ഞങ്ങൾ ഞങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുന്നു. സമുദായത്തിലെ വിഷയങ്ങൾ അവസാനിപ്പിക്കുവാൻ ഞങ്ങളാരുമായും ചർച്ചയ്ക്ക് തയ്യാറാണ്. സമുദായം ഒറ്റക്കെട്ടായി ഒത്തൊരുമയോട് പോകണമെന്നാണ് ക്നാനായ കമ്മറ്റിയുടെ ആഗ്രഹം. ദൈവം ആയതിന് ഇടയാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ക്നാനായ സമുദായ മാനേജിംഗ് കമ്മറ്റിക്കുവേണ്ടി
സമുദായ സെക്രട്ടറി
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

# ഓർമ്മയിൽ നിന്ന് ഒരു തിരിച്ചറിവ്

പ്രൊഫ. ഡോ. അന്നാമ്മ ജേക്കബ്, മള്ളുശ്ശേരിൽ, റാന്നി (മോളി ടീച്ചർ)

സന്ധ്യാപ്രാർത്ഥനയ്ക്കിരിക്കുമ്പോൾ ചില ദിവസങ്ങളിൽ എന്റെ ഭർത്താവ് എന്നോട് പറഞ്ഞിട്ടുണ്ട് "കൂടെ പാർക്ക" എന്ന പാട്ടുപാടാൻ (Abide with me). എനിക്ക് വളരെ ഇഷ്ടമുള്ള ഒരു പാട്ടാണ് അത്. അദ്ദേഹത്തിനും വളരെ ഇഷ്ടമുള്ള പാട്ടാണ്. ഞങ്ങൾ ഒന്നിച്ചിരുന്ന് പാടുകയും ചെയ്തിട്ടുണ്ട്. സി.എസ്.ഐ സമൂഹത്തിന്റെ അതിമനോഹരമായ, അർത്ഥവത്തായ ഒരു ഗാനമാണ് "കൂടെ പാർക്ക" എന്ന പാട്ട്. അദ്ദേഹം കോട്ടയംകാരനായതുകൊണ്ടും സി.എസ്.ഐ. സഭാംഗങ്ങളുമായി അടുത്ത ബന്ധമുണ്ടായിരുന്നതുകൊണ്ടും, ആ പാട്ടുകളൊക്കെ ഹൃദിസ്ഥമായിരുന്നു.

എന്നെ സംബന്ധിച്ച് പറഞ്ഞാൽ ഞാൻ ഓർമ്മയായ കാലം തൊട്ട് കേട്ടുശീലിച്ചിട്ടുള്ള പാട്ടാണ് ഇത്. കാരണം കോട്ടയംകാരിയായിരുന്ന എന്റെ അമ്മച്ചി സൺഡേസ്കൂൾ പഠിച്ചതൊക്കെ കുട്ടിക്കാലത്ത് സി.എസ്.ഐ. പള്ളിയിലാണ് എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. അവിടുന്ന് ഇത്തരം പാട്ടുകളൊക്കെ മനസ്സിലാക്കി, തന്നെയല്ല നല്ലൊരു മധുര സ്വരത്തിന്റെ ഉടമയും, നന്നായിട്ട് ഈണം വശമാക്കാൻ കഴിവുള്ള ഒരു വ്യക്തിയായിരുന്നു എന്റെ അമ്മച്ചി. അതുകൊണ്ട് ഈ പാട്ടുകളൊക്കെ അമ്മച്ചിക്ക് ഹൃദിസ്ഥമായിരുന്നു. ഇതൊക്കെ കേട്ടുകേട്ടാണ് ഞങ്ങൾ മക്കളൊക്കെ വളർന്നത്. അതുകൊണ്ട് "കൂടെ പാർക്ക" എന്ന പാട്ടുപാടാൻ എന്നോട് പറഞ്ഞാൽ എനിക്ക് ഭയമൊന്നും തോന്നിയിട്ടില്ല. ഞങ്ങൾ രണ്ടുപേരും അത് പാടുമായിരുന്നു. ആദ്യസമയത്തൊക്കെ ഞങ്ങൾ രണ്ടുപേരും അതു പാടിയപ്പോൾ ഞാനതിന്റെ വാച്യാർത്ഥം മാത്രമേ എടുത്തുള്ളു. വാച്യാർത്ഥം മാത്രമെടുത്തെങ്കിലും അതിന്റെ ഈണവും ചിട്ടപ്പെടുത്തലും പദസംഘടനയും ഒക്കെ ഞാൻ ശ്രദ്ധിച്ചിരുന്നു. പക്ഷേ അതിന്റെ വ്യംഗ്യാർത്ഥം ഞാൻ മനസ്സിലാക്കിയിരുന്നില്ല. കുറെ നാൾ കഴിഞ്ഞപ്പോളാണ് അതിന്റെ വ്യംഗ്യാർത്ഥം മനസ്സിലായത്. ഇപ്പോൾ അതിന്റെ വ്യംഗ്യാർത്ഥം മാത്രമേ എന്റെ മനസ്സിൽ പൊന്തി വരുന്നുള്ളു.

ഗാനത്തിന്റെ തുടക്കം ഇങ്ങനെയാണ്

കൂടെ പാർക്ക നേരം വൈകുന്നിതാ
കൂരിരുളേറുന്നു പാർക്ക ദേവാ
ആശ്രയം വേറില്ല നേരം തന്നിൽ
ആശ്രിത വത്സല കൂടെ പാർക്ക

സന്ധ്യയ്ക്ക് ഒറ്റയ്ക്ക് ഇരുന്ന് പ്രാർത്ഥിക്കുമ്പോൾ, പ്രാർത്ഥനയ്ക്ക് മുമ്പും പിമ്പും പിന്നെ എനിക്ക് അവസരം കിട്ടുമ്പോഴൊക്കെ, സന്ധ്യാവേളകളിൽ, രാത്രി കാലങ്ങളിൽ ഞാൻ എന്റെ യേശുവിനോടു പറയും, കൂടെ പാർക്ക നേരം വൈകുന്നു, അവിടുന്നു കാണുന്നുവല്ലോ. ആശ്രിത വത്സലനെ, നീയല്ലാതെ മറ്റാരും എനിക്കിനിയില്ല. ഭൗതീക ലോകത്തിൽ ഞാൻ ജീവിക്കുമ്പോൾ ഇരുട്ടിനെ, ഏകാന്തതയെ, പ്രതിസന്ധികളെ, സകല തരത്തിലുള്ള ശത്രുക്കളെ, മാനുഷിക ശക്തികളെ, നാരകീയ ശക്തികളെ, പൈശാചിക ശക്തികളെ ഒക്കെ ഞാൻ ഭയപ്പെടുന്നു. അതെല്ലാം എന്റെ മുമ്പിൽ കൂരിരുട്ടാണ്. അതുകൊണ്ട് വെളിച്ചമാകുന്ന നീ എന്റെ കൂടെ പാർക്ക. അവിടുന്നു മാത്രമാണ് എനിക്ക് ഏറ്റവും ആശ്രയമായിട്ടുള്ളത്. ഈ പാട്ടൊന്ന് പാടിക്കഴിയുമ്പോൾ മനസ്സിന് ആവശ്യമായ ഒരു ധൈര്യമാണ്. ഈ ഗാനത്തിന്റെ തുടർന്നുള്ള വരികളും അതിമനോഹരമാണ്.

ഇനി മറ്റൊരു വസ്തുത, ഇപ്പോൾ ഞാൻ ജീവിത സായാഹ്നത്തിലാണ്. ആദികാലം മുതലേ എന്റെ രക്ഷകനായ യേശുവേ അങ്ങയുടെ കാരുണ്യം ഞാൻ അറിഞ്ഞിരുന്നു. അങ്ങയെ ഞാൻ ആദരിച്ചിരുന്നു, ആരാധിച്ചിരുന്നു. പക്ഷെ പൂർണ്ണമനസ്സോടുകൂടി പലപ്പോഴും അങ്ങയോട് നീതി പുലർത്തിയിട്ടില്ല. എന്നാൽ ഇപ്പോൾ ഞാൻ അറിയുന്നു. സായാഹ്നത്തിന്റെ മനോഹാരിതയും കഴിഞ്ഞ് രാത്രിയുടെ കറുത്ത ചായത്തിലേക്ക് ഞാൻ മാറിത്തുടങ്ങും. ആ കറുത്ത ചായം തുടച്ചുമാറ്റാൻ എന്നെക്കൊണ്ടാവില്ല. എന്റെ രക്ഷകനുമാത്രമേ അതിനു കഴിയു. ആ ഇരുട്ടിൽ നിന്നും എനിക്കു പുറത്തുവരണം. എന്റെ വലതുകരം പിടിച്ച് എന്നെ മുമ്പോട്ടു നടത്തണമേ എന്ന് പ്രാർത്ഥിക്കുന്നു.

വി. വേദപുസ്തകത്തിലെ മൊഴിമുത്തുകൾ ഓരോന്നും ഓരോ തരത്തിൽ എന്നെ സ്വാധീനിച്ചിട്ടുണ്ട്. ആകർഷിച്ചിട്ടുണ്ട്. 94–ാം സങ്കീർത്തനം 17,18,19 വാക്യങ്ങൾ ശ്രദ്ധിക്കുക. അതിൽതന്നെ 18–ാം വാക്യം ഞാൻ അറിഞ്ഞോ അറിയാതെയോ ഉരുവിടാറുള്ള ഒരു വാക്യമാണ്.

"എന്റെ കാൽ വഴുതുന്നു എന്നു ഞാൻ പറഞ്ഞപ്പോൾ
യഹോവേ, നിന്റെ ദയ എന്നെ താങ്ങി"

അല്പം ഭൗതീകതയുടെ ആലങ്കാരികതയോടെയാണ് ഞാൻ ഈ വചനം വിശകലനം ചെയ്യുന്നതും, എന്റെ സ്വന്തം ജീവിതത്തോടു ചേർത്തുവയ്ക്കുന്നതും. അത് എനിക്ക് ഏറെ ആശ്വാസകരമായിത്തീരുന്നു. യാഥാർത്ഥ്യ ജീവിതത്തിലെ ഒരു യാത്ര. അത് രസകരമായ ഒരു വിനോദയാത്രയാണെങ്കിൽപോലും ദുർഘടമായ പാതയിലൂടെ ചിലപ്പോൾ നടക്കേണ്ടിവന്നിട്ടുണ്ട്. പലപ്പോഴും എന്റെ കാലുകൾ ഇടറിയിട്ടുണ്ട്. എന്റെ കാൽ വഴുതുന്നു; ഇനി നടന്നാൽ ഞാൻ വീണുപോകും, ഞാൻ ഇനി മുമ്പോട്ടില്ല എന്ന് എന്റെ ജീവിതസഖിയോടു പറഞ്ഞിട്ടുണ്ട്. "മനോഹര കാഴ്ചകൾ കാണാം" എന്ന പ്രലോഭനവാക്കുകൾ പറഞ്ഞാൽ പോലും എനിക്കതു കാണേണ്ട എന്നു ശാഠ്യം പിടിക്കുമ്പോൾ എന്റെ കയ്യിൽ പിടിച്ച് താങ്ങി നടത്തിയിട്ടുണ്ട്. അത് ഭൗതികാനുഭവം- ജീവിതാനുഭവം!

ഇന്ന് യാഥാർത്ഥ്യത്തോടു പൊരുത്തപ്പെടാൻ നന്നേ പൊരുതുന്നു. മുന്നേറാനുള്ള ജീവിത പാതയിൽ, എന്റെ കാൽ വഴുതുന്നു എന്നു പഴയ മനോഭാവത്തോടെ അറിയാതെ പറഞ്ഞുപോകുന്നു. എന്റെ ശാശ്വത ജീവിതസഖീ, എന്റെ രക്ഷകനായ യേശു സ്നേഹത്തോടെ, കരുതലോടെ, ദയയോടെ എന്റെ കൈകൾ പിടിച്ച് എന്നെ താങ്ങി നടത്തുന്നു. ഇത് എന്റെ പച്ചയായ ജീവിതാനുഭവമാണ്. "കൂടെ പാർക്ക" എന്ന ഗാനത്തിന്റെ പൊരുൾ എന്നിൽ നിറയ്ക്കുന്നതിനും, ഒരു സത്യവിശ്വാസത്തിൽ എന്നെക്കൊണ്ടെത്തിക്കുന്നതിനും ഉള്ള ഒരു പരിശീലനമല്ലേ എനിക്ക് അദ്ദേഹം (എന്റെ ജീവിതസഖീ) ജീവിച്ചിരുന്നപ്പോൾ നൽകിയതെന്ന് ഇപ്പോൾ ഓർമ്മിച്ചു പോകുന്നു. ആ ഓർമ്മയിൽനിന്ന് എനിക്കുണ്ടായ ഒരു തിരിച്ചറിവ് ഏറ്റവും അമൂല്യമാണ്.

നിത്യതയിൽ എത്തുവോളം എന്റെ യേശു എന്നോടൊപ്പം പാർക്കുകയും എന്നെ സംരക്ഷിച്ച് അനുഗ്രഹിക്കുകയും ചെയ്യുമെന്നുള്ള ഒരു തിരിച്ചറിവ് വൈകിയ വേളയിലാണെങ്കിലും എനിക്കു ലഭിച്ചതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ഇങ്ങനെ ഒരു തിരിച്ചറിവ് എന്നേക്കാൾ പതിന്മടങ്ങ് ശക്തമായിട്ടുള്ള അനേകർ ഉണ്ടെന്ന് എനിക്കറിയാം. ആ ശ്രേഷ്ഠജനങ്ങൾക്ക് എന്റെ നാമോവാകം!

കവിത

# അഹങ്കാരം

**ജയ്നമ്മ മർക്കോസ്**
**നടുവിലേപറമ്പിൽ, കുഴിമറ്റം**

അഹങ്കാരിയെ ദൈവം വെറുത്തിടുന്നു
ലോകം വെറുക്കുന്നു രാജ്യം എതിർക്കുന്നു
കഷ്ടത്തിൻ കണ്ണീർ കുടിച്ചുകൊണ്ട്
നാശം വിതയ്ക്കും തിട്ടമല്ലോ
അഹങ്കാരത്തിൻ ഫലം ഓർത്തിടുക
അഹങ്കാരത്തിൻ പുല്ലു തിന്നൊരു രാജാവും
സാത്താനായി മാറിയ മാലാഖ കൂട്ടവും
സാക്ഷിയായി മുന്നിൽ കാണുന്നില്ലേ
തൻപ്രിയ മക്കളിൽ എന്നും വസിക്കാൻ
അപ്പമായി തീരാൻ കഴിയുമെന്ന്
അപ്പം പെരുപ്പിച്ചും ആഴിയ്ക്കു മീതേ നടന്നു കൊണ്ടും
തൻപ്രിയ മക്കളെ ബോധ്യമാക്കി
യേശു തൻ മക്കളെ വീണ്ടെടുക്കാനായി
ചങ്കിലെ ചോര ഊറ്റിക്കൊടുത്ത്
ക്രൂശിൽ യാഗമായി തീർന്നതുപോലും
അപ്പമായി തീരാൻ വേണ്ടിയാണ്
ജാഗ്രതയോടെ ഈശനെ തേടി
ദിവ്യബലിയിൽ പങ്കു ചേർന്ന്
യോഗ്യതയോടെ അപ്പം ഭക്ഷിച്ചു
യേശുവോടൊത്തു യാത്ര ചെയ്യൂ
അനുഗ്രഹമുള്ളോൻ വിത്തെറിഞ്ഞാൽ
100 മേനി ഫലം ഭൂമി തരും
ശാപമുള്ളവൻ വിത്തെറിഞ്ഞാൽ
ഫലം ഒട്ടും നൽകാതെ ഭൂമി കരയും
കുടുംബ പ്രാർത്ഥനയാൽ വേലികെട്ടി
തലമുറയെ കാത്തു സൂക്ഷിക്കുവിൻ
ചൊല്ലും ചോറും കൊടുത്തുകൊണ്ട്
ധീരരാം മക്കളെ വാർത്തെടുക്കൂ!
പാപങ്ങൾക്കെല്ലാം അടിസ്ഥാനം
അഹങ്കാരം തന്നെ ആയിടുന്നു
സത്യത്തെ മുറുകെ പിടിച്ചിടുകിൽ
ആത്മാവിൻ ശക്തി ലഭിച്ചിടുമേ
ഐഹിക നേട്ടം തിരിച്ചെടുക്കാം
യേശുവേ മാത്രം തിരിച്ചെടുക്കില്ല
ഐഹിക ജീവിതം ധന്യമാകാൻ
കാൽവറി നാഥാ കടന്നു വരൂ!
പറുദീസാ കൈവിട്ട ആദാമും
പറുദീസ നേടിയ കള്ളനും
നമ്മെ വിളിച്ചു ഓതിടുന്നു
നേരും നെറിയായി ജീവിച്ചീടാൻ
ഭരണാധിപനാം കർത്തനേശു
ദൈവത്തിൽ നിന്നകലുന്ന മക്കളെ
ദുഷ്ടന്റെ കയ്യിൽ ഏല്പിച്ചുകൊണ്ട്
തന്നുടെ വരിധിയിലാക്കിടുമേ
ആ, സത്യം നമ്മൾ തിരിച്ചറിഞ്ഞു
ക്ഷമ ചൊല്ലി കർത്തനെ വാഴ്ത്തീടുക
അഹങ്കാരത്തോടു 'വിട' പറയാൻ
കർത്തനെ നിൻകൃപ എന്നിലൊഴുക്കൂ!
ആശയുണ്ട് യേശുവിന് സ്വന്തമാകാൻ
ആക്കമില്ല ഈശനെ ശുദ്ധമാകാൻ
നിന്നുടെ ശക്തി എന്നിൽ നിറഞ്ഞാൽ
ഞാൻ, നിന്റെ കാന്തയായി നിന്നീടുമേ.

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

സ്നേഹവും അവിടുന്ന് കൈവിടുന്നില്ല. പഴയനിയമത്തിൽ യഹോവയുടെ കല്പനപ്രകാരം കുഞ്ഞാടിനെ പെസഹാ ദിനത്തിൽ യാഗമായി സമർപ്പിച്ച് അതിന്റെ രക്തം ഈസോപ്പ് തണ്ടുകൊണ്ട് കട്ടിളപ്പടിയിൽ പുരട്ടിയ യിസ്രായേൽ മക്കൾ ഫറവോന്റെ അടിമത്വത്തിൽ നിന്ന് രക്ഷപെട്ടു. അതുപോലെ വി. യോഹന്നാൻ 1:29 ലും 1:36 ലും യേശുവിനെ ചിത്രീകരിക്കുന്നത് ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവകുഞ്ഞാട് എന്നാണ്. ലോകത്തിന് മുഴുവൻ പാപ അടിമത്വത്തിൽ നിന്ന് വിമോചനം നൽകുന്ന യേശു പഴയ നിയമത്തിലെ പെസഹാ കുഞ്ഞാടിനെപ്പോലെ, പുതിയനിയമത്തിലെ പെസഹാ കുഞ്ഞാടായി. യേശു കുരിശിൽ പിതാവിന്റെ ഹിതം നിറവേറ്റിയത് സ്വമേധയാ അത് തന്നിലൂടെ നിറവേറ്റുവാനുള്ള സന്നദ്ധതയോടെയാണ്. വലിയവെള്ളി നാം ആചരിക്കുന്നതിലൂടെ നമുക്കുവേണ്ടി സഹനങ്ങൾ ഏറ്റ ക്രിസ്തുവിനെ നാം ധ്യാനിക്കുന്നതോടൊപ്പം നമ്മുടെ ജീവിതത്തിലും പ്രതിസന്ധികളിലും പ്രയാസങ്ങളിലും രോഗങ്ങളിലും ഇത് ദൈവഹിതമാണെന്ന് തിരിച്ചറിഞ്ഞ് ദൈവസന്നിധിയിലേയ്ക്ക് നമ്മെ സമർപ്പിക്കുവാൻ ഇടയാകണം.

ഈസ്റ്ററിനെ തുടർന്ന് വേനൽ അവധി സമയത്ത് പല സ്ഥലങ്ങളിലും മുൻ വർഷങ്ങളിലെപ്പോലെ വി.ബി.എസ്. ക്രമീകരിക്കുന്നു എന്ന് അറിയുവാൻ സാധിച്ചു. എല്ലാ പ്രവർത്തനങ്ങളിലും ദൈവാനുഗ്രഹം ഉണ്ടാകട്ടെ. മാതാപിതാക്കൾ മുൻകൈ എടുത്ത് നമ്മുടെ എല്ലാ കുട്ടികളെയും അതിൽ സംബന്ധിപ്പിക്കുവാൻ ശ്രമിക്കണം. ഈ പ്രവർത്തനങ്ങളിലൂടെയും, സൺഡേസ്ക്കൂൾ പ്രവർത്തനങ്ങളിലൂടെയും നമ്മുടെ തലമുറകളെല്ലാം ദൈവമുള്ളവരായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ അതിഭദ്രാസനത്തിൽ രണ്ടു നവവൈദികരെ കൂടി നമുക്ക് ലഭിച്ചു എന്ന സന്തോഷവാർത്ത അറിയിക്കട്ടെ. അവർക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. ദൈവിക ശുശ്രൂഷ ലാഭേച്ഛ കൂടാതെ നിവൃത്തിക്കുവാനും പരിശുദ്ധാത്മാവിനാൽ വിളിക്കപ്പെട്ടതനുസരിച്ച് പ്രവർത്തിക്കുവാനും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാ അനുഗ്രഹങ്ങളും നേരുന്നു.

എല്ലാവർക്കും സന്തോഷപ്രദമായ ഈസ്റ്റർ മംഗളാശംസകൾ നേരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

**സേവേറിയോസ് കുറിയാക്കോസ്**
**സമുദായ മെത്രാപ്പോലീത്ത**

**ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ**

**1678 –ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം**

**2023 മെയ് 12, 13, 14**
**(വെള്ളി, ശനി, ഞായർ) തീയതികളിൽ**
**കുറിച്ചി മാർ ഇഗ്നാത്തിയോസ് ക്നാനായ ദേവാലയത്തിൽ**
**ഏവർക്കും സ്വാഗതം**

# നാം സമയം നോക്കുന്നു സമയം നമ്മേ നോക്കുന്നില്ല

അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്

താനെന്നും ഒരുപോലെയാണെന്നും ഒരു മാറ്റത്തിനും വിധേയനാകുന്നില്ലെന്നും സ്വയം വിശ്വസിക്കാനും മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാനുമാണ് ഇന്നു മനുഷ്യൻ ആഗ്രഹിക്കുന്നത് ശരീരത്തിൽ നാം നടത്തുന്ന ഓരോ അലങ്കാരപണിയും മാറ്റങ്ങൾ അംഗീകരിക്കാൻ മനസ്സില്ലാത്തതുകൊണ്ടാണല്ലോ. മരിച്ചു കഴിഞ്ഞുള്ള ജീവിതത്തെ ഭയക്കുന്ന ഒരാൾ ദൈവത്തോടു യാചിച്ചു മരിക്കുന്നതിനുമുമ്പേ എന്നെ ഒന്നറിയിക്കണമേ അറിയിച്ചശേഷമുള്ള കാലമെങ്കിലും ദൈവ കല്പന അനുസരിച്ച് ജീവിക്കാമല്ലോ. ദൈവം ശരിവച്ചു തീർച്ചായയും അറിയിക്കാമല്ലോന്ന്. ദൈവം ഏതായാലും അറിയിക്കാമല്ലോന്നോർത്ത് വർഷങ്ങൾ സുഖമായി ജീവിച്ചു. അങ്ങനെയിരിക്കുമ്പോൾ മരണദൂതൻ കടന്നുവന്നു പോകാം സമയമായിയെന്ന് അറിയിച്ചു. അപ്പോൾ ഈ മനുഷ്യൻ പറഞ്ഞു ഞാനിപ്പോൾ വരുന്നില്ല ദൈവം മരണത്തിനു മുമ്പേ എന്നെ അറിയിച്ചിട്ടേ വരുകയുള്ളെന്ന് പറഞ്ഞിട്ടുണ്ടെന്ന് മരണദൂതൻ പറഞ്ഞു ആഹാ കോള്ളാമല്ലോ എത്ര പ്രാവശ്യം അറിയിപ്പുമായി വന്നു. ആദ്യം നിന്റെ മുടി നരച്ചു നീ അതു കറപ്പിച്ചു, കാഴ്ച മങ്ങി കണ്ണടവച്ചു. പല്ലു കൊഴിഞ്ഞു വെപ്പു പല്ലു വെപ്പിച്ചു. പല അസുഖങ്ങളും വന്നു നീ വലിയ ആശുപത്രികളിൽ ഒക്കെപോയി ചികിത്സിച്ചു. ഇനിയും നിനക്ക് ഒരു രക്ഷയുമില്ല ഒരു സെക്കന്റു താമസിക്കാൻ പറ്റില്ല പുറകെ നിന്നേപ്പോലെ ആൾക്കാർ ഊഴവും കാത്ത് ക്യൂവിൽ നിൽക്കുകയാണെന്ന്. ഇതു പണ്ടത്തെ കഥയാണ്. ഇന്ന് ഇതല്ല. ഇപ്പം തലമുടി വെളുക്കാനും, പല്ലു കൊഴിയാനും, കണ്ണു മങ്ങാനും ആശുപത്രിൽവരെ ചെന്നെത്താനുമുള്ള സമയം കിട്ടുന്നില്ല. മരണദൂതൻ പരിസരം നോക്കാതെ പിടിച്ചിറക്കിക്കൊണ്ടങ്ങു പോകുവാണെന്നുള്ളതു ഇന്നു നടക്കുന്ന മരണങ്ങൾ നമ്മേ ഓർപ്പിക്കുന്നു. ജനിച്ചു വീഴുന്ന കുഞ്ഞിനേയും വയസ്സായ അപ്പൂപ്പനേയും വേർകൃത്യമില്ലാതെ കാണുന്ന മരണ ദൂതൻ "ഈ നാളിൽ നിന്റെ സമാധാനത്തിനുള്ളത് നീയും അറിഞ്ഞു എങ്കിൽ കൊള്ളായിരുന്നു. ഇപ്പോഴോ അത് നിന്റെ കണ്ണിനു മറഞ്ഞിരിക്കുന്നു. (ലൂക്കോ. 19:41-42) സ്വാർത്ഥ താല്പര്യത്തിനുവേണ്ടി മനുഷ്യന്റെ വിശ്വാസത്തെ കച്ചവടമാക്കി ദൈവത്തെപോലും ലാഭ കണ്ണുക്കളോടെ നോക്കുന്ന ജനസമൂഹം. "പിന്നെ അവൻ ദൈവാലയത്തിൽ ചെന്നു വിൽക്കുന്നവരെ പുറത്താക്കിത്തുടങ്ങി എന്റെ ആലയം പ്രാർത്ഥനാലയം എന്നെഴുതിയിരിക്കുന്നു. (ലൂക്കോ. 19:45 -46) ദൈവാലയത്തിൽ ഇരുന്നു ലാഭനഷ്ടങ്ങളുടെ കണക്കു പറഞ്ഞതുകൊണ്ടാണ് ദൈവം ചാട്ടവാറെടുക്കേണ്ടി വന്നത്. കർത്താവു തന്നെ പറയുകയാണ് എന്റെ ആലയം കള്ളന്മാരുടെ ഗുഹയാക്കിയെന്ന്.

ഇന്ന് ആത്മീയ നേതാക്കന്മാരുടെ ഇടയിലാണ് സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടിയുള്ള മൽപിടുത്തം നടക്കുന്നത്. വഴി കാണിക്കേണ്ടവർ വഴി തെറ്റിക്കുന്നു. പറഞ്ഞുതരേണ്ടവൻ പറഞ്ഞു പറ്റിക്കുന്ന കാലം. ദൈവം ചാട്ടവാറെടുത്ത് ഓങ്ങികഴിഞ്ഞതിന്റെ ലക്ഷണം നാം ഇന്നു കണ്ടുകൊണ്ടിരിക്കുന്നത്. "ഭൂമിയുടെ അടിസ്ഥാനങ്ങൾ ഇളകുന്നു. ഭൂമി പൊടുപൊടെ പൊട്ടുന്നു. ഭൂമി കിടുങ്ങുന്നു. അതിന്റെ അകൃത്യം അതിന്മേൽ ഭാരമായിരിക്കുന്നു." (യെശ. 24:19").



എന്തെല്ലാം മുന്നറിയിപ്പുകൾ കിട്ടിയാലും ആരും ഒന്നും പഠിക്കുന്നില്ല. നമുക്കു ചുറ്റും നടക്കുന്ന ഓരോ മരണങ്ങളും നമുക്കുള്ള മുന്നറിയിപ്പുകളാണല്ലോ. മരിച്ചു കിടക്കുന്ന ഓരോ വ്യക്തിയും മൂകമായ ഭാഷയിൽ നമ്മളോടു പറയുന്നുണ്ട്. "ഇന്നു ഞാൻ നാളെ നീ"... ജീവിതം തന്നെ പാഠങ്ങളുടെ തുടർച്ചയാണല്ലോ ഓരോ വേർപാടും ഓരോ സന്ദേശമാണ്. ആളും അരങ്ങും ഉപേക്ഷിച്ച് ജീവിതത്തിന്റെ അവസാനവാതിലും കടന്ന് നാം ഒരിക്കൽ പടിയിറങ്ങും. പണ്ടൊക്കെയാണ് തലമുടി നരക്കുന്നതുവരെയുള്ള കാലാവധി ഇന്നു നമ്മുടെ കാലാവസ്ഥയ്ക്കും ജീവിത ശൈലിക്കും മാറ്റം വരുന്നതുപോലെതന്നെ ആയുസിന്റെ കാര്യത്തിലും മാറ്റം വന്നു തുടങ്ങിയിരിക്കുന്നു. ഒരുങ്ങുവാൻ താമസിക്കരുതേ സംഹാരദൂതൻ നിഴലുപോലെ കൂടെയുണ്ട്.

# വിവാഹിതരായി



Advt - R

ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി ഇടവകയിൽ വെട്ടിപ്പറമ്പിൽ ജോസഫിന്റെയും ജെയിനമ്മ ജോസഫിന്റെയും മകൻ **CA ജുഫിൻ ജോസഫും** റാന്നി ഒഴുവൻപാറ സെന്റ് ജോർജ് ക്നാനായ പള്ളി ഇടവകയിൽ മേലേൽ ജെയിംസ് കുട്ടിയുടെയും മിനി ജെയിംസിന്റെയും മകൾ **ജീഖ മറിയവും** തമ്മിലുള്ള വിവാഹം 16-01-2023-ൽ ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി യിൽ **ക്നാനായ സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി**യുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു.

## 50th Wedding Anniversary
### 26-02-2023



Advt - O

## P. C. Joy & Aleykutty Joy

**Mullanil House, Angamoozhy P. O**
**Seethathode, Pathanamthitta**

**ഇത്രത്തോളം യഹോവ സഹായിച്ചു ഇത്രത്തോളം ദൈവം നടത്തി**

With Regards From
**മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**

## പ്രിവിലേജ് കാർഡ് വിതരണം



സമുദായ മെത്രാപ്പോലീത്തയുടെയും സമുദായ നേതൃത്വത്തിന്റെയും ഇടപെടലിന്റെ ഫലമായി സമുദായത്തിലെ നമ്മുടെ വൈദിക ശ്രേഷ്ഠർക്കും കുടുംബാംഗങ്ങൾക്കും ബിലീവേഴ്സ് ഹോസ്പിറ്റലിൽ ഏതെങ്കിലും അവസരത്തിൽ ട്രീറ്റ്മെന്റ് ആവശ്യമായി വന്നാൽ വാർഡിൽ അഡ്മിറ്റ് ചെയ്യുന്നവർക്ക് 50% വരെയും, **Registration** ഫ്രീയായിട്ടും. **ICU, Emergency** തുടങ്ങിയവയ്ക്ക് 30 ശതമാനവും, ഡിസ്കൗണ്ട് ചെയ്ത് കിട്ടുന്നതിനുള്ള പ്രിവിലേജ് കാർഡ് ഹോസ്പിറ്റൽ അധികൃതരുടെ സാന്നിധ്യത്തിൽ വൈദികർക്ക് നൽകുന്നതിന്റെ ഉദ്ഘാടനം സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി വികാരി ജനറാളിന് കൈമാറിക്കൊണ്ട് നിർവഹിക്കുന്നു.

എല്ലാ വൈദികരുടെയും പ്രിവിലേജ് കാർഡ് സമുദായ സെക്രട്ടറിയെ ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.


## ഗുരുശ്രേഷ്ഠ പുരസ്കാരം



Advt - G

തേവര **Sacred Heart College** കേരളത്തിലെ മികച്ച സ്കൂൾ അധ്യാപികയ്ക്ക് ഏർപ്പെടുത്തിയ "ഗുരുശ്രേഷ്ഠ" പുരസ്കാരം എറണാകുളം ദാറുൽ ഉലൂം വൊക്കേഷണൽ സെക്കന്ററി സ്കൂൾ അധ്യാപിക ശ്രീമതി സിജിമോൾ ജേക്കബ് കരസ്ഥമാക്കി. തെള്ളേലി സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ കണ്ണാടിപ്പുഴ കെ. ഐ. ജയിക്കോച്ചന്റെയും പരേതയായ ശാന്തമ്മയുടെയും (ശോശാമ്മ) പുത്രിയാണ്.

ഭർത്താവ്: കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഫയർ ഓഫീസർ ഓക്കാട്ടു ടാജി ജോസഫ്.

മകൾ: ചെരിഷ്മ (വെൽനെസ്സ് കോച്ച്, **NHS London**)

മകൻ: ജോസഫ് (കമ്പ്യൂട്ടർ എഞ്ചിനീയർ, **USA**)





## 30 Years of Togetherness
**18-04-2023**

## K. M. Thomaskutty
## &
## Sajini Thomas

**Kunnumpurathu, Vakathanam**

Advt - O

**" And this is my prayer: that your love may abound more and more in knowledge and depth of insight"**

**PHILIPPIANS 1.9**

**Best Wishes from Beloved Children**

## വിവാഹിതരായി



Advt - S

മാമ്പുഴക്കരി സെന്റ് ജോർജ് ക്നാനായപള്ളി ഇടവകയിൽ കോന്ത്യാപറമ്പിൽ ഷാലു എബ്രഹാമിന്റെയും ജിജി ഷാലുവിന്റെയും മകൾ **ഷെറിൻ കെ. എബ്രഹാമും** പരുത്തുംപാറ തുരുത്തേൽ റ്റി.എം. ജോസഫിന്റെയും സുജാ ജോസഫിന്റെയും മകൻ കാവാലം സെന്റ് ജോർജ് പള്ളി ഇടവകയിൽ **ജെസ്റ്റിൻ ജോസഫും** തമ്മിലുള്ള വിവാഹം 11-02-2023-ൽ ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ **അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ**യുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

## വിവാഹിതരായി



Advt - O

വള്ളംകുളം സെന്റ് ജോർജ് ക്നാനായപള്ളി ഇടവകയിൽ കല്ലേലിൽ കെ.സി. കുര്യാക്കോസിന്റെയും (സോമോൻ) രമണി കുര്യാക്കോസിന്റെയും മകൻ **റോബിൻ കുര്യാക്കോസും (അപ്പു)** മാമ്പുഴക്കരി സെന്റ് ജോർജ് ക്നാനായപള്ളി ഇടവകയിൽ അഞ്ചിൽ ജെയിൻ ചാക്കോയുടെയും ഷൈലാ ചാക്കോയുടെയും മകൾ **ജീവാ ജെയ്നും** തമ്മിലുള്ള വിവാഹം 9-02-2023-ൽ ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ **അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ**യുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.




Tiny Tenders
CHILD DEVELOPMENT CENTRE
Near IOB Bank, Kuttoor, Thiruvalla
Our Departments
Occupational Therapy
Speech Therapy
Individualized Education Program
Behavioral Therapy
Physiotherapy
Sensory integration Therapy
Group Therapy
"Online Therapy Available"
Services offered
Autism
ADD/ADHD
Sensory Processing Difficulties
Sensory Integration Therapy
Developmental Delay
Speech Sound Disorders
Speech and Language Disorders
Learning Disorders
Stuttering
Pre writing and Writing skills
Neuro Developmental Treatment
Group Therapy
Play Therapy
94 96 27 98 63, 85 47 59 65 76 90 37 57 11 02 tenderstiny@gmail.com
Advt -O




PROJECT BY
WAKE
KNANAYA WEDDINGS.COM
ക്നാനായ വെഡ്ഡിംഗ്സ്
ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി
www.knanayaweddings.com
എറണാകുളം
+91 70254 22022
ചിങ്ങവനം
+91 94461 46000
knanayaweddings@gmail.com
Advt -O

# ടീച്ചിങ് ഡിസബിലിറ്റി - ആധുനിക വിദ്യാഭ്യാസത്തിലെ ദാരിദ്ര്യം!



സുനിൽ ഡി. കുരുവിള

ഒരു വിദ്യാഭ്യാസ വർഷം കൂടി വിടപറയാനൊരുങ്ങുകയാണല്ലോ. കോവിഡിനു ശേഷം വന്ന വർഷം എന്ന നിലയിൽ വിദ്യാഭ്യാസം പൊതുവെ അത്ര എളുപ്പമായിരുന്നില്ല. കുട്ടികളെപ്പറ്റി ഒരു പാടു കുറ്റങ്ങളും കുറവുകളും ഒക്കെ നമുക്ക് പറയാൻ ഉണ്ടായിരുന്നു. ശരിയാണ്, രണ്ടുകൊല്ലം ഓൺലൈൻ ക്ലാസ്സും വീടും ഒക്കെയായി തള്ളിനീക്കിയ കുട്ടികൾ അത്ര organised ആകാൻ വഴിയില്ലല്ലോ. Teachers ഉം ഒരു evaluation നു തയ്യാറാകേണ്ടേ? എവിടെയാണ് ഇന്ന് അദ്ധ്യാപകർ നിൽക്കുന്നത്?

ഈ കഴിഞ്ഞ ഒരു അക്കാഡമിക് വർഷത്തിന്റ വെളിച്ചത്തിൽ അവനവന്റെ പെർഫോമെൻസ് ഒന്ന് വിലയിരുത്താൻ തയ്യാറാകുമോ?

കുട്ടികളിൽ പഠിക്കാനുള്ള താൽപര്യവും ആഗ്രഹവും നിറക്കാൻ കഴിയുന്നുണ്ടോ? അവരുടെ ജീവിതത്തെയും വളർച്ചയേയും ഗൈഡ് ചെയ്യാൻ സാധിക്കുന്നുണ്ടോ? അവരിൽ development ഉണ്ടാക്കാൻ കഴിഞ്ഞു എന്ന സംതൃപ്തിയുണ്ടോ? കുട്ടികളെ മനസ്സിലാക്കാനും അവരുടെ ആവശ്യങ്ങൾ തിരിച്ചറിയാനും പരിശ്രമിച്ചിട്ടുണ്ടോ? കുട്ടികളുടെ ജീവിതത്തിൽ പഠന വിഷയങ്ങൾക്കു പുറമെ കലാ കായിക സാംസ്കാരിക വൈവിധ്യങ്ങൾ അനുഭവങ്ങൾ ഒക്കെ സൃഷ്ടിക്കാനും അവരുടെ നൈപുണ്യങ്ങൾ വളർത്താനും ശ്രമിക്കാറുണ്ടോ? അവരുടെ സ്വഭാവത്തെയും മൂല്യബോധത്തെയും ലക്ഷ്യങ്ങളെയും ഒക്കെ പരിപോഷിപ്പിക്കാൻ ശ്രമിക്കാറുണ്ടോ? അവർക്കു നമ്മുടെ ജീവിതം ഒരു മാതൃകയാണോ? ആധുനിക വിദ്യാഭ്യാസം ഇത്രയൊക്കെ കാര്യങ്ങൾ എങ്കിലും കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. ചെറിയ ക്ലാസ്സ് മുതൽ കുട്ടികളെ കരുതുകയും സമഗ്രമായി develop ചെയ്യുകയും ചെയ്തില്ലെങ്കിൽ അവരെ പറ്റിയുള്ള പരാതികൾ കൗമാരകാലത്തു കൂടിക്കൊണ്ടേയിരിക്കും!

'സിലബസ് കവർ ചെയ്യാൻ മാത്രം ഈ കാലത്തു അദ്ധ്യാപകർ ആവശ്യമില്ല. കുട്ടികളെ കവർ ചെയ്യാൻ കഴിയണം. അവരുടെ അഭിരുചി Discover ചെയ്യാനും കഴിയണം'!

കുട്ടികളിലെ learning disability യും മറ്റും കണ്ടുപിടിക്കുന്നപോലെ ഇന്ന് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ് "അദ്ധ്യാപകരിലെ Teaching disability കണ്ടെത്തേണ്ടതും പരിഹരിക്കേണ്ടതും. മാനസിക പ്രശ്നങ്ങളും, സ്വഭാവ-വൈകാരിക പ്രശ്നങ്ങളും ഉള്ള അദ്ധ്യാപകരുടെ എണ്ണം ദിനംപ്രതി കൂടിവരുന്നു. ഇത് വിദ്യാഭ്യാസത്തെ വളരെ പ്രതികൂലമായി ബാധിക്കുന്നു.... കുട്ടികളുടെ ഭാവിയെയും!

അദ്ധ്യാപകർ പലരും സന്തോഷമുള്ളവരല്ല. പലർക്കും ആത്മവിശ്വാസമില്ല. നന്നായി ആശയവിനിമയം ചെയ്യാൻ കഴിയുന്നവർ വളരെ കുറവ്. കൗമാരക്കാരായ കുട്ടികളെ കൈകാര്യം ചെയ്യുമ്പോൾ ഈ നൈപുണ്യങ്ങൾ വളരെ പ്രധാനം. നല്ല വൈകാരിക ബുദ്ധിശക്തിയും മാനസിക ആരോഗ്യവും ഇല്ലാത്ത അദ്ധ്യാപകർ എപ്പോഴും കുട്ടികളുടെ കുറവും മറ്റും പഴിചാരിക്കൊണ്ടേയിരിക്കും.

"എനിക്ക് 25 വർഷത്തെ അദ്ധ്യാപന പരിചയമുണ്ട്" ഒരു അദ്ധ്യാപകന്റെ defence ആണ്. എത്ര വർഷത്തെ experience ഉണ്ട് എന്നുള്ളതല്ല ഇന്ന് നമ്മുടെ പ്രവർത്തനം relevant ആണോ എന്നുള്ളതാണ് പ്രധാനം.

"കുട്ടിയുടെ തലയിൽ ഒരുപാടു വിവരങ്ങൾ കുത്തിനിറക്കുകയും അവനെക്കൊണ്ട് പരീക്ഷ ജയിപ്പിക്കുകയും മാത്രമാണ് ചെയ്യുന്നതെങ്കിൽ അതായിരിക്കും ഏറ്റവും വിവരം കെട്ട വിദ്യാഭ്യാസ രീതി. – APJ, വിടരേണ്ട പൂമൊട്ടുകൾ. Not a well 'filled' mind, but a well 'formed' mind-is the need of the time!

കുട്ടികളുടെ വിദ്യാഭ്യാസം ശരിയാകുന്നില്ലെങ്കിൽ അദ്ധ്യാപകർ മാതാപിതാക്കളെ സൗകര്യപൂർവ്വം blame ചെയ്യും. ശരിയാണ് ആ സ്കൂളിൽ കുട്ടികളെ ചേർത്തു എന്ന തെറ്റ് ആ മാതാപിതാക്കളാണ് ചെയ്തത്.

ഏതൊരു കുട്ടിയേയും മെച്ചപ്പെടുത്തിയെടുക്കാൻ വിദ്യാഭ്യാസത്തിനു കഴിയും. പക്ഷെ അതിനു ഭാവനയും ക്ഷമയും സന്തോഷവും അറിവുമൊക്കെ ഓരോ അദ്ധ്യാപകനിലും സമ്മേളിക്കേണ്ടതുണ്ട്. പഴയ Number pad ഉള്ള ഫോണും ബ്ലാക്ക് & വൈറ്റ് ടിവിയും ആർക്കെങ്കിലും വേണോ? ആർക്കും വേണ്ട അല്ലേ. കാറും ഫോണും ഗാഡ്ജറ്റ്സും ഒക്കെ മേഡേൺ ആയി. ടീച്ചിംഗ് തന്ത്രങ്ങളിലും മാറ്റങ്ങൾ വേണം. Modern ആകണം!

പുതിയ കാലത്തെ കുട്ടികളെ കൈകാര്യം ചെയ്യാൻ പുതിയ സമീപനങ്ങൾ വേണ്ടി വരും. Psychology യും counselling ഉം ഒക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയണം. കുട്ടികൾക്ക് നല്ല മാതൃകകൾ കണ്ടു വളരാൻ അവസരം വേണം. "വടിവെക്കുന്നിടത്ത് കുടവെക്കാത്ത" സമൂഹത്തിൽ നിന്ന് അവർ എന്ത് കണ്ടു വളരാനാണ്. Personal integrity ഉം personality ഉം ഇല്ലാത്തവർ അദ്ധ്യാപക സമൂഹത്തിനു വലിയ ബാധ്യതയാണ്.

"The illiterate of the future will not be the person who doesn't know how to read or write. It will be the person who does not know how to learn, de learn and re learn".

ഇന്നും അന്ധവിശ്വാസങ്ങളും തൊണ്ണൂറുകളിലെ ചിന്താഗതിയും മുരടിച്ച മനസ്സും ചുമന്നു അദ്ധ്യാപകവൃത്തിയിൽ നിൽക്കുന്നവരുണ്ട്. കുട്ടികളുടെ വളർച്ചയ്ക്ക് ഇവർ തടസ്സമാണ്! അസൂയയും ഈഗോയും അദ്ധ്യാപകരിൽ development തടസ്സപ്പെടുത്തും. നല്ല mentoring അദ്ധ്യാപക നൈപുണ്യ വികസനത്തിന് ഈ കാലഘട്ടത്തിൽ അനിവാര്യമാണ്. കുട്ടികളിൽ കുറവുകളും കുറ്റങ്ങളും പ്രശ്നങ്ങളും ഒക്കെ സ്വാഭാവികമാണ്. കാരണം അവർ ഒരു raw- state ൽ ആണ് ഉള്ളത്. അവരെ പൂർത്തീകരിക്കുക എന്നതാണ്

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അദ്ധ്യാപകനിൽ കുറവുകൾ അഭിലക്ഷണീയമല്ല. നിരന്തരമായ പരിശീലനങ്ങളും performance analysis ഉം ഉണ്ടായേ തീരൂ.

ഇരുട്ടിനെ പേടിക്കുന്ന കുഞ്ഞുങ്ങളെ മനസ്സിലാക്കാം. എന്നാൽ വെളിച്ചത്തെ പേടിക്കുന്ന മുതിർന്നവരുടെ കാര്യമോ? ബാല്യത്തിന്റെയും കൗമാരത്തിന്റെയും ഒക്കെ ആവശ്യങ്ങൾ വ്യത്യസ്ഥമാണ്. അവരെ ബഹുമാനിച്ചും കരുതിയും മാത്രമേ അവരിൽ നല്ല വിദ്യാഭ്യാസം സാധ്യമാകൂ! അതിവേഗം മാറിക്കൊണ്ടിരിക്കുന്ന കുഞ്ഞുങ്ങൾക്ക് വളരെ updated ആയ അദ്ധ്യാപക സമൂഹത്തെയാണ് ആവശ്യം. പേടിപ്പിച്ചും വിരട്ടിയും ഒന്നും സംഭവിക്കേണ്ടതല്ല വിദ്യാഭ്യാസം. നന്മ വിതച്ചു നന്മ കൊയ്യാം! സ്നേഹം വിതച്ച് സ്നേഹവും!!!

പഠിക്കുന്ന കുട്ടിയും, കളിക്കുന്ന കുട്ടിയും, കലയുള്ള കുട്ടിയും, കുറവുള്ള കുട്ടിയും, തെറ്റിയ കുട്ടിയും എല്ലാം ഒരു പോലെ ചേർത്തു പിടിക്കപ്പെടണം. അതിനു നിറവുള്ള അദ്ധ്യാപകർ തന്നെ വേണം! കുട്ടികളാണ് നക്ഷത്രങ്ങൾ... അവരെയൊരുക്കാൻ 'തോൽക്കാൻ' തയ്യാറുള്ള, ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറുള്ള ഒരു അദ്ധ്യാപക സമൂഹം ഉണ്ടായേ തീരൂ. എ പ്ലസ് ഉം മാർക്കും ഗ്രേഡും ഒക്കെ വിദ്യാഭ്യാസമാണ് എന്ന് ഏറെക്കാലം നമ്മൾ തെറ്റിദ്ധരിച്ചു. അതിന്റെ പരിണിതഫലം നമ്മൾ ഇന്ന് അനുഭവിക്കുകയാണ്

അദ്ധ്യാപകരെ നേതൃത്വപാടവത്തിലേക്കു നയിക്കാൻ ഉത്തരവാദിത്വപ്പെട്ടവർ ചിന്തിക്കുകയും ചെയ്യണം. അസൂയയും ഈഗോയും അദ്ധ്യാപകനിൽ development തടസ്സപ്പെടുത്തും. നല്ല നിലവാരമുള്ള പരിശീലനം മാത്രമാണ് പരിഹാരം. വെറും പരീക്ഷ മാത്രം ജയിക്കാനറിയാവുന്ന ഒരു യുവതയെയല്ല ജീവിക്കാനറിയാവുന്ന യുവതയെയാണ് നമ്മൾ സൃഷ്ടിക്കേണ്ടത്. സ്നേഹവും സന്തോഷവും sensitivity യും കാര്യക്ഷമതയുമുള്ള ഒരു യുവസമൂഹം. അതിനു തടസ്സം ഞാനല്ല എന്ന് ഓരോ അദ്ധ്യാപകനും പ്രതിജ്ഞയെടുക്കാം! രാജ്യം തോൽക്കാതിരിക്കട്ടെ!

*(സുനിൽ ഡി. കുരുവിള ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും; പ്രമുഖ മാനവശേഷി വികസന പരിശീലകനും കൗൺസിലറും കരിയർ ഗൈഡുമാണ്. സെൽ ഫോൺ നമ്പർ + 91 9656144712. 'Sunil kuruvilla' എന്ന You Tube ചാനലിലും ലഭ്യമാണ്).*

ദൈവം സമൃദ്ധിയായി അനുഗ്രഹിക്കട്ടെ!
ആശംസകൾ

# ക്നായിതോമ പ്രാർത്ഥനായോഗം

പൂവൻതുരുത്ത്: കോട്ടയം വലിയപള്ളിയും ക്നായിതോമ പ്രയർ ഫെലോഷിപ്പും സംയുക്തമായി നോമ്പുകാല പ്രാർത്ഥനായോഗം നടത്തുന്നു. മാർച്ച് 26-ഞായർ വൈകുന്നേരം 6 മണിക്ക് കോട്ടയം വലിയപള്ളി ഇടവകാംഗം ചിറയിൽ ശ്രീ. സാബു ജേക്കബിന്റെ കടുവാക്കുളം ജീവൻ നഗറിലുള്ള ഭവനാങ്കണത്തിൽ വച്ചു നടത്തുന്ന പ്രാർത്ഥനായോഗത്തിൽ റവ.ഫാ. രാജൻ ഏബ്രഹാം കുളമട മുഖ്യ സന്ദേശം നൽകും. ക്നായിതോമ പ്രയർ ഫെലോഷിപ്പ് വൈസ് പ്രസിഡന്റ് റവ. ഫാ. സി.സി. ഏലിയാസ് കട്ടയിൽ, കോട്ടയം വലിയപള്ളി വികാരി റവ.ഫാ. ഡോ. തോമസ് ഏബ്രഹാം മലയശ്ശേരി എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകും.

# സുറിയാനിഭാഷ പഠനസഹായി പ്രകാശനം ചെയ്തു.



ക്നാനായ സൺഡേസ്കൂൾ സമാജത്തിനുവേണ്ടി സൺഡേസ്കൂൾ ജനറൽ സെക്രട്ടറി ഫാ. ജിനു കുരുവിള കിഴക്കേമുട്ടത്തിൽ തയ്യാറാക്കിയ 'സുറിയാനിഭാഷ പഠനസഹായി' സൺഡേസ്കൂൾ ഡയറക്ടർ ഫാ. മോനായി കെ. ഫിലിപ്പ് കർക്കിടംപള്ളിക്കു നൽകികൊണ്ട് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത പ്രകാശന കർമ്മം നിർവ്വഹിക്കുന്നു.

സജി റ്റി. തോമസ് തെക്കേകരോട്ട്, സജി സ്കറിയ കരിമ്പന്നൂർ, ഫാ. ജിനു കുരുവിള കിഴക്കേമുട്ടത്ത്, പി. സി. ഏബ്രഹാം പ്ലാന്തോട്ടം, പി.ഐ. ചാക്കോ പാടകശ്ശേരിൽ, ഡി. മെറ്റോ വെട്ടിപറമ്പിൽ, ഡി. ചിക്കു കാരിമറ്റത്തിൽ എന്നിവർ സമീപം.

# WHY HAVE YOU DONE THIS?

**Philip Abraham Malecheril**

"Why have you done this?" – This frequently asked question is not unfamiliar to anyone but its pertinence and gravity are measured based on the context in which it is asked for. The question may arise from an inadvertent act, a deliberate attempt, a callous behavior or even a severe defiance. The subject question here points towards the story of Jonah in the Holy Bible. Although the story is far-famed and much talked about, it is capsuled below to freshen the mind and fathom the significance of the question.

The Lord asked Prophet Jonah to go to the great city of Nineveh (a pagan gentile city) and preach against their wickedness. To flee from the Lord, instead of going to Nineveh, Jonah boarded a ship from Joppa and sailed for Tarshish. Then the Lord sent a great wind on the sea and it started growing tempestuous. The violent storm arose that threatened to break the ship up. The terrified sailors cried out to their own Gods and threw their cargo overboard to lighten the ship. Jonah, instead had gone below the deck where he laid down and fell into a deep slumber. The captain went to him and said "How can you sleep through the storm? Get up and call on your God! Maybe He will take notice of us and we will not perish". The sailors decided to cast lots to find out who is responsible for the calamity. The lot fell on Jonah. So, they asked him "Tell us who is responsible for making all this trouble? What do you do? Where do you come from? What is your Country? From what people are you? Jonah answered "I am Hebrew and I worship the Lord of heaven who made the sea and the land". He also told them that he was running away from the Lord. This terrified the sailors and they asked Jonah "Why have you done this?"

The characters in the conversation are Prophet Jonah and the sailors. They are distinctively different in their faith – Jonah was a fervent believer of the true God who created heaven and earth and the sailors were non-believers who practiced pagan worship. The sailors question to Jonah "Why have you done this?" is a pertinent one as it was posed by non-believers to a believer. Even non-believers who know some truth about God can rightly rebuke a Christian who is resisting God. "Why have you done this?" is the most logical question in the world even for a non-believer to ask a believer. How relevant is this question today and how do we relate it to the present day Christianity? Does it ring a bell?

Certain incidents that have been happening in the Christian fraternity in this age is appalling. Factional skirmishes, smear campaign among rival groups, character assassination through social media, power hungry clergymen at leadership level, abomination in Holy places, insubordination, court cases, capturing Churches by depriving worship for the faithful with the support of court verdicts, fake healing ministries and more, as these are spoiling the fabric of the Church that Christ has established. These issues very frequently find prominence in the news headlines and are publicly discussed. The spiritual leaders have led their flocks astray and many Churches are in a severe state of spiritual decay. For every such wayward deed, the same question is being thrown to Christians directly or indirectly by others "why have you done this?"

The people who are engaged in such profane activities have complete conviction that they are doing the right thing and that it is for the betterment of the Church. Jonah might have wondered "I can go to Tarshish if I want to. I paid the fare. I am not a stowaway". If wrong things are done in the most right way, it doesn't make it right. If people go contrary to the Lord's will, even though they do it in the most devout manner, it is nevertheless sinful and it will bring them under condemnation. As true Christians, we are to reflect Christ in our behavior and actions by producing the fruits of the Holy Spirit!! . It's time to introspect and identify the Jonah in us.

Questions to ponder: - Do our thoughts, words and actions reflect Christ? Are we doing the wrong thing in the right way? Are we still answerable to the question, **"Why have you done this?"**

# മാറ്റത്തിന്റെ കാഹളവുമായി വനിതാദിനം

ഡോ. റോണി ജെയിൻ രാജു



മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനമായി നാം ആചരിക്കുന്നു. അസമത്വത്തിന്റെയും അടിച്ചമർത്തലിന്റെയും നാളുകളിൽ നിന്ന് തുല്യതയുടെയും നീതിയുടെയും പുലരിയിലേയ്ക്ക് സ്ത്രീ ജന്മങ്ങൾക്ക് ഉണർന്നെഴുന്നേൽക്കാൻ പ്രചോദനമാകേണ്ട ദിനം. ഈ വർഷത്തെ വനിതാദിനം മുമ്പോട്ട്വയ്ക്കുന്ന ആശയം "Digit All: Innovation and Technology for gender eqality''. ലിംഗസമത്വത്തിനായുള്ള നവീകരണവും സാങ്കേതികവിദ്യയും. ഏറെ കാലികപ്രസക്തിയുള്ള ആശയം ഡിജിറ്റൽ ഇടങ്ങളിൽ സ്ത്രീകളുടെയും പെൺകുട്ടികളുടെയും അവകാശങ്ങൾ സംരക്ഷിക്കേണ്ടതിന്റെയും ഓൺലൈൻ ഐ.സി.റ്റി. വഴിയുള്ള ലിംഗാധിഷ്ഠിത അക്രമങ്ങളെ അഭിസംബോധനചെയ്യുന്നതിന്റെയും പ്രാധാന്യമാണ് ലക്ഷ്യം വയ്ക്കുന്നത്. സ്ത്രീകളെയും പാർശ്വവൽക്കരിക്കപ്പെട്ട മറ്റ് വിഭാഗങ്ങളെയും സാങ്കേതിക വിദ്യയിലേയ്ക്ക് കൊണ്ടുവരുന്നത് ഇന്ന് നാം അഭിമുഖികരിക്കുന്ന പല പ്രശ്നങ്ങൾക്ക് പരിഹാരത്തിന് കാരണമാകും. അതുപോലെതന്നെ ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്ന നവീകരണങ്ങൾ കാലത്തിന്റെ ആവശ്യകതയാണ് എന്ന ആശയമാണ് ഈ വർഷത്തെ വനിതാദിനം മുന്നോട്ട് വയ്ക്കുന്നത്.

അന്താരാഷ്ട്ര വനിതാദിനം മാർച്ച് 8 ന് ആഘോഷിക്കുന്നതിന്റെ ചരിത്ര പശ്ചാത്തലം നാം അറിയേണ്ടതുണ്ട്. ന്യൂയോർക്കിൽ 1908 ൽ 15000 സ്ത്രീകൾ നടത്തിയ ഒരു തൊഴിലാളി ജാഥയാണ് ഇന്ന് നമ്മൾ എല്ലാ വർഷവും ആഘോഷിക്കുന്ന വനിതാദിനത്തിന്റെ ആരംഭം കുറിച്ചത്. തൊഴിൽ സമയം പരിമിതിപ്പെടുത്താൻ, മികച്ച വേതനം, വോട്ടവകാശം എന്നിവയായിരുന്നു അന്ന് വനിതാ തൊഴിലാളികളുടെ മുഖ്യ ആവശ്യങ്ങൾ. ഒരു വർഷത്തിനുശേഷം അമേരിക്കൻ സോഷ്യലിസ്റ്റ് പാർട്ടി രാഷ്ട്രവനിതാദിനം പ്രഖ്യാപിക്കുകയും ചെയ്തു. പിന്നീടാണ് കമ്മ്യൂണിസ്റ്റ് പ്രവർത്തകയും സ്ത്രീകളുടെ അവകാശങ്ങൾ പോരാടുകയും ചെയ്ത ക്ലാരാ സീത്കിൻ (Clara zetkin) അന്താരാഷ്ട്ര വനിതാദിനം എന്ന ആശയം 1910 ൽ കോപ്പൺഹേഗനിൽവെച്ചു നടന്ന അന്താരാഷ്ട്ര വനിതാതൊഴിലാളികളുടെ കോൺഫറൻസിൽ മുന്നോട്ട് വയ്ക്കുന്നത്. അങ്ങനെ 1911 ലാണ് ആദ്യമായി അന്താരാഷ്ട്ര വനിതാദിനം ആഘോഷിക്കുന്നത്. അന്ന് പക്ഷെ സ്ഥിരമായ ഒരു തീയതിയിൽ ആയിരുന്നില്ല വനിതാദിനം ആഘോഷിച്ചത്.

1917 മാർച്ച് 8 ന് റഷ്യൻ തലസ്ഥാനമായ പെട്രോഗ്രഡിൽ ആയിരക്കണക്കിന് തൊഴിലാളി സ്ത്രീകൾ ഭക്ഷണത്തിനും സമാധാനത്തിനും (For Bread and peace) വേണ്ടി നയിച്ച സമരമാണ് പിന്നീട് വനിതാദിനമായി ആഘോഷിക്കുന്നത്. 1970 കളിലാണ് സ്ത്രീകളെ വികസനത്തിൽ പങ്കാളികൾ ആകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ചർച്ചകൾ ആഗോളതലത്തിൽ സജീവമാകുന്നത്. തുടർന്ന് ഐക്യരാഷ്ട്രസഭ 1975 ൽ ഒന്നാമത്തെ അന്തർദേശിയ വനിതാസമ്മേളനവും 1975 ൽ അന്തർദേശിയ വനിതാ വർഷവും തുടർന്നുള്ള പത്തുവർഷവും വനിതാദശകവുമായി ആചരിച്ചു. ഇവയൊക്കെ ഐക്യരാഷ്ട്രസഭയിൽ അംഗങ്ങളായ ലോകരാജ്യങ്ങളിൽ സ്ത്രീ-പുരുഷ സമത്വത്തെക്കുറിച്ചുള്ള പുതിയ ചർച്ചകൾക്ക് കാരണമായി. അത് പലയിടത്തും ഘടനാപരമായ മാറ്റങ്ങൾ കൊണ്ടുവരുകയും ലിംഗസമത്വം എന്ന ആശയം മുമ്പോട്ട് വെയ്ക്കുകയും ചെയ്തു. എന്നാൽ ഇന്ന് 2023 പൂർണ്ണ അളവിൽ ലിംഗസമത്വം നേടാൻ സാധിച്ചിട്ടുണ്ടോ.

ആഗോളതലത്തിൽ ദേശീയ പാർലമെന്റുകളിലെ സ്ത്രീകളുടെ ശതമാനം 25.8% ആണ്. (ഒക്ടോബർ 2021) വനിത മന്ത്രിമാരുടെ ശതമാനം 21% ആണ്. ആഗോളതലത്തിൽ ആകെ 14 രാജ്യങ്ങളിലാണ് 50% അല്ലെങ്കിൽ അതിൽ കൂടുതൽ സ്ത്രീകളെ കാബിനറ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആഗോള തലത്തിൽ സ്ത്രീകളുടെ ശരാശരി വേതനം പുരുഷനെക്കാൾ 16% കുറവാണ്. ഇത് വെറുമൊരു കണക്കല്ല. ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾ, സമൂഹമദ്ധ്യേ രണ്ടു രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്ന വിചിത്രമായ കാഴ്ചയാണ്.

ലോകം വലിയ പ്രതിസന്ധിയിലൂടെയാണ് കടന്നു പോകുന്നത്. യുദ്ധവും കോവിഡുമുണ്ടാക്കിയ സാമ്പത്തിക പ്രതിസന്ധി മുതൽ പ്രകൃതി ദുരന്തങ്ങൾ വരെയുള്ള അപ്രതീക്ഷിത പ്രശ്നങ്ങളെ ധൈര്യസമേതം അഭിമുഖീകരിക്കാനും അവതരണം ചെയ്യാനും പുരുഷനൊപ്പം തന്നെ സ്ത്രീകൾക്കും കഴിവുണ്ട്. അത് പരമാവധി പ്രയോജനപ്പെടുത്തുകയാണെങ്കിൽ ലോകമിപ്പോൾ കടന്നുപോകുന്ന പല പ്രതിസന്ധികൾക്കും പരിഹാരം കണ്ടെത്താൻ സഹായമാകും.

സാമ്പത്തിക സ്വാതന്ത്ര്യം നേടുക, ശരീരത്തെയും മനസ്സിനെയും ആരോഗ്യത്തോടെ സൂക്ഷിക്കുക. ഈ രണ്ടു കാര്യങ്ങൾ പ്രയോഗത്തിൽ കൊണ്ടുവന്നാൽ മാത്രമേ സ്ത്രീയ്ക്ക് ലിംഗസമത്വം നേടിയെടുക്കാൻ കഴിയൂ. ഓർക്കുക തുല്യത ആരും നൽകാനായി കാത്തിരിക്കേണ്ട ഒന്നല്ല സംവരണത്തിനായി കൈ നീട്ടേണ്ടവരല്ല സ്ത്രീകൾ. തുല്യത അവർ സ്വയം തെളിയിച്ചു നേടിയെടുക്കട്ടെ.

# പ്രതിസന്ധിയിലും പ്രത്യാശയോടെ മുന്നേറാം

സീമ തോമസ് കന്നിയേൽ, റാന്നി

പ്രഭാതത്തിൽ ഉണർന്ന് പാട്ടുപാടുന്ന കുരുവിയോട് ഒരാൾ ചോദിച്ചു ഇന്നലെയല്ലേ നിന്റെ കൂട് കത്തിപ്പോയത്....? പിന്നെ ഇന്നെങ്ങനെ നിനക്ക് പാടാൻ കഴിഞ്ഞു? അപ്പോൾ കുരുവി പറഞ്ഞു പ്രഭാതത്തിൽ പാടുക എന്നുള്ളത് എന്റെ കടമയാണ്. ഇന്നലകളുടെ നഷ്ടത്തെ ഓർത്തല്ല ഇന്നിന്റെ നന്മകളെയോർത്താണ് ഞാൻ ദൈവത്തെ സ്തുതിക്കുന്നത്.

പ്രിയമുള്ളവരെ, പ്രതിസന്ധികളുടെ മദ്ധ്യത്തിൽ വേദനയുടെ സന്ദർഭങ്ങളിൽ നാമെല്ലാവരും തളർന്നു പോകാറുണ്ട്. എന്നാൽ പ്രതിസന്ധികളിലും പ്രത്യാശയോടെ മുന്നേറാൻ നമുക്ക് കഴിയണം. ഇല്ലായ്മകളെയോർത്ത് ദുഃഖിക്കാതെ നമുക്ക് ദൈവം ചെയ്തുതന്ന നന്മകൾക്ക് വേണ്ടി നാം ദൈവത്തോട് നന്ദിപറയുക. അപ്പോഴാണ് നാം മനസ്സിലാക്കുന്നത് ദൈവം നമ്മെ എങ്ങനെയൊക്കെയാണ് അനുഗ്രഹിച്ചിരിക്കുന്നതെന്ന്. പ്രതിസന്ധികളെ അതിജീവിക്കുവാൻ വി. ബൈബിൾ നമ്മെ പഠിപ്പിക്കുന്നതും ഇതുതന്നെയാണ്.

യെശയ്യാവ് 61:3"സീയോനിലെ ദുഃഖിതൻമാർക്ക് വെണ്ണീറിനുപകരം അലങ്കാരമാലയും ദുഃഖത്തിനുപകരം ആനന്ദതൈലവും വിഷണ്ണമനസ്സിനു പകരം സ്തുതി എന്ന മേലാടയും കൊടുപ്പാൻ അവൻ എന്നെ അയച്ചിരിക്കുന്നു". തളർന്ന മനസ്സിനുള്ള മരുന്ന് എന്താണ് എന്ന് വി. ബൈബിൾ ഇവിടെ ചൂണ്ടിക്കാട്ടുന്നു- "സ്തുതിയുടെ മേലങ്കി". തളർന്നു പോകുമ്പോൾ, തകർന്നു പോകുമ്പോൾ സ്തുതിക്കുക, നന്ദി പറയുക, ദൈവം തന്ന നന്മകളെയോർത്ത് നന്ദി പറഞ്ഞ് സ്തുതിക്കുക. വലിയ അത്ഭുതങ്ങൾ സംഭവിക്കുന്നത് നമുക്ക് കാണാൻ സാധിക്കും. വി. ബൈബിളിലൂടനീളം സ്തുതിയുടേയും (Praise) നന്ദിപറച്ചിലിന്റേയും (gratitude) ശബ്ദം നമുക്ക് മുഴങ്ങി കേൾക്കാം.

ശദ്രക്ക്, മേശക്ക്, അബേദ്നെഗോ എന്നീ മൂന്നുപേരെ നെബുഖദ്നേസർ രാജാവ് എരിയുന്ന തീച്ചൂളയിൽ എറിഞ്ഞ കഥ നമുക്കേവർക്കും സുപരിചിതമാണ്. തീച്ചൂളയിൽ വീഴുമെന്ന് ഉറപ്പായപ്പോൾപോലും അവർ അശേഷം പേടിക്കുകയോ കർത്താവേ ഞങ്ങൾ നശിക്കാൻ പോകുന്നു എന്ന് പരാതി പറയുകയോ ചെയ്തില്ല. അവർ തീച്ചൂളയുടെ മദ്ധ്യത്തിൽ ദൈവത്തെ പാടി സ്തുതിച്ചു. ആ സ്തുതി ഉയരങ്ങളിലേയ്ക്ക്, സ്വർഗ്ഗത്തിലേക്കെത്തിയപ്പോൾ, അവരോടൊപ്പം തീച്ചൂളയിൽ ഇറങ്ങിവന്ന ഒരു ദൈവമുണ്ട്. നാലു പുരുഷന്മാരെയാണ് പിന്നീട് തീച്ചൂളയ്ക്കുള്ളിൽ നോക്കി നിന്നവർ കണ്ടത്. സ്തുതിക്കുന്നവർ, ഒരിക്കലും നിരാശരാവില്ല സുഹൃത്തുക്കളെ.. .

നാം പലപ്പോഴും തീച്ചൂളപോലെയുള്ള പ്രതിസന്ധികളിൽകൂടി കടന്നുപോകുന്നവരാണ്. അതിന്റെയൊക്കെ മദ്ധ്യത്തിൽ ദൈവത്തെ സ്തുതിക്കുക. സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ് ആ പ്രശ്നങ്ങളുടെ മദ്ധ്യത്തിൽ ഇറങ്ങി വരിക തന്നെ ചെയ്യും.

സ്തുതിയുടെ മഹത്വത്തെ പ്രകീർത്തിക്കുന്ന മറ്റൊരു അദ്ധ്യായമാണ് അപ്പോ.പ്രവൃർത്തികൾ 16:25 ൽ കാണുന്നത്. "പൗലോസിനെയും ശിലാസിനേയും തടവിലാക്കി അവരുടെ കാൽ ആമത്തിൽ ഇട്ടു പൂട്ടി. അർദ്ധരാത്രി അവർ പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു. തടവുകാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു. പെട്ടെന്നു വലിയൊരു ഭൂകമ്പമുണ്ടായി. എല്ലാവരുടെയും ചങ്ങല അഴിഞ്ഞുവീണു". കാരാഗൃഹത്തിൽ ചങ്ങലകളാൽ ബന്ധിക്കപ്പെട്ട് എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട് മരണത്തെ മുഖാമുഖം കാണുമ്പോഴും അവർ രണ്ടുപേരും വിലപിക്കുകയോ പിറുപിറുക്കുകയോ പരാതി പറയുകയോ ചെയ്തില്ല. അവർ തന്റെ സൃഷ്ടാവിനെ ആ കഷ്ടതയിലും പാടി സ്തുതിച്ചുകൊണ്ടിരുന്നു. അതിന്റെ ഫലം??? അവരുടെ അവസ്ഥകൾക്ക് ഞൊടിയിടകൊണ്ട് മാറ്റം സംഭവിച്ചു. സ്തുതിച്ചവർ മാത്രമല്ല മോചിതരായത്. ആ സ്തുതിയുടെ ശബ്ദം കാതോർത്തവരും ജീവനിലേയ്ക്ക് പ്രവേശിച്ചു.



പ്രിയമുള്ളവരേ, കഷ്ടതയിലും പാടുവാനും നഷ്ടമതിൽ കൊണ്ടാടുവാനും നമ്മുടെ മനസ്സുകളെ നമുക്കും ഒരുക്കാം. നമുക്കും ഏറ്റുപറയാം. Even when I walk through the dark valley of death. I will not be afraid, for you are close beside me. *

# സ്നേഹമാണഖിലസാരമൂഴിയിൽ

റ്റി. സി. തോമസ് തോപ്പിൽ (ക്നാനായ കമ്മറ്റി അംഗം)

ഇന്ന് സമൂഹവും സഭയും നേരിടുന്ന എല്ലാ പ്രതിസന്ധികളുടെയും അടിസ്ഥാന കാരണം പരസ്പര സ്നേഹത്തിന്റെ അഭാവമാണ്. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ എന്ന് യേശു ക്രിസ്തു പഠിപ്പിക്കുന്നു. എന്നാൽ ഇന്ന് ക്രൈസ്തവ സഭകളിൽ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നതിനുപകരം തമ്മിൽ തമ്മിൽ തല്ലുകൂടുന്നതിനാണ് കൂടുതൽ പ്രാധാന്യം. മദർ തെരേസ ദൈവസ്നേഹത്തെപ്പറ്റി പറഞ്ഞത് God is love God loves you. Love one another as God loves each one of you. യഥാർത്ഥമായി സ്നേഹിക്കുന്ന ഒരാളുടെ ഹൃദയം ഭൂമിയിലെ സ്വർഗ്ഗമാണ്. ദൈവം അവനിലാണ്. കാരണം ദൈവം സ്നേഹമാണ്. ഒരാളും നമ്മെ സ്നേഹിക്കുന്നില്ലെങ്കിൽ തീർച്ചപ്പെടുത്തുക അതു നമ്മുടെ കുറ്റം കൊണ്ടാണ്.

സ്നേഹം മനുഷ്യനെ രൂപാന്തരപ്പെടുത്തുന്നു. ഒരിക്കൽ ശ്രീബുദ്ധൻ ഗ്രാമപാതയിലൂടെ സഞ്ചരിക്കുകയായിരുന്നു. ഗ്രാമവീഥികൾ വിജനവും നിശബ്ദവുമായിരുന്നു. ആരെയും പുറത്തുകാണുവാനില്ല. കുറെ കഴിഞ്ഞപ്പോൾ ഒരു സ്ത്രീയെ ബുദ്ധൻ കണ്ടു. അവൾ ഭയന്നുകൊണ്ട് പറഞ്ഞു വേഗം ഇവിടെ നിന്നു പോയിക്കൊള്ളുക. ഇവിടെ ഒരു രാക്ഷസ സത്വം ഉണ്ട്. അവൻ കാണുന്നവരെയെല്ലാം കൊന്നുകൊണ്ടിരിക്കയാണ്. എന്നാൽ ബുദ്ധൻ അതുകേട്ടിട്ടും ആ ഭീകരരാക്ഷസന്റെ അടുത്തേക്കുതന്നെ സാവധാനം നടന്നു. ദൂരെനിന്നും ബുദ്ധനെ കണ്ട സത്വം ബുദ്ധനെ ലക്ഷ്യമാക്കി ഓടി അടുക്കുവാൻ തുടങ്ങി. അവൻ ഉറക്കെ ഗർജിച്ചു പറഞ്ഞു അവിടെ നിൽക്കുക. എനിക്കു നിന്നെ ഭക്ഷിക്കണം. അവിടെ നിൽക്കുക. എത്ര ഓടിയാലും നീ രക്ഷപെടുകയില്ല. ബുദ്ധൻ മറുപടി നൽകി. ഞാൻ ഇവിടെ തന്നെ നിൽക്കുകയാണ് "സഹോദര", താങ്കളാണ് ഓടിക്കൊണ്ടിരിക്കുന്നത്. ഞാൻ ശാന്തനാണ് നീ നിന്റെ മനസ്സിനെ ശാന്തമാക്കുക. എന്തിനാണ് നീ ഓടുന്നത്. 'സഹോദര' എന്ന ബുദ്ധന്റെ വിശേഷം അവന്റെ മനസ്സിനെ ആഴത്തിൽ സ്പർശിച്ചു. അവൻ തൽസ്ഥാനത്തു നിന്നുകൊണ്ട് ചോദിച്ചു. അങ്ങ് എന്നെ എന്താണ് സ്നേഹത്തോടെ വിളിച്ചത്. ആരും ഇതുവരെ എന്നെ സഹോദരാ എന്നു വിളിച്ചിട്ടില്ല. മനുഷ്യനെ കൊല്ലുക എന്നതു മാത്രമായിരുന്നു എന്റെ വിനോദം. എന്നാൽ താങ്കളുടെ സാന്നിദ്ധ്യം എന്നെ വല്ലാതെ ആകർഷിക്കുന്നു. എന്നിൽ മാറ്റം സംഭവിച്ചതുപോലെ. മനസ്സിൽ കുളിർമ്മ തോന്നുന്നു. ഞാൻ അങ്ങയെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നു. ബുദ്ധൻ പുഞ്ചിരിച്ചുകൊണ്ട് മറുപടി നൽകി. മനസ്സ് ശാന്തമാക്കുക എന്റെ ഒപ്പം ചരിക്കുവാൻ നിനക്കു കഴിയും. ഇന്ന് മനുഷ്യൻ ശാന്തതയും സമാധാനവും ഇല്ലാതെ വ്യഥാ ഓടിക്കൊണ്ടിരിക്കുകയാണ്. സ്നേഹം കൊടുത്ത് സ്നേഹം സ്വീകരിക്കാൻ സാധിക്കണം.

സൂര്യകാന്തി സൂര്യനെ സ്നേഹിക്കുന്നതു മറ്റൊന്നിനും വേണ്ടിയല്ല. സ്നേഹിക്കാൻ വേണ്ടി മാത്രമാണ്. ഓരോ സൂര്യകാന്തിയും വിരിഞ്ഞു കഴിയുമ്പോൾ അതു ചുറ്റുപാടുകളെ കൂടുതൽ മനോഹരമാക്കുകയാണ്. തനിക്കുള്ളതെല്ലാം സൂര്യകാന്തി സമൂഹത്തിനായി സമ്മാനിക്കുകയാണ്. കാറ്റിൽ തലയാട്ടിയും പുഞ്ചിരിപൊഴിച്ചും നിൽക്കുന്ന സൂര്യകാന്തികളുടെ കൂട്ടായ്മ കാണാൻ എന്തൊരു ഭംഗിയാണ്. ഓരോ ചെടിയും വളരുന്നത് സൂര്യാഭിമുഖമായിട്ടാണ്. ഓരോ മനുഷ്യ ജീവിതവും വളരേണ്ടതും താരുംതളിരുമണിയേണ്ടതും ഈശ്വരാഭിമുഖമായിട്ടാണ്. അങ്ങനെയുള്ളവരുടെ സ്നേഹകൂട്ടായ്മ സമൂഹത്തിന്റെ നന്മയ്ക്കു കാരണമാകും. ദൈവത്തെ നാം എല്ലാറ്റിനും അധികമായി സ്നേഹിക്കണം. ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കിയിട്ടുള്ളതു മനുഷ്യ സങ്കല്പങ്ങൾക്കതീതമാണ്. ദൈവത്തെ സ്നേഹിക്കുന്നവർക്ക് മഹത്തായ പ്രതിഫലം ദൈവം വാഗ്ദാനം ചെയ്യുന്നു. പണ്ട് ഒരു ഗ്രാമത്തിലെ രണ്ടു കർഷകരായിരുന്നു മുത്തുവും രമണനും. മുത്തുവിന് രാജാവിനോടു അമിതഭക്തിയും സ്നേഹവുമായിരുന്നു. എന്നാൽ രമണനു രാജാവിനെക്കാൾ ദൈവത്തോടായിരുന്നു വലിയ സ്നേഹം. ഇതു മനസ്സിലാക്കിയ രാജാവ് മുത്തുവിന് ഒരു സമ്മാനം കൊടുത്തു. ഒരു വലിയ മത്തങ്ങ എടുത്ത് അതിനകത്തു മുഴുവൻ സ്വർണ്ണനാണയങ്ങൾ നിറച്ചു. ആർക്കും മനസ്സിലാകാത്തവിധത്തിൽ രാജാവു മത്തങ്ങ മുത്തുവിനു സമ്മാനമായി കൊടുത്തുവിട്ടു. രാജാവിൽ നിന്നും സമ്മാനം കിട്ടിയ മുത്തു വളരെയധികം സന്തോഷിച്ചു. താൻ രാജാവിനെ അമിതമായി സ്നേഹിച്ചതിന്റെ ഫലമാണ് സമ്മാനം എന്നറിഞ്ഞ മുത്തു കൂടുതൽ ആഹ്ലാദിച്ചു. മുത്തുവിനെ ആദരിക്കാനും ദൈവത്തെ കൂടുതൽ സ്നേഹിച്ച രമണനെ അപമാനിക്കുവാനുമായി രാജാവ് ഇരുവരെയും കൊട്ടാരത്തിൽ വിളിച്ചുവരുത്തി. മുത്തുവിനോടു രാജസദസ്സിലെ മുഴുവൻ പേരും കേൾക്കെ രാജാവു ചോദിച്ചു. നീ എന്നെ സ്നേഹിച്ചതുകൊണ്ട് നിനക്ക് എന്ത് പ്രതിഫലം കിട്ടി. മുത്തു വിനയത്തോടെ പറഞ്ഞു അങ്ങ് അടിയന് ഒരു വലിയ മത്തങ്ങ സമ്മാനമായി തന്നു. അത് അടിയൻ ചന്തയിൽ കൊടുത്തു വിറ്റു. അതിന് ഒരു രൂപാ പ്രതിഫലം കിട്ടി. രാജാവിന്റെ മുഖം വാടി. രാജാവ് രമണനോട് ചോദിച്ചു നീ ദൈവത്തെ സ്നേഹിച്ചതുകൊണ്ട് എന്തു ലഭിച്ചു? രമണൻ രാജാവിനോടു പറഞ്ഞു അടിയൻ ഇന്നലെ ചന്തയിൽ നിന്ന് ഒരു വലിയ മത്തങ്ങ വാങ്ങി. വീട്ടിൽ കൊണ്ടുവന്നു മുറിച്ചു നോക്കിയപ്പോൾ അതിനകത്തു മുഴുവൻ സ്വർണ്ണ നാണയങ്ങളായിരുന്നു. അയാളുടെ ശബ്ദത്തിൽ സന്തോഷം നിറഞ്ഞു നിന്നു. രാജാവു ലജ്ജിച്ചു തല താഴ്ത്തി.

സ്നേഹത്തെപോലെ പരിപാവനമായ മറ്റൊന്നില്ല. കണ്ണിനു കാണാൻ കഴിയാത്തതു സ്നേഹത്തിനു കാണാൻ കഴിയും. കാതിനു കേൾക്കാൻ കഴിയാത്തതു സ്നേഹത്തിനു കേൾക്കുവാൻ സാധിക്കും. വർഷങ്ങളിലെ അദ്ധ്വാനം കൊണ്ട് നേടാൻ കഴിയാത്തതു ഒരു നിമിഷം കൊണ്ട് സ്നേഹം നേടിതരുന്നു. (Give love and take love) ശത്രുക്കളെ സ്നേഹിപ്പിൻ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ എന്ന് യേശു പഠിപ്പിക്കുന്നുണ്ടല്ലോ. അധർമ്മം പെരുകുന്നതുമൂലം അനേകരുടെയും സ്നേഹം തണുത്തുറഞ്ഞി

രിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും എല്ലാവരും ആഗ്രഹിക്കുന്നു. സ്നേഹംകൊണ്ട് ദ്വേഷത്തെയും സത്യം കൊണ്ട് അസത്യത്തെയും സഹനംകൊണ്ട് ഹിംസയെയും കീഴടക്കാം എന്ന് ഗാന്ധിജി പറയുന്നു. സ്നേഹം മണൽത്തരിയെ കനകപ്പൊടിയായും പാഴ്നിലാവിനെ പൂനിലാവായും പുൽത്തകിടിയെ പൂമെത്തയായും മാറ്റുന്നു. സ്നേഹമില്ലാത്ത ഉപദേശങ്ങളെപ്പറ്റി വയലാർ രാമവർമ്മ തന്റെ കവിതകളിൽ പറയുന്നു.

"സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വ ശാസ്ത്രത്തെയും"

Love is not a noun, it is a verb. സ്നേഹം കേവലം നാമമല്ല ക്രിയയാണ്. നല്ല ശമരിയാക്കാരന്റെ കഥയിൽ ഈ സ്നേഹം നമുക്കു ദർശിക്കാൻ സാധിക്കും. സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം എങ്ങനെ തുടങ്ങി എന്നതിനെക്കാൾ എങ്ങനെ തുടരുന്നു എന്നതാണ് ബന്ധങ്ങളുടെ ആഴവും വ്യാപ്തിയും നിർണ്ണയിക്കുന്നത്. സ്നേഹമെന്ന ശക്തമായ വികാരമാണ് ഒരു കുടുംബത്തെ യാഥാർത്ഥ്യമാക്കുന്നത്. സ്നേഹം കിട്ടി വളരുന്ന കുട്ടികൾ ആത്മവിശ്വാസമുള്ളവരായിരിക്കും. പഠിപ്പിക്കുന്ന അദ്ധ്യാപകനെ നമുക്കിഷ്ടമാണെങ്കിൽ ആ അദ്ധ്യാപകൻ പഠിപ്പിക്കുന്ന വിഷയവും സ്വാഭാവികമായി നമുക്കിഷ്ടമാവും, സ്നേഹത്തിലധിഷ്ഠിതമായ മനുഷ്യബന്ധങ്ങളുടെ സാദ്ധ്യത കണ്ടറിഞ്ഞ് മനസ്സിനെയും ശരീരത്തെയും വളർത്തിയെടുക്കാൻ നമുക്കു സാധിക്കട്ടെ. ●



Cambridge University പ്രൊഫസറായിരുന്ന പ്രശസ്ത സഭാചരിത്രകാരിയും ക്നാനായ സമുദായ ചരിത്രത്തിൽ അവഗാഹം നേടുകയും മലങ്കര സഭാചരിത്രത്തിൽ ഡോക്ടറേറ്റും ലഭിച്ച ഡോ. സാറാ നൈറ്റിന് മലങ്കര സുറിയാനി ക്നാനായ സുവിശേഷ സമാജത്തിന്റെ പാരിതോഷികം ജനറൽ സെക്രട്ടറി ജിജി ഏബ്രഹാം, ട്രസ്റ്റി സജി മുണ്ടയ്ക്കൽ, ക്നാനായ കോൺഗ്രസ് ജനറൽ സെക്രട്ടറി റോയി പുത്തൻപുരയ്ക്കൽ, ക്നാനായ കൺവൻഷൻ കമ്മിറ്റി അംഗങ്ങൾ എന്നിവർ ചേർന്നു നൽകുന്നു.

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

## FORM IV (SEE RULE 8)

| | | |
|---|---|---|
| 1. Place of Publication | - | Chingavanam |
| 2. Periodicity of its Publication | - | Monthly |
| 3. Printer's Name | - | Fr. Jaicobkutty K. S. Kallookulam |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 4. Publisher's Name | - | Fr. Jaicobkutty K. S. Kallookulam |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 5. Editor's Name | - | V. Rev. Roy Mathew Mulamoottil |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 6. Ownership | - | The Malankara Syrian Knanaya Arch Diocese, M.E. Seminary, Chingavanam |

**I Fr. Jaicobkutty K. S. Kallookulam, here by declare that the particulars given above are true to the best of my knowledge and belief.**

Date 15- 3- 2023 **Sd / Publisher**

# കൂര ചെറുതെങ്കിലും നിറം കറുപ്പെങ്കിലും

റ്റി. കെ. തോമസ് തൈകുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

കൂര ചെറുതാണെങ്കിലും അതിനുള്ളിൽ സമാധാനമുണ്ടെങ്കിൽ അത് കൊട്ടാരത്തേക്കാൾ വലുതാണ്. നമ്മളെക്കാൾ ഉയരത്തിലുള്ളവരെ നോക്കുമ്പോൾ നമുക്ക് വിഷമവും ദുഃഖവും തോന്നാം. നമ്മളെക്കാൾ താഴെയുള്ളവരെ ഒന്നു നോക്കൂ അപ്പോൾ മനസ്സിലാകും നാം എത്ര ഉയരത്തിലാണെന്ന്. ഉറങ്ങാൻ കിടക്കുമ്പോൾ എല്ലാവർക്കും മാപ്പു കൊടുക്കുക. ശുദ്ധമനസ്സോടെ ഉറങ്ങാൻ ശ്രമിക്കുക. സ്നേഹം ചെറുപ്പത്തിൽ സൗജന്യമായി ലഭിക്കുന്നു. യൗവ്വനത്തിൽ അതിനായി അദ്ധ്വാനിക്കേണ്ടി വരുന്നു. വാർദ്ധ്യകൃത്തിൽ അതിനായി യാചിക്കേണ്ടി വരുന്നു. ചിലർ നിങ്ങളുടെ മുന്നിലെത്തുന്നത് ഒരു അനുഗ്രഹമായിരിക്കും. ചിരിക്കുന്ന മുഖങ്ങൾ സൂചിപ്പിക്കുന്നത് അവർക്ക് ദുഃഖമില്ലെന്നല്ല, മറിച്ച് അത് കാണിക്കാതിരിക്കാനും, കൈകാര്യം ചെയ്യാനും അവർ പഠിച്ചിരിക്കുന്നു എന്നതാണ്. സ്വന്തമെന്നു തോന്നുന്നവരോട് എന്തും നമ്മൾക്ക് സംസാരിക്കാൻ കഴിയും. എന്നാൽ വായിൽ നിന്നും പ്രതീക്ഷിക്കാതെ കേൾക്കുന്ന വാക്കുകൾ മനസ്സിൽ വല്ലാതെ മുറിവേല്പിക്കും. ജീവിക്കാനുള്ള ഒരവസരവും പാഴാക്കരുത് കാരണം ജീവിതം തന്നെ ദൈവം തന്ന ഒരവസരമാണ്. ഒന്നു കാലു വഴുതി വീണാൽ തീരുന്ന ജീവിതത്തിന് എന്തു ജാതി, എന്തു മതം, എന്തു നിറം. ശരീരത്തിൽ ജീവനുള്ളപ്പോൾ മുഖത്തു നോക്കാൻ ആർക്കും സമയമില്ല. എന്നാൽ മരണപ്പെട്ടാൽ ആ മുഖം കാണാൻ തിരക്കുകൂട്ടുന്നു. ഓർക്കുക ജീവൻ പിരിഞ്ഞിട്ട് മുഖത്തുനോക്കുന്നതിനേക്കാൾ നല്ലത് ജീവിച്ചിരിക്കുമ്പോൾ നിറമനസ്സോടെ മറ്റുള്ളവരുടെ മുഖത്തു നോക്കി പുഞ്ചിരിക്കുന്നതാണ്. അനുഭവത്തേക്കാൾ വലിയൊരു പാഠവും, ജീവിതത്തേക്കാൾ വലിയൊരു വിദ്യാലയവും ഈ ഭൂമിയിൽ ഇല്ല. മറ്റൊരുവനെ വിധിക്കുന്നവൻ തന്നെ തന്നെയാണ് വിധിക്കുന്നത്. താനും അനേക കുറ്റങ്ങൾ ചെയ്യുന്നില്ലേ. സ്നേഹം നിർവ്യാജമായിരിക്കണം, അനീതിയെ വെറുത്ത് നല്ലതിനോടു പറ്റിച്ചേർന്ന് നന്മയാൽ തിന്മയെ ജയിക്കണം. നന്മ ചെയ്യുവാൻ പ്രാപ്തിയുള്ളപ്പോൾ അതിന് യോഗ്യന്മാരായിരിക്കുന്നവർക്ക് ചെയ്യാതിരിക്കുന്നത് പാപമാണ്. മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതൊക്കയും നിങ്ങൾ അവർക്കു ചെയ്യണം. ഇഹലോകത്തിലേയ്ക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ലല്ലോ? ഇവിടെ നിന്ന് യാതൊന്നും കൊണ്ടുപോകാനും കഴിയുന്നതല്ലല്ലോ. മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു എന്നും, കഠിനവാക്കുകൾ കോപത്തെ ജ്വലിപ്പിക്കുന്നു എന്നും അറിയുക. നാശത്തിനു മുമ്പേ മനുഷ്യന്റെ ഹൃദയം നിഗളിക്കുന്നു. എന്നാൽ താഴ്മയുള്ളവർ എവിടെയും മാനിക്കപ്പെടും. അന്യോന്യം സ്നേഹിക്കുന്നതല്ലാതെ ആരോടും ഒന്നും കടം പെട്ടിരിക്കരുത്. വാങ്ങുന്നതിനേക്കാൾ എപ്പോഴും ഉത്തമം കൊടുക്കുന്നതു തന്നെ. പങ്കുവയ്ക്കുന്നതിൽ സന്തോഷം കണ്ടെത്താൻ കഴിയണം. പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷപ്പെടുന്നു എന്നു പറയരുത് കാരണം ദൈവം ആരേയും പരീക്ഷിക്കുന്നില്ല. കരുണ കാണിക്കാത്തവർക്ക് കരുണയില്ലാത്ത ന്യായവിധി ഒരിക്കൽ ഉണ്ടാകും എന്നറിയുന്നത് നന്ന്. ഒന്നോർക്കുക പാവപ്പെട്ടവനും, പണക്കാരനും ആറടിമണ്ണുമാത്രം.

---

# ക്നാനായ ദീപം അറിയിപ്പുകൾ

പ്രിയ വായനക്കാരെ,

കോവിഡ് കാലത്തിനുശേഷം 2022 സെപ്തംബർ മുതൽ വിദേശത്തേയ്ക്ക് ക്നാനായദീപം മാസിക അയയ്ക്കുവാൻ തുടങ്ങിയിട്ടുണ്ട്. കുടിശ്ശിഖ ഉള്ളവർ ദയവായി കുടിശ്ശിഖ അയയ്ക്കണം. അല്ലാത്ത പക്ഷം മാസിക അയയ്ക്കുകയില്ല. വിദേശത്തേയ്ക്ക് മാസിക അയയ്ക്കുന്നതിന് ഇപ്പോൾ പോസ്റ്റൽ ചാർജ് വളരെ കൂടുതലാണ്. ഓൺലൈൻ കോപ്പി മതിയെങ്കിൽ ദീപത്തിന്റെ Whats app No. 8547584440 ൽ അഡ്രസും, ഈ-മെയിലും നിങ്ങളുടെ Email or Whats app No. അയച്ചു തരിക.

ഓൺലൈനായി കുടിശിഖയും പരസ്യചാർജുകളും അയ്ക്കാവുന്നതാണ്. കുടിശിഖ അറിയാൻ അഡ്രസ്സ് Whats app No. 8547584440 ൽ അയയ്ക്കുക. എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു

**Ac/No. 57004254154**
**Chief Editor andMg Editor**
**Knanaya deepam**
**SBI Chingavanam**
**IFSC SBIN 0070128**

എന്ന്
**മാനേജിംഗ് എഡിറ്റർ**
Ph: 9447563240, 8547584440
Email: kna.deepam@gmail.com

**Knanayadeepam**
**Ac/No. 12990200001178**
**Federal Bank**
**Chingavanam**
**IFSC FDRL 0001299**




ഫാ. റ്റിനോ തോമസ് മഠത്തിൽമണ്ണിൽ
ചെറുമടക്കാലായിൽ

## ക്ഫിഫ്ത്തോ ഞായർ
## വി. ലൂക്കോ. 13:10–17 (19–3–2023)

ഒരു ശാബതു ദിവസം യേശു കർത്താവ് സിനഗോഗിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ പതിനെട്ട് വർഷമായി കൂനിയായ ഒരു സ്ത്രീക്ക് സൗഖ്യം കൊടുക്കുന്ന വേദഭാഗമാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ സ്ത്രീ പതിവിൻ പ്രകാരം സിനഗോഗിൽ ആരാധനയ്ക്ക് വന്നവളാണ്. യേശു കർത്താവും ഈ സ്ത്രീയും തമ്മിലുള്ള ഈ കണ്ടു മുട്ടലിലൂടെ യേശു കർത്താവിന്റെ കരുണാർദ്രമായ സാമീപ്യം സൗഖ്യദായകമായി ആ സ്ത്രീക്ക് അനുഭവവേദ്യമാകുന്നു. യേശു കർത്താവ് കൂനിയായ സ്ത്രീക്ക് സൗഖ്യം നൽകിയതിന് വളരെയധികം പ്രത്യേകതകൾ ഉണ്ട്.

ദൈവപുത്രനായ യേശു കർത്താവ് ആ ദൈവാലയത്തിൽ കടന്നുവന്നത് ഈ സ്ത്രീയുടെ രോഗസൗഖ്യത്തിന് മുഖാന്തിരമായി തീരുന്നു. അവളുടെ കഠിനമായ രോഗാവസ്ഥയിലും അതൊന്നും വക വയ്ക്കാതെ ദൈവാലയത്തിലേക്ക് ആരാധനക്കായി കടന്നുവന്ന അവൾക്ക് ശ്രേഷ്ടമായ പ്രതിഫലം നൽകി യേശുകർത്താവ് അവളെ അനുഗ്രഹിക്കുന്നു. സൗഖ്യം ലഭിക്കാനായി അവൾ യേശു കർത്താവിനെ അന്വേഷിച്ചു നടന്നതായി വി. വേദപുസ്തകത്തിൽ കാണുന്നില്ല. യേശു കർത്താവിനെ കണ്ടു മുട്ടിയപ്പോൾ തന്നെ സുഖപ്പെടുത്തണമേ എന്ന് ഒരു യാചനയും അവൾ സമർപ്പിക്കുന്നില്ല. സൗഖ്യത്തിനായി യേശു കർത്താവിനോട് അപേക്ഷിക്കുവാൻ അവളുടെ പ്രിയപ്പെട്ട ആരുമുണ്ടായിരുന്നില്ല. യേശു കർത്താവ് ഈ സിനഗോഗിൻ വരുമെന്ന് മുൻകൂട്ടി അറിഞ്ഞിരുന്നതുമില്ല. യേശു അവളെ കണ്ട് അവളെ അടുക്കെ വിളിച്ചു "സ്ത്രീയേ നിന്റെ രോഗ ബന്ധനം അഴിഞ്ഞിരിക്കുന്നു എന്ന് പറഞ്ഞു". അവന്റെ കരുണാർദ്രമായ കരം അവളുടെമേൽ വച്ചു. അവൾ ക്ഷണത്തിൽ നിവർന്ന് ദൈവത്തെ മഹത്വപ്പെടുത്തി. യേശു കർത്താവ് യാതൊരു യാചനയോ അപേക്ഷയോ ഇല്ലാതെ അവൾക്ക് സൗഖ്യം കൊടുത്തു.

കൂനിയായ ആ സ്ത്രീ അവളുടെ ദിനചര്യങ്ങൾ നിർവഹിക്കുവാൻ, വെള്ളവും ഭക്ഷണവും കഴിക്കുവാൻ പോലും ബുദ്ധിമുട്ട് അനുഭവിച്ചിരിക്കണം. ദീർഘ കാലമായി കൂനിയ അവസ്ഥയിലായിരുന്നവൾ സാമൂഹ്യ-സാംസ്കാരിക ബന്ധങ്ങളിൽ തിരസ്കരിക്കപ്പെട്ട് ജീവിച്ചവളായിരിക്കാം. രോഗത്തിന്റെ കാല ദൈർഘ്യവും കാഠിന്യവും അവളെ നിരാശയുടെ പടുകുഴിയിലേക്ക് തള്ളിയിരിക്കാം. എങ്കിലും ഈ പ്രതിസന്ധികളുടേയും വേദനകളുടേയും മധ്യത്തിൽ ജീവിക്കുമ്പോഴും ആരാധന മുടക്കാതെ ദൈവാലയത്തിൽ വരുവാൻ കാണിച്ച വിശ്വാസ തീക്ഷ്ണത അവളുടെ രോഗ സൗഖ്യത്തിന് കാരണമാകുന്നു.

കാരുണ്യവാനായ ദൈവം തന്റെ ആരാധകരായി ദൈവാലയത്തിലേക്ക് കടന്നുവരുന്നവരെക്കുറിച്ച് കരുതലുള്ളവനും അവരുടെ ആവശ്യങ്ങളെ നിറവേറ്റുന്നവനുമാണ്. വിശ്വാസികളുടെ ജീവിത വിജയം അവരുടെ ക്രിസ്തുവിനോടുള്ള സമീപനത്തെ ആശ്രയിച്ചായിരിക്കും. ആ സ്ത്രീയുടെ നിശബ്ദമായ നിലവിളിയും നെടുവീർപ്പും യേശു കർത്താവിന്റെ കരുണ നിറഞ്ഞ മനസ്സിന് മനസ്സിലായി. യേശുവിന്റെ കരസ്പർശഗന്ധംവഴി അവൾ പൂർണ്ണ സൗഖ്യം പ്രാപിച്ചു. പ്രതിബന്ധങ്ങൾ നിറഞ്ഞ നമ്മുടെ ജീവിത യാത്രകളിൽ ഈ കൂനിയായ സ്ത്രീയെപ്പോലെ ദൈവീക അനുഗ്രഹങ്ങൾ നേടുവാനും നമുക്ക് സാധിക്കട്ടെ.

## സമിയൊ ഞായർ
## വി. യോഹ. 9:1–41 (26–3–2023)

വി. യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം വിവരിച്ചിരിക്കുന്ന പിറവിയിലെ അന്ധനായ ഒരു മനുഷ്യന് യേശുകർത്താവ് സൗഖ്യം കൊടുക്കുന്ന സംഭവമാണ് ഈ വേദഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നത്. വചനങ്ങളിൽ ഇങ്ങനെ കാണുന്നു "ഗുരോ ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം മൂലമാണ്" എന്ന ശിഷ്യന്മാരുടെ ചോദ്യത്തിന് മറുപടിയായി യേശു കർത്താവ് ഇപ്രകാരം പറഞ്ഞു "ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപംമൂലമല്ല ഇവൻ അന്ധനായത്, ദൈവ മഹത്വം ഇവനിൽ പ്രകടമാകുന്നതിനുവേണ്ടിയാണ്. പാപം മൂലമാണ് രോഗം വരുന്നത് എന്ന ചിന്താഗതി യഹൂദൻമാരുടെ ഇടയിൽ പ്രബലമായിരുന്നു. Hindu Mythology -ൽ ഓരോ വ്യക്തിയുടെയും പാപം അവരുടെ പുനർ ജന്മങ്ങളിലൂടെ പരിഹരിക്കണമെന്ന് പഠിപ്പിക്കുന്നു. ഈ പിറവിയിലെ കുരുടനായ മനുഷ്യന്റെ കാര്യത്തിൽ ആരുടേയും പാപം മുഖാന്തിരമല്ല ഇവൻ കുരുടനായിത്തീർന്നത്. ദൈവത്തിന്റെ പ്രവർത്തികൾ ഇവൻ മുഖാന്തിരം വെളിപ്പെടുത്തുന്നതിന് അയാൾക്ക് ഇത് സംഭവിച്ചു എന്ന് യേശു കർത്താവ് പറയുന്നു. ഈ ലോകത്തിൽ സംഭവിക്കുന്നതായ എല്ലാ സംഭവങ്ങളും ദൈവം അറിയുന്നു. അതിന് ദൈവത്തിന് അധിപത്യവും അധികാരവും ഉണ്ടെന്നും ജന്മനാ അന്ധനായി ഉരുവാകുന്നതിന് മുൻപ് മുതൽ അവന് സംഭവിച്ച എല്ലാ കാര്യങ്ങളും ദൈവത്തിന്റെ പ്രവർത്തിയാണ് എന്ന് യേശു കർത്താവ് വ്യക്തമാക്കുന്നു. വി. യോഹന്നാൻ വിവരിക്കുന്ന ഏഴു "അടയാളങ്ങളിൽ" ആറാമത്തേതാണ് ഈ അത്ഭുത സൗഖ്യമാക്കൽ. ആ ഏഴിൽ ഓരോ ന്നും പ്രത്യേകതകൾ ഉള്ളതാണ്. യോഹന്നാൻ അതിനെ "അടയാളങ്ങൾ" എന്ന് വിളിച്ചിരിക്കുന്നതിന്റെ കാരണം അവ ഓരോന്നും യേശുകർത്താവിന്റെ ദൈവത്വത്തെ എടുത്തു കാണിക്കുന്നു (യോഹ. 20:30,31). ദൈവമഹത്വം ഈ രോഗസൗഖ്യത്തിലൂടെ വെളിപ്പെടുന്നു.

ആത്മീയ അന്ധത ബാധിച്ച സമൂഹത്തിന് ആത്മീയ വെളിച്ചത്തിലേക്ക് വരുവാനുള്ള വലിയ ആഹ്വാനമാണ് യേശുകർത്താവിന്റെ ഈ അത്ഭുത പ്രവർത്തനം. ആ കുരുടനായ ആ മനുഷ്യന് ശാരീരികമായ കാഴ്ചയും ആത്മീയമായ ഉൾക്കാഴ്ചയും ലഭിച്ചു. "ലോകത്തിന്റെ വെളിച്ചമായ" ക്രിസ്തുവിനെ സ്വീകരിക്കുവാൻ നമ്മുക്ക് സാധിക്കണം.

സുറിയാനി പിതാക്കന്മാർക്ക് പ്രത്യേകിച്ച് മോർ അപ്രേമിന് ഏറെ ഇഷ്ടമുള്ള ഒരു പ്രതീകമാണ് ഭാസുരനയനം (Luminous eye). നമ്മുടെ ശരീരിക കണ്ണുകളിൽ പ്രകാശം പതിക്കുമ്പോഴാണ് അതിന് കാണാനാവുന്നത്. മോർ അഫ്രേമിന്റെ പഠിപ്പിക്കലുകൾ അനുസരിച്ച് വിശ്വാസത്തിന്റെ പ്രകാശത്തിലാണ് നമ്മുടെ ഉൾക്കണ്ണുകൾ/ഭാസുര നയനം പ്രകാശിതമാകുന്നത്. വിശ്വാസത്തിന്റെ നയനമുള്ളവർക്കു മാത്രമെ യേശു മശിഹായുടെ മഹത്വം ദർശിക്കാൻ സാധിക്കുകയുള്ളു എന്ന് ആദിമ സുറിയാനി പിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നു ക്രിസ്തീയ ജീവിതത്തിൽ നാം ഓരോരുത്തരും നമ്മുടെ ഹൃദയങ്ങളിൽ യേശു കർത്താവിന്റെ വെളിച്ചത്തോട് കൂടിയ ആ ദിവ്യമായ തുടിപ്പ് വഹിക്കുന്നവരായിരിക്കണം അതാണ് നമ്മുടെ ജീവിത ചൈതന്യവും നമ്മുടെ പാതയിലെ വെളിച്ചവും..

## ഊശാന ഞായർ
## വി. യോഹ. 12:12-19 (02-04-2023)

നാലു സുവിശേഷകന്മാരും ഒരുപോലെ വിവരിച്ചിരിക്കുന്ന യേശു കർത്താവിന്റെ മഹത്വപൂർ ണ്ണവും രാജകീയവുമായ ഊർശലേം പട്ടണ പ്രവേശനമാണ് (വി. മത്താ. 21:1-17, വി. മർക്കോ. 11:1-11, വി. ലൂക്കോ. 19:28-40, വി. യോഹ. 12:12-16). ഈ പെരുന്നാളിലെ അനുസ്മരണങ്ങളുടെയും ശുശ്രൂഷകളുടെയും കേന്ദ്രം ഹീബ്രു ഭാഷയിലെ ഹോഷിയാന എന്ന പദമാണ് ഊശാനയായി പരിണമിച്ചത്. സങ്കീർത്തനങ്ങളിൽ കാണുന്ന ഈ പദത്തിന്റെ അർത്ഥം "ഞങ്ങളെ രക്ഷിക്കണമെ" എന്നാണ് (സങ്കീ.118:25). "രക്ഷിക്കണമെ" എന്ന യാചനയിൽനിന്നു സ്തുതിപ്പായും, ആഹ്ലാദം പ്രകടിപ്പിക്കുവാൻ ഉപയോഗിക്കുന്ന പദമായുമൊക്കെ ഊശാന അർത്ഥ വ്യാപ്തി നേടി. വി. യോഹന്നാന്റെ ഊശാന വിവരണത്തിൽ യേശുകർത്താവിന്റെ രാജ്യത്വത്തിനു പ്രാധാന്യം ലഭിക്കുന്നുണ്ട് (12:12-19) യേശു കർത്താവിന്റെ ഉയർപ്പിൽ പൂർണ്ണമായി വെളിപ്പെടുവാനിരിക്കുന്ന യേശു കർത്താവിന്റെ മഹത്വത്തെക്കുറിച്ചും ഇവിടെ പരാമർശിച്ചിരിക്കുന്നു. യേശു കർത്താവ് തന്റെ പരസ്യ ശിശ്രൂഷയുടെ അവസാന ഘട്ടത്തിൽ ദൈവത്തിന്റെ നഗരമായ ഊർശലേമിലേക്ക് വിജയശ്രീലാളിതനായി പ്രവേശിക്കുന്നത് വി. യോഹന്നാൻ മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. വിനീതനായി എളിമ ധരിച്ച് നിന്ദ്യ മൃഗമായ കഴുതയെ വാഹനമാക്കി ഇസ്രായേലിനു വാഗ്ദാനം ചെയ്യപ്പെട്ട മശിഹായും, രക്ഷകനും, ദാവീദു പുത്രനും, രാജാവും കർത്താവുമായ മ്ശിഹായെ ജയ ഘോഷത്തോടെ ജനങ്ങൾ വരവേൽക്കുന്നു. രാഷ്ട്രീയമായ മ്ശിഹായെ പ്രതീക്ഷിച്ച ജനങ്ങളുടെ മധ്യത്തിലേക്ക് കിരീടവും ചെങ്കോലും കുതിരപ്പടയും ഒന്നുമില്ലാതെ ആ രാജാവ് കടന്നുവന്നു. പുരാതന കാലത്ത യുദ്ധത്തിൽ ജയിച്ചുവരുന്ന രാജാക്കന്മാർക്ക് ഇത്തരത്തിൽ സ്വീകരണം കൊടുത്തിരുന്നു. മഹാനായ അലക്സാണ്ടറിനേയും, അഗ്രിപ്പ രാജാവിനേയും ഇത്തരത്തിൽ സ്വീകരിച്ചിരുന്നതായി യഹൂദ ചരിത്രകാരനായ ജോസഫസ് രേഖപ്പെടുത്തിയിട്ടുണ്ട്.

യേശുകർത്താവിന്റെ രാജകീയ എഴുന്നള്ളത്തിന് പ്രത്യേകതകൾ ഉണ്ട്. കുതിക്കുന്ന യുദ്ധവാഹനമായ ശക്തിയുടെ പ്രതീകമായ കുതിരയെ ഉപേക്ഷിച്ച് കഴുതയെ തിരഞ്ഞെടുത്ത ക്രിസ്തു നമ്മെ കാട്ടിത്തരുന്നത് എളിമയുടെയും, അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും പാതകളാണ്. കുതിക്കാത്ത, കിതക്കുന്ന കഴുതയെ തിരഞ്ഞെടുക്കുന്ന കർത്താവ് സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് മാറ്റിനിർത്തപ്പെട്ട പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹത്തിന്റെ വലിയ ആശ്വാസവും പ്രത്യാശയും ആണ്. ബുദ്ധിഹീനതയുടേയും പരിഹാസത്തിന്റെയും പര്യായമായി നാം കഴുതയെ പരിഗണിക്കാറുണ്ട്. എന്നാൽ വി. വേദപുസ്തകത്തിൽ പല സന്ദർഭങ്ങളിലും കഴുതക്ക് പ്രാധാന്യം ലഭിച്ചിട്ടുണ്ട്. ശലോമോനെ രാജാവായി അഭിഷേകം ചെയ്യുവാൻ ഗീഹോനിലേക്ക് കൊണ്ടുപോയതും അഭിഷേകത്തിനുശേഷം തിരിച്ചു കൊണ്ടുവന്നതും ദാവീദ് രാജാവിന്റെ കഴുത പുറത്താണ്. (1.രാജ 1:33-38) നവാഭിഷിക്തനായ രാജാവ് കഴുതപ്പുറത്ത് എഴുന്നള്ളിയത് ഒരു പ്രതീകമായി നിലനിൽക്കുമ്പോൾ അത് യേശു ക്രിസ്തുവും സ്വീകരിച്ചു. നാം നമ്മുടെ ജീവിതത്തിൽ ആ കഴുതയെപ്പോലെ മാറ്റി നിർത്തി അവഗണിക്കപ്പെട്ട് പരിഹാസ പാത്രമാകുമ്പോൾ ഓർക്കുക നീ ദൈവത്തെ വഹിക്കാൻ ഒരുക്കപ്പെട്ടു എന്ന്.

## ഉയർപ്പിന്റെഞായർ
## വി. മർക്കോ. 16:1-8 (9-04-2023)

"യേശുമശിഹ സത്യമായും മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തു", ഹാലേലൂയ്യാ! ആദിമ സഭയുടെ ഏക വിശ്വാസ പ്രഘോഷണം ഇതായിരുന്നു. യേശു കർത്താവ് കബറടക്കപ്പെട്ടതിനുശേഷം മൂന്നാം ദിവസം അവിടുന്നു ശരീരത്തോടെ ഉയർത്തെഴുന്നേറ്റു എന്നുള്ള ദൈവീക സത്യം നാല് സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു. കാൽവറിയിലോ, കല്ലറയിലോ അവസാനിക്കാതെ ആ കല്ലറയെ ശൂന്യമാക്കി മൂന്നാംനാൾ ഉത്ഥാനം ചെയ്ത ക്രിസ്തു നൽകുന്ന പ്രത്യാശയാണ് ക്രിസ്ത്യാനികളായ നമ്മെ നയിക്കേണ്ടത്; അതാണ് ഉയിർപ്പു പെരുന്നാളിന്റെ വലിയ സന്ദേശവും.

കല്ലറ ഒരാളുടെ ജീവിതത്തിന്റെ അവസാന രംഗം ആകാതിരിക്കുന്നത് ക്രിസ്തുവിലൂടെയാണ്. യേശുകർത്താവിന്റെ ഉത്ഥാനത്തിലൂടെ ആ ഒഴിഞ്ഞ കല്ലറ നിത്യജീവന്റെ വലിയ വാതിലായി തീർന്നിരിക്കുകയാണ്. കല്ലറയിൽ അവസാനിക്കുന്നതല്ല ക്രിസ്തീയ ജീവിതം. അത് നിത്യ ജീവന്റെ പുതിയ കവാടം തുറക്കലാണെന്ന വലിയ ബോധ്യവും പ്രത്യാശയുമാണ് ക്രിസ്തുവിന്റെ ഒഴിഞ്ഞ കല്ലറ നമ്മുക്ക് നൽകുന്നത്. ലോക ചരിത്രത്തിൽ ഇന്നുവരെ ഒരു കല്ലറയും ശൂന്യമാക്കപ്പെട്ടിട്ടില്ല, യേശുക്രിസ്തുവിന്റെ അല്ലാതെ ഉത്ഥാനത്തെക്കുറിച്ചുള്ള പ്രാരംഭ പ്രബോധനങ്ങൾക്കും ശൂന്യമായ കല്ലറക്കും തമ്മിൽ അഭേദ്യ ബന്ധമുണ്ടെന്ന് പരി. പൗലോസ്ശ്ലീഹായിൽനിന്നും മനസ്സിലാക്കാം (1 കോരി 15:3-5). നമ്മുടെ ജീവിതയാത്രകൾ നമുക്ക് ധാരാളം ഗത്സമനികളും ഗോഗുൽത്താകളും സമ്മാനിച്ചിട്ടുണ്ടാകാം. പക്ഷേ യേശു കർത്താവിന്റെ ഉത്ഥാനവും ആ ഒഴിഞ്ഞ കല്ലറയുമാണ് നമ്മുടെ വലിയ സമാധാനവും പ്രത്യാശയും. യേശു കർത്താവിന്റെ നിഴലായി നടന്ന ശിഷ്യന്മാർ, അവനിൽനിന്ന് രോഗ സൗഖ്യം ലഭിച്ചവർ, അവന്റെ അത്ഭുതങ്ങൾക്ക് സാക്ഷികളായവർ, കാൽവറിവരെ അവനെ അനുഗമിച്ചവർ അങ്ങനെ അനേകരെ വി. വേദപുസ്തകത്തിൽ നാം കാണുന്നു. എന്നാൽ ഉത്ഥാന വാർത്ത ആദ്യമായി അറിഞ്ഞതും ഒഴിഞ്ഞ കല്ലറക്ക് സാക്ഷികളായി തീരുവാനും സാധിച്ചത് യേശു കർത്താവിനെ തേടിവന്ന ചില സ്ത്രീകൾക്ക് ആയിരുന്നു.

"ശാബത് കഴിഞ്ഞപ്പോൾ മഗ്ദലനക്കാരി മറിയാമും, യാക്കോബിന്റെ മാതാവ് മറിയാമും, ശോലൂമും വന്ന് അവനെ പൂശുവാനായി സുഗന്ധ ദ്രവ്യങ്ങൾ വിലയ്ക്ക് വാങ്ങി ഞായറാഴ്ച അതിരാവിലെ സൂര്യൻ ഉദിച്ചപ്പോൾ അവർ കല്ലറവരെ ചെന്നു (വി. മർക്കോ. 16:1-2).

ആദിമ സഭാ പിതാവായ യൂഹാനോൻ ക്രിസോസ്റ്റം സാക്ഷ്യപ്പെടുത്തുന്നത് "സ്ത്രീകൾ ആദ്യം കാണുകയും

തങ്ങളോട് പറഞ്ഞ കാര്യങ്ങൾ മാത്രമല്ല അവർ കണ്ട കാര്യങ്ങളും സന്തോഷ ത്തോടെ പ്രഖ്യാപിക്കുകയും ചെയ്തു." സമവീക്ഷണ സുവിശേഷങ്ങളിൽ (Synoptic Gospels) സ്ത്രീകൾ ഒരു പ്രാവശ്യം കല്ലറ സന്ദർശിക്കുന്നതായി വിവരിക്കുമ്പോൾ മഗ്ദലനക്കാരി മറിയം രണ്ട് പ്രാവശ്യം കല്ലറ സന്ദർശിക്കുന്നതായി വി. യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു (യോഹ. 20:1-11). ധൈര്യശാലികളായ ഈ സ്ത്രീകൾ യേശുകർത്താവിന്റെ കുരിശുമരണത്തിനും (വി.മത്താ. 27:55-56) സംസ്ക്കാരത്തിനും സാക്ഷ്യം വഹിച്ചിരുന്നു (വി. മത്താ. 27:61). യേശുകർത്താവിന്റെ ശിഷ്യന്മാർപോലും അവനെവിട്ട് ഓടിയകന്ന ഈ അവസരങ്ങളിൽ ഈ സ്ത്രീകൾ ധൈര്യമായി ഇതിൽ സന്നിഹിതരായി. ഉത്ഥാന സന്ദേശം പ്രഥമമായി ശ്ലീഹന്മാരെ അറിയിക്കുവാനുള്ള ഭാഗ്യവും ആ സ്ത്രീകൾക്കുണ്ടായി. ശ്രേഷ്ടമായ ഒരു ദൗത്യമാണ് ദൈവം അവർക്ക് നൽകിയത്. ആദിമ സഭാപിതാക്കന്മാർ പഠിപ്പിക്കുന്നത് ശ്രദ്ധേയമാണ്. ഒരു സ്ത്രീയിലൂടെ പാപവും മരണവും ലോകത്തിൽ പ്രവേശിച്ചത്. അതുകൊണ്ടു തന്നെ യേശുകർത്താവിന്റെ ഉത്ഥാനത്തിൽ നിന്നു ലഭിച്ച പുതുജീവന്റെ പ്രഘോഷകരാകാൻ ദൈവത്തിന്റെ കരുണയാൽ സ്ത്രീ വംശത്തെ അനുവദിച്ചു.

# യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ



**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, റാന്നി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, റാന്നി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഏത്സമ്മ, കുറിച്ചി**

**പരി. ദൈവമാതാവിനോടുള്ള ഉപകാരസ്മരണ**

**ഒരു വിശ്വാസി, കട്ടപ്പന**

# കശ്ശീശ്ശ പട്ടം സ്വീകരിച്ചു



വെളിയനാട് സെന്റ് സ്റ്റീഫൻസ് ക്നാനായ വലിയപള്ളി ഇടവകയിൽ കണ്ണാടിപ്പുഴയിൽ എം.എ. ഫിലിപ്പിന്റെയും സോമോൾ ഫിലിപ്പിന്റെയും മകൻ **ഡി. സിജോ ഫിലിപ്പ്** 10-02-2023 വെള്ളി യാഴ്ച വെളിയനാട് സെന്റ് സ്റ്റീഫൻസ് ക്നാനായ വലിയപള്ളിയിൽ വച്ച് ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ തൃക്കരങ്ങളാൽ കശ്ശീശ്ശാ പട്ടം സ്വീകരിച്ചു. വെളിയനാട് പാലപ്രയിൽ ജയമോൻ മാത്യുവിന്റെയും മഞ്ജു ജയമോന്റെയും മകൾ മിന്നു ജയമോനാണ് സഹധർമ്മിണി.



റാന്നി സെന്റ് തോമസ് ക്നാനായ വലിയപള്ളി ഇടവകയിൽ പുളിമൂട്ടിൽ പരേതനായ എം. എ. ജോസഫിന്റെയും ജോളി ജോസഫിന്റെയും മകൻ **ഡി. സ്റ്റെവിൻ ഏബ്രഹാം ജോസഫ്** 14-02-2023 ചൊവ്വാഴ്ച റാന്നി സെന്റ് തോമസ് വലിയപള്ളിയിൽ വച്ച് ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെയും, റാന്നി മേഖല മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനിയുടെയും തൃക്കരങ്ങളാൽ കശ്ശീശ്ശാ പട്ടം സ്വീകരിച്ചു. മാന്നാർ മാലിയിൽ മർക്കോസ് കുര്യന്റെയും ഷൈല മർക്കോസിന്റെയും മകൾ ജെമി മർക്കോസാണ് സഹധർമ്മിണി.




വിശന്നലയുകയായിരുന്ന സിംഹം മരത്തണലിൽ ഉറങ്ങുകയായിരുന്ന ഒരു മുയലിനെ കണ്ടു. ഒരടിക്ക് കഥ കഴിച്ചുകളയാം എന്നു കരുതി കൈ ഉയർത്തി.

അതാ, കലമാൻ വരുന്നു. കുറെക്കൂടി മികച്ച ഭക്ഷണം അതാണല്ലോ. ഓടിച്ച് പിടിക്കാം എന്ന വിശ്വാസത്തോടെ സിംഹം മാനിന്റെ പുറകെ കുതിച്ചു.

ഓട്ടത്തിന്റെ ബഹളം കേട്ട് മുയൽ ഉറക്കമുണർന്നു. അതിന് കാര്യം മനസ്സിലായി. ഉടനെ സ്വന്തം സങ്കേതത്തിലേക്ക് ഓടി രക്ഷപ്പെടുകയും ചെയ്തു.

വളരെ നേരം പുറകെ ഓടിയെങ്കിലും മാനിനെ കിട്ടുക വിഷമമാണെന്നു സിംഹത്തിന് ബോധ്യപ്പെട്ടു. മടങ്ങിച്ചെന്ന് ഉറങ്ങുന്ന മുയലിനെ ശാപ്പാടാക്കാമെന്നായി അടുത്ത ചിന്ത.

പക്ഷേ, മരത്തണലിൽ എത്തിനോക്കിയപ്പോഴോ? മുയലിനെയും അവിടെ കണ്ടില്ല!

“ഞാൻ എന്തു വിഡ്ഢിയാണ്! സിംഹത്തിന് ഖേദം തോന്നി. ‘കൈയിൽ കിട്ടിയതിനെ കളഞ്ഞുകൊണ്ടാണല്ലോ മികച്ച മറ്റൊന്നിനുവേണ്ടി ഞാൻ ഓടിയത്! ഒടുവിൽ രണ്ടും ഇല്ലാതായി.

***കൈവന്ന ഭാഗ്യത്തിൽ തൃപ്തരാകാതെ കൂടുതൽ വലിയ ഭാഗ്യത്തിനുവേണ്ടി ഓടുന്നവർ നിർഭാഗ്യവാന്മാരാകുന്നു.***

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

## മാർച്ച് മാസത്തിലെ ചോദ്യങ്ങൾ

1. ഏത് മരുഭൂമിയിലാണ് യോഹന്നാൻ സ്നാപകൻ പ്രസംഗിച്ചത്?
2. യേശു ഒരു സ്ത്രീയെ കൈക്കു പിടിച്ച് എഴുന്നേല്പിച്ചു. ആരെ?
3. കർത്താവിന്റെ ദൂതനെ കണ്ട് ഭ്രമിച്ചു പരവശനായ പുരോഹിതൻ ആര്?
4. കാനാവിലെ കല്യാണ വീട്ടിൽ എത്ര കല്പാത്രത്തിലെ വെള്ളമാണ് യേശു വീഞ്ഞാക്കിയത്?
5. ശമര്യ സന്ദർശത്തിനു ശേഷം യേശു പോയതെവിടേക്ക്?
6. അനീതിയുടെ കൂലികൊണ്ടു നിലം മേടിച്ചവൻ ആര്?
7. “മലിനമോ അശുദ്ധമോ ആയതൊന്നും ഞാൻ ഒരു നാളും തിന്നിട്ടില്ല” എന്ന പറഞ്ഞതാര്?
8. “സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല” എന്നു പറഞ്ഞതാര്?
9. ന്യായപ്രമാണം മുഴുവൻ അടങ്ങിയിരിക്കുന്ന വാക്യം ഏത്?
10. ജീവപുസ്തകത്തിൽ പേരുള്ളവൻ എന്നു പൗലോസ് രേഖപ്പെടുത്തിയ തന്റെ കൂട്ടുവേലക്കാരൻ ആര്?

## ഫെബ്രുവരി മാസത്തിലെ ഉത്തരങ്ങൾ

1. ശീലോഹാം (യോഹ. 9:7)
2. യോന
3. ഫിലിപ്പി (അപ്പൊ. പ്ര. 16:12)
4. സക്കായി (ലൂക്കോ. 19:1–8)
5. ഒലിവുമല (2 ശമു. 15:30)
6. ലോത്തിന്റെ ഭാര്യ (ഉല്പ. 19:26)
7. വിലക്കപ്പെട്ട കനി (ഉല്പ. 3:3)
8. ശലോമോൻ
9. ശീമോനെ (മത്താ. 16:17)
10. യെരിഹോ (യോശുവ.6)


# സ്ഥലം വില്പനയ്ക്ക്

റാന്നി മുണ്ടപ്പുഴ ഭാഗത്ത് 20 സെന്റ് സ്ഥലം വില്പനയ്ക്ക്. വെള്ളം കയറാത്ത സ്ഥലം ആണ്. 365 ദിവസം കിണർ വെള്ളം ഉണ്ട്. വീടു വെക്കാൻ അനുയോജ്യം. ക്നാനായ സമുദായക്കാർക്ക് മുൻഗണന.

**Contact : 9947313653**

# 21-ാമത് ക്നാനായ കൺവൻഷൻ 2023



# MOR GREGORIOS SYRIAN KNANAYA CHURCH
# ABU DHABI, UAE

## Managing Committee

Vicar



**Fr. Jacob Thomas**
Thoppil
Vennikulam

Trustee



**Aneesh Chacko**
Chackacheril, Venpala

Secretary



**Jobin Joy**
Adackakulathil,Vallamkulam

## COMMITTEE MEMBERS

Joint trustee



**Liju Thomas**
Purathayil
Eraviperoor



**Aneesh Thomas**
Mecheril
Chingavanam



**Jacob George**
Pattarumadathil
Ernakulam

Joint Secretary



**Shibin Abraham**
Kuruppanparambil
Eraviperroor



**Lijo Mathew**
Edayadiyil, Thengaly



**Kurian Thomas**
Padinjarekuttu
Eraviperoor



**Mathew Joseph**
Cottackal, Kottayam




**Renju Mathew**
Edayadiyil, Kuttoor



**Tinku Raju**
Kovoor, Ranny

Auditor



**Mathewkutty Thomas**
Padinjarekuttu,Eraviperoor

Advt - O


ST. MARY'S KNANAYA PRAYER GROUP
RIYADH-SAUDI ARABIA
MANAGING COMMITTEE-2023
SPIRITUAL COORDINATOR
BENNY UTHUPPAN
Edasseriath House
St Mary's Jerusalem Knanaya Church
Kuttoor
Contact: +966 502908024
St. Mary's Knanaya Prayer Group - Riyadh
PRESIDENT
MANU MATHEW
Pazhayapeedikayil Karakkattu
St Mary's Knanaya Valiya Palli
Kallissery
Contact: +966 502430879
SECRETARY
SUBIN KURIEN
TRUSTEE
REJI CHACKO
SUNDAY SCHOOL HEAD MASTER
MANOJ M KURIAKOSE
VANITHA SAMAJAM CO-ORDINATOR
MINI SAJO
COMMITTEE MEMBERS
SUNIL IDICULLA
BAIJU CHACKO
NIJU THOMAS
ROYCE ABRAHAM
SHINTU ABRAHAM MATHEW

Advt - O




Advt -O

## പാത്രിയർക്കാ ദിനം



പാത്രിയർക്കാ ദിനത്തോടനുബന്ധിച്ചു ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി പാത്രിയർക്കാ പതാക ഉയർത്തുന്നു.




Advt -O

# 4 – ാം ചരമവാർഷികം

4 – 4 – 2023



## ചിന്നമ്മ മാത്യു (8 5)

പള്ളിയമ്പിൽ, പടിഞ്ഞാറ്റോതറ

തിരുവല്ല

POABS
GOODNESS IS LIFE

Advt - S

**1 – ാം ചരമവാർഷികം**

05 – 04 – 2023

**12 – ാം ചരമവാർഷികം**

18 – 01 – 2023



## കെ. യു. മാത്യു    ചാച്ചിക്കുട്ടി മാത്യു

**കടക്കേത്ത്, (മുരിക്കേത്ത്), പുല്ലുപ്രം, റാന്നി**

**"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



**8 – ാം**

## ചരമവാർഷികം

16 – 03 – 2023

## എം. പി. മാത്യു

## (മാത്തുക്കുട്ടി)

**മാലത്തുശ്ശേരിൽ, ചിങ്ങവനം**

**"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായ്**
**നിത്യതയുടെ തീരത്തു**
**വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"**

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## മൂന്നാം ചരമവാർഷികം

28-3-2023



## അമ്മാൾ ഏബ്രഹാം

### എരുത്തിപ്പാട്ട്, ഇരവിപേരൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 3-ാം ചരമവാർഷികം

18-03-2023



## കെ. സി. ഏബ്രഹാം

### കൈതോലിൽ, ഇരവിപേരൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*


Advt - O

## 5-ാം ചരമവാർഷികം

16-4-2023

## 8-ാം ചരമവാർഷികം

4-3-2023





## K. S. Mathew (Tomy)

## Litto K. Mathew

## Kdaithara, Chingavanam

By Sorrowing Family

Advt - R

## 40-ാം ചരമദിനം

22-03-2023



## മറിയാമ്മ ജേക്കബ്

### കാട്ടുവേലിൽ, കുറ്റൂർ

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



## 5 – ാം ചരമവാർഷികം

31 – 03 – 2023

# കുഞ്ഞൂഞ്ഞമ്മ കളത്തിൽ

## മാധവൻപടി, കോട്ടയം

Advt - R

സ്നേഹസ്മരണകളോടെ,
ഭർത്താവ് : തോമസ് തോമസ് (തോമസ് കുട്ടി)
മക്കൾ : ഷാജി തോമസ്, ഷിജു തോമസ്, ഷെറിൻ തോമസ്
മരുമക്കൾ : നിഷാ, ജസീനാ, അൻസു
കൊച്ചുമക്കൾ : ലിയാ, ലിവിയാ, ക്രിസ്റ്റാ, അച്ചു, ഹന്ന

## രണ്ടാം ചരമവാർഷികം

12 – 04 – 2023



Advt -S

# മറിയാമ്മ തോമസ് (മോളി)

## കൊടിഞ്ഞൂർ, തോട്ടപ്പുഴ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*ഭർത്താവ്– കെ.ജെ. തോമസ് (കുഞ്ഞൂഞ്ഞുകുട്ടി)*
*മക്കൾ– എബി, സിബി, സിലി*
*മരുമക്കൾ–ബിജു, ജൂലി, ജോബി*

## 2nd Birthday in Heaven

19 – 3 – 2023



Advt - R

# K.I. THOMAS

## Kallooparambil House, Mundapuzha, Ranni

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 28 – ാം ചരമവാർഷികം
9- 03 -2023

## 4 – ാം ചരമവാർഷികം
1- 03 -2023



## സ്കറിയ സ്കറിയ
(കറിയാക്കുട്ടി)


## അമ്മിണി സ്കറിയ

മണിമലപാറയിൽ, ചിങ്ങവനം

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O



## 40 – ാം ചരമദിനം
19 – 03 – 2023

# സി. കെ. തോമസ്

(Rtd. Asst. Engineer, KSEB)

## ചേലച്ചിറ മങ്ങാട്ട്, കുറിച്ചി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

| | | |
|---|---|---|
| ഭാര്യ | : | ഏലിയാമ്മ തോമസ് |
| മക്കൾ | : | സജി, രാജീവ്, ജെസ്സി, ബിൻസി |
| മരുമക്കൾ | : | സജിനി (പുറത്തേരിയിൽ), ലെനി (പള്ളിയമ്പിൽ) സ്കറിയ (ചതുരതുണ്ടിയിൽ), Late രാജു (ക്ടായിത്തറ) |
| കൊച്ചുമക്കൾ | : | ഫാ. തോമസുകുട്ടി – റ്റിയ, ഫാ. ഷിബിൻ – രാഖി, നിശാന്ത് – രേഷ്മ, റൈനു – റിറ്റു, റീമ റിയ – സുമിത്ത്, നിറ്റിൻ – മനു, റൂബി – റ്റിജു, Late റിക്കി |

Advt - G

# 1-ാം ചരമവാർഷികം

05-03-2023



**പി എ കുറിയാക്കോസ് (ബേബി)**
പുതുവാളേട്ട്
ഇരവിപേരൂർ

06-03-2023



**സൈജു & വിബി**
വഞ്ഞിപ്പുഴയിൽ, സചിവോത്തമപുരം,
പുത്തൻപാലം, കുറിച്ചി


"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
ഇനിയും കാണാമെന്നുള്ള പ്രത്യാശയോടെ"

By Sorrowing Family

Advt -S


---

## 10 – ാം ചരമവാർഷികം
25 – 3 – 2023



**Abraham Pappen**

## 26 – ാം ചരമവാർഷികം
19 – 1 – 2023



**M. P. Raju**

**Mepparathu,**
**Blockpadi, Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

---

## 17 – ാം ചരമവാർഷികം
17 – 3 – 2023



**മാത്യു അലക്സാണ്ടർ**
മണ്ണാട്ടുകോയിപ്പുറത്തുപറമ്പിൽ, ഇരവിപേരൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 7 –ാം ചരമവാർഷികം

28 – 3 – 2023



Advt - S

## ചിന്നമ്മ ഏബ്രഹാം

കല്ലുകുഴിയിൽ, കവിയൂർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## ഉറുമ്പിക്കുന്നേൽ കുടുംബം





**സ്കറിയാ മാത്യു** | **അന്നമ്മ മാത്യു**

തുരുത്തിക്കാട്

5 –ാം ചരമവാർഷികം
17 – 03 – 2023

10 –ാം ചരമവാർഷികം
3 – 03 – 2023

"ഞങ്ങൾ നിങ്ങളിൽ നിന്നും അകന്നുപോയിട്ടില്ല
ഞങ്ങളുടെ സ്നേഹവും കരുതലും എന്നും
നിങ്ങളോടു കൂടെ ഉണ്ടായിരിക്കും"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 6th Death Anniversary

30-3-2023



Advt -O

25-03-1938 - 30-03-2017

## E.T. ABRAHAM (Avarachen)

Ezhumayil, Chingavanam

***"Every time I think of you, I give thanks to my God" (Phil. 1:3)***

Valsa Abraham
Dr Manoj, Dr Sina, Irene & Abigail
Dr Manju, Santhosh, Lydia & Asher

## 4th Birthday in Heaven

**04 - 04 - 2023**



Advt -R

## C. M. MARKOSE

ചേലച്ചിറ കല്ലോലിക്കൽ
എസ്.പുരം, കുറിച്ചി

സന്തപ്ത കുടുംബാംഗങ്ങൾ

## IInd Death Anniversary

07-04-2023



Advt - O

**KUNJUNJAMMA CHACKO**

**Chirayil, Poovanthuruthu**

Born 17-05-1937 Died 07-04-2021

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 7-ാം ചരമവാർഷികം

26-03-2023



Advt - O

**അന്നമ്മ ഇസ്രയേൽ**

**വേലുകിഴക്കേതിൽ, കുറ്റൂർ, തിരുവല്ല**

*സന്തപ്ത കുടുംബാംഗങ്ങൾ*

## 38th year of Demise

21-02-2023

## 3rd year of Demise

27-03-2023





**T. Thomas (Rajan)**

**Pennamma Rajan**

**Thamarappally, Ranny**

Advt - O

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Sorrowing Family

## 2nd Birthday in Heaven

27-3-2023



Advt - O

**K. P. Abraham**

(Rtd. Sales Tax Officer)

**കോയിത്തറ, കുറിച്ചി**

"നിത്യതയിൽ ഒരുനാൾ കാണുന്നതുവരെ ഞങ്ങളുടെ
ഹൃദയങ്ങളിൽ അമൂല്യമായിരിക്കും"

*സന്തപ്ത കുടുംബാംഗങ്ങൾ*



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

**കഴിഞ്ഞ ലക്കം തുടർച്ച**

മാതാപിതാക്കളുടെ നേരിട്ടുള്ള സംരക്ഷണത്തിന്റെ നിഴലിൽനിന്നും ലോകത്തിന്റെ അരക്ഷിതവും ചതിക്കുഴികൾ നിറഞ്ഞതുമായ വിശാലതയിലേക്ക് കാൽവയ്ക്കുന്നതുമായ കാലമാണ് കൗമാരകാലം. അപക്വതയിൽനിന്നും പക്വതയിലേക്കുള്ള പാലം. തികച്ചും ആരോഗ്യപരവും പ്രവർത്തനനിരതവുമായ ഒരു ജീവിതത്തിലേക്കാണ് തന്റെ മകന്റെ/ മകളുടെ യാത്രയെന്ന് ഉറപ്പ് വരുത്തേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്. 'Flight of Ideas' ന്റെ കാലം എല്ലാ കാര്യങ്ങളിലും എടുത്തുചാടും. ഒരു കാര്യത്തിലും ഉറച്ചു നിൽക്കുകയില്ല. മാതാപിതാക്കൾ പറയുന്നത് മറയത്തരമാണെന്നും തന്റെ ചിന്താഗതികൾ ആണ് ശരിയെന്നുമുള്ള മിഥ്യാധാരണ വച്ചു പുലർത്തുന്ന കാലം.

**രക്ഷിതാക്കളിൽനിന്നും സുഹൃത്തിലേക്ക്**

ഈ കാലഘട്ടത്തിലാണ് രക്ഷിതാക്കളുടെ സംരക്ഷണവലയത്തിൽനിന്നും സുഹൃത്തുക്കളുടെ മായാവലയത്തിന്റെ മാസ്മരികതയിലേക്ക് ആകർഷിക്കപ്പെടുന്നത്. സുഹൃത്തുക്കളാണ് ശരിയെന്നു ധരിച്ചുകൊണ്ട് അവരുടെ ഉപദേശങ്ങൾക്കും നിർദ്ദേശങ്ങൾക്കും ചെവി കൊടുക്കുകയും മാതാപിതാക്കളുടെ അഭിപ്രായങ്ങളെ നിസ്സാരമായി കാണുകയും ചെയ്യുന്ന പ്രവണത ഇവരിൽ വളരും. അതിനാൽ മാതാപിതാക്കൾ കുട്ടികളുടെ വളർച്ചക്ക് അനുസരണമായി ഉയരണം. Teenage കാരുടെ മാതാപിതാക്കൾ 'സുഹൃത്ത്' എന്ന സ്ഥാനത്തേക്ക് മാറണം.

മാതാപിതാക്കളും കൗമാരക്കാരും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ സാധാരണമാണ്. മക്കൾ പുരോഗമന ചിന്താഗതിക്കാരും (New Generation) മാതാപിതാക്കൾ പഴമക്കാരും (Old Generation) ആണെന്ന് Label ചെയ്യപ്പെടാം. മാതാപിതാക്കളുടെ ആശയങ്ങൾ പഴഞ്ചനാണെന്നും മക്കൾ ഉത്തരവാദിത്വമില്ലാത്തവരാണെന്നും ആരോപണ ഉണ്ടായേക്കാം. ഇത്തരം സന്ദർഭങ്ങളിൽ കുട്ടികളെക്കാൾ മാതാപിതാക്കൾ പക്വതയുള്ളവരാകണം. അവർ കൗമാരകാലത്തായിരുന്നപ്പോൾ അവരുടെ ചിന്താഗതികളെക്കുറിച്ചും അവരുടെ മാതാപിതാക്കളോട് കലഹച്ചിരുന്നതിനെയും ഒന്നോർത്തെടുക്കണം. അന്ന് അവർ കടന്നുപോയ മാനസിക സംഘർഷങ്ങളും മിഥ്യാധാരണകളും ഇന്ന് മറ്റൊരു രൂപത്തിൽ അവരുടെ കുട്ടികളിൽ പ്രതിഫലിക്കുന്നുവെന്ന് തിരിച്ചറിയണം. നാം കുട്ടികളെ കുറ്റപ്പെടുത്തുന്ന അതേ ആരോപണങ്ങൾ മറ്റൊരു രീതിയിൽ നമ്മുടെ മാതാപിതാക്കൾ നമ്മെക്കുറിച്ചും പറഞ്ഞിട്ടുള്ളതാണ്. നമ്മുടെ കാലത്ത് നമ്മുടെ മാതാപിതാക്കളോട് നാം സംസാരിച്ചിട്ടുള്ള 'Tone'-ൽ അല്ലായിരിക്കും നമ്മുടെ കുട്ടികൾ നമ്മോട് സംസാരിക്കുന്നത്. അതോർത്ത് വ്യാകുലപ്പെടേണ്ട. നിങ്ങളുടെ മുമ്പിൽ നിൽക്കുന്ന Teenage കാരനിൽ നിങ്ങൾ നിങ്ങളെ കാണണം. സ്വന്തം ഭൂതകാലത്തിൽനിന്ന് വളമെടുത്ത് വളരുന്നവർക്ക് കൗമാരക്കാരായ മക്കളെ പിന്നിൽ നിന്നോ മുന്നിൽനിന്നോ ഫലപ്രദമായി നയിക്കുവാൻ കഴിയും.

"അച്ചോ ഒരു കാര്യം പങ്കു വച്ചോട്ടെ". ബിന്ദു ചോദിച്ചു.

"അതിനെന്താണ് ബിന്ദു സംസാരിക്കുമ്പോൾ എനിക്ക് Rest കിട്ടുമല്ലോ.

അച്ചൻ പാതി തമാശയും പാതി കാര്യവുമായി പറഞ്ഞു. എല്ലാവരും കൈയ്യടിച്ച് ബിന്ദുവിനെ പ്രോത്സാഹിപ്പിച്ചു.

"എന്റെ മകന് 16 വയസ്സാണ് പ്രായം. ഞങ്ങൾ നല്ല അച്ചടക്കത്തിലാണ് വളർത്തിയത്. ഇപ്പോൾ പലപ്പോഴും ഞങ്ങൾ പറയുന്നതിന് മറുത്തു പറയുക. വിപരീതമായി പ്രവർത്തിക്കുക. ചോദ്യം ചെയ്താൽ ദേഷ്യപ്പെടുക, ഭക്ഷണം കഴിക്കാതിരിക്കുക, അനാവശ്യമായി ശബ്ദം ഉയർത്തി സംസാരിക്കുക എന്നിങ്ങനെ വിപരീതഫലം ഉണ്ടാക്കുന്ന പ്രവർത്തികൾ ചെയ്യുന്നു. ഞങ്ങളുടെ ആശയങ്ങളെ ഉൾക്കൊള്ളാൻ കഴിയാതെ വരുന്നു. ഞങ്ങൾ ആകെ വിഷമത്തിലാണ്. എന്തു ചെയ്യണമെന്ന് അറിയാൻ കഴിയാതെ പോകയാണ്."

ബിന്ദു അല്പം വിഷമത്തോടെയാണ് സംസാരിച്ചത്.

ബിന്ദുവിന്റെ അനുഭവം ഇവിടിരിക്കുന്ന പലർക്കും ഉള്ളതാണ്. ഇത് ഒറ്റപ്പെട്ട സംഭവമല്ല. മാതാപിതാക്കളുടെ വഴിയിൽനിന്നും മാറി നടക്കുവാനുള്ള പ്രവണത ഈ പ്രായത്തിൽ കുട്ടികൾക്കുണ്ടാകും. ഈ പ്രവണത കൗമാരത്തിന്റെ ഒരു പ്രത്യേകതയാണ്. ഇതോർത്ത് മാതാപിതാക്കൾ വിഷമിക്കേണ്ടതില്ല. വ്യത്യസ്ഥമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ഇഷ്ടപ്പെടുന്ന പ്രായമാണിത്.

മാതാപിതാക്കളുടെ സത്യസന്ധതയും ആത്മാർത്ഥതയും മക്കൾ ഉൾക്കൊണ്ടെന്ന് വരികയില്ല. മാതാപിതാക്കളുടെ ആശയങ്ങളെ അപ്പാടെ വിഴുങ്ങാൻ അവർ തയ്യാറായെന്ന് വരികയില്ല. മറുതലിപ്പും പിൻതിരിപ്പും ആശയങ്ങളും ഉടലെടുക്കും. ശരിയായ കാര്യങ്ങൾ മക്കളെ പഠിപ്പിക്കുവാൻ അല്പം കാർക്കശ്യം ആവശ്യമാണ്. എന്നാൽ കുട്ടികളെ പറഞ്ഞു ബോധ്യപ്പെടുത്തണം. അവരിലുള്ള മറുതലിപ്പ് മാറ്റിയെടുക്കാൻ വിഷമമാണ്. എങ്കിലും ഔചിത്യബോധത്തോടെ സംസാരിച്ചാൽ കേട്ടിരിക്കും. ആവശ്യമെങ്കിൽ തിരുത്തും. മക്കളുമായി കടുത്ത അഭിപ്രായ ഭിന്നത ഉണ്ടാകാതിരിപ്പാൻ ശ്രമിക്കണം.

"അച്ചോ, ചിലപ്പോൾ കുട്ടികൾ ഞങ്ങളിൽനിന്ന് അകന്നു പോകുകയാണെന്ന് തോന്നിപ്പോകും. അപ്പോൾ വലിയ പ്രയാസത്തോടെ രേഷ്മ തന്റെ ആശങ്ക പ്രകടിപ്പിച്ചു.

"കുട്ടികൾ നിങ്ങളിൽനിന്ന് അകന്നുപോകുകയല്ല. മറ്റൊന്നിനോട് അടുക്കുകയാണ്. അവർ വളർച്ചയുടെ പടവുകൾ കയറുന്നതിന്റെ ഭാഗമായി സ്വന്തമായ തെരഞ്ഞെടുപ്പ് നടത്തും. അപ്പോൾ നമുക്കു പ്രധാനമെന്ന് തോന്നുന്ന ചിലത് അവർ ഉപേക്ഷിക്കും. നാം അവരെ നിഷേധികളെന്നും അനുസരണം കെട്ടവരെന്നും വിളിക്കും. പക്ഷേ അവർ മറ്റ് കാര്യങ്ങളിലേക്ക് സാവധാനം നടന്ന് അടുക്കുകയാണ്. അവരുടെ സ്വന്തം കണ്ടെത്തെലുകൾ അവർ എത്തിപ്പിടിക്കുകയാണ്.

അച്ചന്റെ വിശദീകരണം എല്ലാവരും അത്ഭുതത്തോടെ കേട്ടിരുന്നു.

നിയന്ത്രണങ്ങൾ ലംഘിക്കുന്ന കുട്ടികൾ മാതാപിതാക്കളിൽ നിന്ന് അകന്നു പോകുയാണെന്ന് തോന്നിയേക്കാം. പക്ഷെ അവർക്ക് കൂടുതൽ ഇഷ്ടപ്പെടുന്നതിനോട് അവർ അടുക്കുകയാണ്. മാതാപിതാക്കൾ ആ മാറ്റത്തെ ഉൾക്കൊള്ളണം. അവരെ അംഗീകരിക്കണം. മാതാപിതാക്കളുടെ കടുംപിടുത്തങ്ങൾ ഉപേക്ഷിക്കണം. അവരെ സ്വതന്ത്രരാക്കണം. ഈ ലോകത്തിലേക്കിറങ്ങുന്ന കുട്ടി തന്റെ ജീവിതം വിജയകരമാക്കുന്നതിന് അറിവ്, നേതൃത്വബോധം, സമ്പർക്കം, ക്രിയാത്മകത, ആത്മവിശ്വാസം എന്നീ ആയുധങ്ങൾ തന്റെ ഭാണ്ഡത്തിൽ സൂക്ഷിക്കണം.

*മാതാപിതാക്കൾക്ക് കുട്ടികളോടുള്ള ബന്ധം നഷ്ടപ്പെടാതിരിപ്പാൻ അവർ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ*

**1. സ്നേഹം**

"സ്നേഹം ആഗ്രഹിക്കാത്തവർ ആരുണ്ട്?" ഏത് പ്രായത്തിലുള്ളവരും മറ്റുള്ളവരാൽ സ്നേഹിക്കപ്പെടാൻ കൊതിക്കും. മരണംവരെയും സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും ആഗ്രഹിക്കുന്നത് മനുഷ്യ സ്വഭാവമാണ്. എങ്കിൽ കൗമാരക്കാരും സ്നേഹം ആഗ്രഹിക്കുന്നവരാണെന്ന് നമ്മൾ ബോധ്യപ്പെടണം. ചില മാതാപിതാക്കൾ കരുതുന്നത് കുട്ടികളോട് സ്നേഹം പ്രകടിപ്പിച്ചാൽ അവർ വഷളായിപ്പോകുമെന്നാണ്. അതുകൊണ്ട് സ്നേഹം മനസ്സിൽ മതി പ്രകടിപ്പിക്കേണ്ട എന്ന് അവർ കരുതുന്നു. വലിയ ഒരു അബദ്ധമാണിത്. സ്നേഹം മൂടിവയ്ക്കാനുള്ളതല്ല പ്രകടിപ്പിക്കാനുള്ളതാണ്.

മാതാപിതാക്കൾ തങ്ങളെ സ്നേഹിക്കുന്നുവെന്ന് മക്കൾക്ക് ബോധ്യപ്പെടണം. അപ്പോൾ അവർ മാതാപിതാക്കളുടെ നിർദ്ദേശങ്ങൾ അനുസരിച്ച് ഉപദേശങ്ങൾ ചെവിക്കൊള്ളുകയും ചെയ്യും. മാതാപിതാക്കളുടെ നിയന്ത്രണത്തിൻ കീഴിൽ നിൽക്കുവാൻ അവർ മടിക്കില്ല. കഠിനതരവും ദുഷ്ക്കരവുമായ കാര്യങ്ങൾപോലും അനുസരിക്കും. ഏത് ദുർഘട സന്ധിയിലും മാതാപിതാക്കൾ കൂടെയുണ്ടെന്നുള്ള ബോധ്യം അപ്രകാരം കുട്ടികളിൽ ജനിക്കും. കുട്ടികളെ സ്നേഹം കൊണ്ട് കീഴ്പ്പെടുത്തണം. തന്റെ മാതാപിതാക്കൾക്ക് താൻ വിലയേറിയവനാണെന്ന തിരിച്ചറിവ് അവരുടെ സ്നേഹത്തിൽനിന്നും ആർജ്ജിക്കുന്നതാണ്. സ്നേഹ സമ്പന്നരായ മാതാപിതാക്കളുടെ മക്കളും സ്നേഹം നിറഞ്ഞവരായിരിക്കും.

"അച്ചോ +2 പഠിക്കുന്ന മകൻ സ്കൂളിൽനിന്നും വരുമ്പോൾ അമ്മെ എന്ന് വിളിച്ചുകൊണ്ടാണ് വരുന്നത്. വരുന്ന വഴിക്ക് തന്നെ എനിക്കൊരു ഉമ്മയും ഒരു തട്ടും തരും. ചിലപ്പോൾ നോവിക്കാതെ കടിക്കും. അവന്റെ സ്നേഹ പ്രകടനത്തിന് മുമ്പിൽ ഞാൻ എതിർക്കാതെ നിന്നുകൊടുക്കും. അത് അവന് വളരെ സന്തോഷമാണ്. ഞാനും ഇടയ്ക്കിടെ അവന് ഉമ്മ കൊടുക്കും."

ബീന അഭിമാനത്തോടെയാണ് പറഞ്ഞത്. അച്ചനും അവിടെ കൂടിയിരിക്കുന്നവരും വളരെ സന്തോഷത്തോടെ കൈയ്യടിച്ചു.

"ഞാൻ ബീനായെ അഭിനന്ദിക്കുന്നു. കുട്ടികൾ ഏറ്റവും കൂടുതൽ ഇടപെടുന്നത് അവരുടെ അമ്മയോടാണ്. അവരുടെ സ്നേഹ പ്രകടനങ്ങൾക്ക് അമ്മമാർ available ആകണം."

അച്ചൻ പറഞ്ഞു. "പതിനഞ്ച് വയസ്സ് കഴിഞ്ഞ മക്കൾക്ക് ആണായാലും പെണ്ണായാലും ഉമ്മ കൊടുക്കുന്നവർ കൈ ഉയർത്തിക്കേ."

അച്ചന്റെ പെട്ടെന്നുള്ള ചോദ്യത്തിനു മുമ്പിൽ എല്ലാവരും പകച്ചിരുന്നു. രണ്ടുമൂന്നു പേരൊഴികെ ആരും കൈ ഉയർത്തിയില്ല. അമ്മമാരേക്കാൾ ജാള്യത അപ്പന്മാർക്കാണ്. എങ്ങനെയാണ് മുതിർന്ന മക്കളെ ആലിംഗനം ചെയ്യുന്നതും ചുംബിക്കുന്നതും.

"പോട്ടെ അവരുടെ ശരീരത്ത് സ്പർശിക്കാൻ കഴിയുന്നുണ്ടോ! അച്ചൻ വീണ്ടും ചോദിച്ചു. അച്ചൻ തന്നെ ഉത്തരം പറഞ്ഞു.

"ഇല്ല. നിങ്ങൾ ആരും അങ്ങനെ ആലിംഗനം ചെയ്യുകയോ ചുംബിക്കുകയോ സ്പർശിക്കുകയോ ചെയ്യാറില്ല. അവർ മുതിർന്ന കുട്ടികളാണെങ്കിലും നിങ്ങളുടെ മക്കളല്ലെ. അവരെ ഏത് പ്രായത്തിലും ചേർത്ത് പിടിക്കാൻ സാധിക്കണം. നിങ്ങൾ അവരെ ആലിംഗനം ചെയ്യുമ്പോൾ അവർക്ക് ഉമ്മ കൊടുക്കുമ്പോൾ നിങ്ങളുടെ സ്നേഹം അവർ ആസ്വദിക്കുന്നു. ആ സുരക്ഷാ വലയത്തിൽ അവർ ആഹ്ലാദിക്കുന്നു. ഈ തിരിച്ചറിവ് ഉണ്ടാകണം മാതാപിതാക്കൾക്ക്"

മക്കളെ സ്പർശിക്കുന്നതും ആലിംഗനം ചെയ്യുന്നതും ചുംബിക്കുന്നതും ഒരു ശീലമാക്കിയാൽ അവർ മാതാപിതാക്കളുടെ സാന്നിധ്യം ഇഷ്ടപ്പെടും. അല്ലെങ്കിൽ മാതാപിതാക്കളുടെ അസാന്നിധ്യമായിരിക്കും അവർക്ക് ഇഷ്ടപ്പെടുക. സ്നേഹം മനസ്സിൽ സൂക്ഷിച്ചാൽ പോരാ. പ്രകടിപ്പിക്കണം. കൗമാരകാലത്ത് കുട്ടികൾ ചഞ്ചലഹൃദയരാണ്. ഒരിടത്തും ഉറച്ചു നിൽക്കുകയില്ല. ഒന്നിൽ നിന്നും മറ്റൊന്നിലേക്കുള്ള എടുത്തുചാട്ടം. സ്ഥിരതയില്ലാത്ത ഈ പ്രായത്തിൽ അവർക്ക് ഉറച്ച നിലപാടുകൾ എടുക്കുവാൻ മാതാപിതാക്കളുടെ സ്നേഹ സാമീപ്യം ആവശ്യമാണ്. അത് കിട്ടാതെ വരുമ്പോൾ സമപ്രായക്കാരും സമചിത്തരുമായ കൂട്ടുകാരുടെ അഭിപ്രായങ്ങൾ തേടിപ്പോകും. അവരുടെ ആശയങ്ങളെ എതിർക്കുന്ന മാതാപിതാക്കളെ ശത്രുപക്ഷത്തായിരിക്കും കുട്ടികൾ കാണുന്നത്. അതുകൊണ്ട് മക്കളുടെ സുഹൃത്തുക്കളാകാൻ ആഗ്രഹിക്കുന്ന മാതാപിതാക്കൾ അവരെ സ്നേഹം കൊണ്ട് പൊതിയണം. സ്നേഹം പ്രകടിപ്പിക്കുന്നതിൽ പിശുക്ക് കാണിക്കരുത്. കൗമാരക്കാരൻ എന്തിനെയെങ്കിലും എതിർക്കുന്നത് കേവലം താൽക്കാലികമാണ്. പിന്നീടവർ നമ്മുടെ ചാരെ തന്നെയുണ്ടായിരിക്കും. അവരെ ഒന്നു മനസ്സിലാക്കിയാൽ. ചേർത്ത് പിടിച്ചാൽ അവർക്ക് നമ്മെ വിട്ടു പോകാൻ കഴിയില്ല.

*(തുടരും)*

# ഓശാനയും കഴുതകുട്ടിയും

ടോമി കുറിച്ചി

ഈ വർഷം ഏപ്രിൽ 2–ാം തീയതി നാം ഹോശന്നാ ഞായർ കൊണ്ടാടുകയാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തു, ലോകരക്ഷിതാവ് യെരുശലേം ദൈവാലയത്തിലേക്ക് ഹോശന്നാ ആർപ്പു വിളികളോടുകൂടി ആരും ഒരിക്കലും കയറിയിട്ടില്ലാത്ത ഒരു കഴുതകുട്ടിയുടെ പുറത്തിരുന്നാണ് ദൈവാലയത്തിലേക്ക് പോകുന്നത്.

എന്തുകൊണ്ടാണ് ദാവിദു പുത്രനും രാജാധിരാജനും യഹൂദന്മാരുടെ മശിഹായുമായവൻ കഴുതകുട്ടിയുടെ പുറത്തു കയറിപോയത്. രാജാക്കന്മാർ കുതിരപുറത്തല്ലോ പോകേണ്ടത്? അതിനുപകരം കഴുതകുട്ടിയെ യേശു എന്തിനു തിരഞ്ഞെടുത്തു?

പുറപ്പാട് 13:12–13 –ൽ യഹോവയുടെ കല്പന ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു "നിനക്കുള്ള മൃഗങ്ങളുടെ കടിഞ്ഞൂൽ പിറവിയെ ഒക്കെയും നീ യഹോവയ്ക്കായി വേർതിരിക്കേണം. ആണൊക്കെയും യഹോവയ്ക്കുള്ളതാകുന്നു. എന്നാൽ കഴുതയുടെ കടിഞ്ഞൂലിനെ ഒക്കെയും ആട്ടിൻകുട്ടിയെക്കൊണ്ടു വീണ്ടുകൊള്ളേണം. അതിനെ വീണ്ടുകൊള്ളുന്നില്ലെങ്കിൽ അതിന്റെ കഴുത്തു ഒടിച്ചുകളയേണം"

1500 ൽ പരം വർഷങ്ങളായി യഹൂദന്മാർ ഈ നിയമം പാലിച്ചിരുന്നു. ദൈവകല്പന അക്ഷരംപ്രതി നിവൃത്തിച്ചു പോന്നു. കഴുത പ്രസവിച്ചു കഴിഞ്ഞാൽ അത് കടിഞ്ഞൂൽ പ്രസവം ആണെങ്കിൽ തള്ളയോടൊപ്പം ആ കഴുതകുട്ടിയെ ഒരു മരത്തിൽ കെട്ടിയിടും. ആ കുട്ടിയുടെ കഴുത്ത് ഒടിച്ചുകളയേണ്ടവർ വന്ന് ആ കർമ്മം നിർവ്വഹിക്കുന്നതിനു മുമ്പ് ആരെങ്കിലും ഒരാട്ടിൻകുട്ടിയെ നൽകി കഴുതകുട്ടിയെ വീണ്ടെടുക്കുവാൻ തയ്യാറുണ്ടോ എന്നറിയാനാണ് തള്ളയോടൊപ്പം കെട്ടിയിടുന്നത്. ആട്ടിൻകുട്ടിക്ക് കഴുതകുട്ടിയേക്കാൾ വിലമതിക്കുന്നതുകൊണ്ട് പാവപ്പെട്ട ഉടമ അതിനു തയ്യാറാവുന്നില്ല. ആട്ടിൻകുട്ടിയെ വിലയ്ക്കുവാങ്ങാനുള്ള സമ്പത്തിക ഭദ്രത അയാൾക്കുണ്ടായിരിക്കില്ല. കഴുതകുട്ടിക്ക് പകരം ആട്ടിൻ കുട്ടിയെ നൽകി വീണ്ടെടുക്കാൻ ആരെങ്കിലും വരുവെന്ന പ്രതീക്ഷയിലാണ് തള്ളയോടൊപ്പം കെട്ടിയിടുന്നത്.

ഇങ്ങനെയുള്ള കഴുതകുട്ടിയെയാണ് നമ്മുടെ കർത്താവ് ശിഷ്യന്മാരെ വിട്ട് അഴിച്ചുകൊണ്ടുവരുന്നത്. ലോകരക്ഷകനായ നമ്മുടെ കർത്താവ് മരണപാശത്തിൽ നിന്നും ആ കഴുതകുട്ടിയെ രക്ഷിക്കുക മാത്രമല്ല അതിന്റെ പുറത്തുകയറി പോകുന്നതുമായ രക്ഷയുടെ സുവിശേഷമാണ് ഇവിടെ ദർശിക്കാൻ കഴിയുന്നു. തന്റെ മുൻപിൽ കഴുത്തൊടിക്കപ്പെടുന്ന ദാരുണ ദൃശ്യം, തന്റെ ആദ്യജാതന്റെ മരണം കണ്ട് കണ്ണീരൊഴുക്കുവാൻ ഇടയാക്കുന്ന ഒരു മാതാവിനെയുമാണ് യേശു കർത്താവ് രക്ഷിക്കുന്നത്.

മത്തായി 21:1–7 "യേശു രണ്ടു ശിഷ്യന്മാരെ അയച്ചു നിങ്ങൾ എതിരെയുള്ള ഗ്രാമത്തിൽ ചെല്ലുവീൻ അവിടെ കെട്ടിയിരിക്കുന്ന ഒരു പെൺകഴുതയേയും അതിന്റെ കുട്ടിയേയും നിങ്ങൾ ഉടനെ കാണും. അവയെ അഴിച്ചുകൊണ്ടു വരുവീൻ. നിങ്ങളോടും ആരാനും വല്ലതും പറഞ്ഞാൽ കർത്താവിനു ഇവയെക്കൊണ്ടു ആവശ്യം ഉണ്ടു എന്നു പറവീൻ. തൽക്ഷണം അവൻ അവയെ അയയ്ക്കും എന്നു പറഞ്ഞു".

"സീയോൻ പുത്രിയോടു ഇതാ, നിന്റെ രാജാവു സൗമ്യനായി കഴുതപ്പുറത്തും വാഹനമൃഗത്തിന്റെ കുട്ടിയുടെ പുറത്തും കയറി നിന്റെ അടുക്കൽ വരുന്നു എന്നു പറവീൻ എന്നിങ്ങനെ പ്രവാചകൻ മുഖാന്തിരം അരുളിച്ചെയ്തതിനു നിവൃത്തി വരുത്തുവാൻ ഇതു സംഭവിച്ചു. ശിഷ്യന്മാർ പുറപ്പെട്ടു യേശു കല്പിച്ചതു പോലെ ചെയ്തു. കഴുതയെയും കുട്ടിയെയും കൊണ്ടുവന്നു. തങ്ങളുടെ വസ്ത്രം അവയുടെമേൽ ഇട്ടു. അവൻ കയറി ഇരുന്നു".

പ്രവാചകൻ മുഖാന്തിരം അരുളിചെയ്തതിനും നിവൃത്തിവരേണ്ടത് ആവശ്യമായിരുന്നു. വി. ദൈവമാതാവ് ഗർഭം ധരിച്ച് യൗസേഫിനോടൊപ്പം ബേത്‌ലഹേമിലേക്ക് യാത്ര ചെയ്തതും, ഹേരോദാവിനെ ഭയന്ന് പ്രാണരക്ഷാർത്ഥം ഈജിപ്തിലേക്ക് പാലായനം ചെയ്തപ്പോഴും യൗസേഫിനൊപ്പം യാത്ര ചെയ്തതും കഴുതപുറത്തായിരുന്നു. തന്റെ ജീവിതത്തിന്റെ ഓരോ വിഷമഘട്ടത്തിലും തന്നെ ചുമന്നത് കഴുതയായിരുന്നു. തന്റെ സന്തത സഹചാരിയായിരുന്ന കഴുതപുറത്തുതന്നെ യെരുശലേം ദൈവാലയത്തിൽ രാജാധിരാജനായി ഹോശന്നാ വിളികളോടു കൂടി പോകുമ്പോഴും യേശു കഴുതയേ തിരഞ്ഞെടുക്കുന്നു.

നമ്മുടെ കർത്താവ് നമ്മുടെ കഴുത്തൊടിച്ച് മരണപാശത്തിലേയ്ക്ക് തള്ളിവിടുവിൻ ഒരിക്കലും അനുവദിക്കുകയില്ല. അവൻ നമ്മുടെ രക്ഷകനാണ്. പാപത്താൽ കെട്ടപ്പെട്ടിരിക്കുന്ന നാം കെട്ടുകൾ അഴിച്ച് ശിഷ്യന്മാരോടൊപ്പം പോകണം. കാരണം അവന് നമ്മെക്കൊണ്ട് ആവശ്യമുണ്ട്.

സെഖര്യാവ് 9:9 "സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്കുക. യെറുശലേം പുത്രിയേ ആർപ്പിടുക. ഇതാ നിന്റെ രാജാവും നിന്റെ അടുക്കൽ വരുന്നു. അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനുമായി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു".

കഴുതകുട്ടിയുടെ പുറത്തു കയറിയുള്ള രാജാധിരാജന്റെ എഴുന്നള്ളത്ത് പ്രവാചകൻ മുൻകൂട്ടി ദർശിച്ചിരുന്നു. യോഹ. 12:14 ൽ ഇത് സാക്ഷാൽക്കരിക്കപ്പെടുന്നതായി നാം കാണുന്നു. "യേശു ഒരു ചെറിയ കഴുതയെ കണ്ടിട്ട് അതിന്മേൽ കയറി. സീയോൻ പുത്രി ഭയപ്പെടേണ്ട ഇതാ നിന്റെ രാജാവു കഴുതക്കുട്ടിപ്പുറത്തു കയറി വരുന്നു" എന്ന് എഴുതിയിരിക്കുന്നതു പോലെ തന്നെയാണ് ഈ സംഭവത്തെക്കുറിച്ച് അപ്പോസ്തോലനായ യോഹന്നാൻ വിവരിക്കുന്നത്.

കഴുത യഹൂദന്മാരുടെയും കഴുതക്കുട്ടി വിജാതിയരുടെയും പ്രതീകമാണ്. യഹൂദന്മാരെക്കാൾ വിജാതിയർക്കാണ് യേശു സ്വീകാര്യമായത്. രണ്ടുകൂട്ടരുടെയും രക്ഷയാണ് യേശു ചിന്തിച്ചത്. അതുകൊണ്ടാണ് വിജാതിയരുടെ അപ്പോസ്തോലനായി വി. പൗലോസ് ശ്ലീഹായേയും തിരഞ്ഞെടുത്തു നിയമിക്കുന്നത്.

കഴുതകുട്ടിയുമായി യേശു യെരുശലേമിലേയ്ക്ക് ഹോശന്നാ സ്തുതികളോടെ വലിയ ആഘോഷമായി വന്നു. അതും കഴുത്തൊടിച്ചു കൊല്ലപ്പെടുവാൻ വിധിക്കപ്പെട്ട കഴുതക്കുട്ടിയുടെ പുറത്തു കയറി. ദൈവത്തിനു സമർപ്പിക്കപ്പെട്ട, കഴുത്തൊടിക്കാൻ വിധിക്കപ്പെട്ട കടിഞ്ഞൂലിന്റെ വിമോചകൻ മാത്രമല്ല. ആ കുട്ടിയുടെ മാതാവിനെയും തന്നോടൊപ്പം ഘോഷയാത്രയിൽ കൂടെ ചേർത്തു നിറുത്തിയ രക്ഷകൻ. വിമോചകൻ.

ഒരു കഴുതകുട്ടിയുടെ പുറത്ത് ഇരുന്ന് എഴുന്നള്ളുന്ന രാജാവ്, ദേവനെപ്പോലെ സുന്ദരൻ, മനുഷ്യരിൽ ഏറ്റവും ദരിദ്രനായവനെപ്പോലെ എളിയവൻ, ശാന്തപ്രകൃതൻ, അനുഗ്രഹിക്കുന്നവൻ, മരിച്ചവരെ ഉയർപ്പിച്ചവൻ, അന്ധനു കാഴ്ച നൽകിയവൻ, കുഷ്ഠരോഗിയെ സൗഖ്യമാക്കിയവൻ, അഞ്ചപ്പം കൊണ്ട് അയ്യായിരംപേരെ തീറ്റിപ്പോറ്റിയവൻ, വെള്ളത്തെ വീഞ്ഞാക്കിയവൻ. ഇവിടെ ഇതാ കഴുതക്കുട്ടിയേയും മരണപാശത്തിൽ നിന്ന് രക്ഷിച്ച് പ്രവചന നിവൃത്തിക്കായ് കഴുതക്കുട്ടിയുടെ പുറത്തുകയറി സീയോൻ രാജാവ് തന്റെ എളിമയുടെ ഒരു സുവിശേഷം കൂടി ജനങ്ങളെ കാണിച്ചുകൊടുത്ത് യെരുശലേം ദൈവാലയത്തിലേയ്ക്ക് പോകുന്നു.

നമ്മുടെ രക്ഷകനും വിമോചകനുമായ ദാവീദ് പുത്രന് ഈ ഓശാന സുദിനത്തിൽ ഹോശന്നാ, ഹോശന്നാ, ഹോശന്നാ എന്ന് വാഴ്ത്തി സ്തുതിക്കാം.




എബി

# എഡ്മണ്ട് ഹിലറി

പേരിനും പ്രശസ്തിക്കും വേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്ത ഈ കാലത്ത് കൂട്ടുകാരനുവേണ്ടി സ്വന്തം നേട്ടത്തെ മറച്ചുവച്ച മാന്യനായ ഒരു മനുഷ്യൻ ഈ ഭൂമുഖത്ത് ജീവിച്ചിരുന്നു. പർവ്വതാരോഹണവും സാഹസികതയും ഹരമായി കരുതിയ ആ മനുഷ്യന്റെ പേരാണ് എഡ്മണ്ട് ഹിലറി. 8848 മീറ്റർ ഉയരമുള്ള എവറസ്റ്റിന്റെ നെറുകയിൽ ആദ്യമായി സ്പർശിച്ചത് ആരുടെ പാദങ്ങളാണ്. എഡ്മണ്ട് ഹിലറിയുടെയോ ടെൻസിംഗ് നോർഗെയുടെയോ. ഇരുവരും ചേർന്ന് കീഴടക്കുമ്പോൾ തീരുമാനമെടുത്തിരുന്നു: തൽക്കാലം ലോകമതറിയണ്ട. 1986 ൽ ടെൽസിംഗിന്റെ മരണശേഷം മാത്രമാണ് ഹിലറി ആ സത്യം ലോകത്തോടു പറഞ്ഞത്. ''ആദ്യം കാൽ കുത്തിയത് ഞാനായിരുന്നു'' ചരിത്രം തന്റെ പേരിൽ മാത്രം അറിയപ്പെടരുതെന്ന് ഹിലറിക്ക് നിർബന്ധമുണ്ടായിരുന്നു. സാഹസികത ജീവിതവ്രതമാക്കിയ എഡ്മണ്ട് പെർസിവൽ ഹിലറി അത്ര മാന്യനായിരുന്നു.



1919 ജൂലൈ 20 ന് ന്യൂസീലൻഡിലെ ഓക്‌ലണ്ടിലാണ് ഹിലറി ജനിച്ചത്. അഗസ്റ്റസ് ഹിലറി- ഗർട്രൂഡ് ഹിലറി ദമ്പതികളുടെ മകനായിരുന്നു. അച്ഛന് തേനീച്ച വളർത്തലായിരുന്നു ജോലി. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കോളേജിൽ ചേർന്നെങ്കിലും താൽപര്യമില്ലാതെ പഠനം നിർത്തി. കുറെനാൾ തേനീച്ച വളർത്തലുമായി കഴിഞ്ഞു. സ്കൂളിൽ പഠിക്കുമ്പോൾ തന്നെ മലകയറ്റം ഹരമാക്കി. ന്യൂസീലാൻഡിലെ തെക്കൻ ആൽപ്സിൽ കയറി. ഇതിനിടയിൽ രണ്ടാം ലോകമഹായുദ്ധത്തിൽ മിലിട്ടറി സർവ്വീസിൽ കയറിപ്പറ്റി. പിന്നീട് വീണ്ടും മലകയറ്റത്തിലേക്കു തിരിഞ്ഞു.

1955 ൽ ലൂയിസ് മേരി റോസിനെ വിവാഹം ചെയ്തു. അവർ ഓക്‌ലൻഡ് യൂണിവേഴ്സിറ്റിയിൽ നിന്നും വയോള പ്ലേയിൽ ബിരുദം നേടിയിരുന്നു. ആ ദാമ്പത്യത്തിൽ മൂന്നു കുട്ടികൾ ജനിച്ചു. പീറ്റർ, സാറാ, ബെലിൻഡാ.

20-ാം വയസ്സിൽ ന്യൂസീലാൻഡിലെ ഹിലിപർവ്വതനിരയുടെ മുകളിലെത്തിയതോടെയാണ് ഹിലറിക്ക് മലകയറ്റം ഹരമാകുന്നത്. പിന്നീട് 1951 ൽ ഹിമാലയത്തിലേക്കുള്ള ന്യൂസീലാൻഡ് പർവ്വതാരോഹണ സംഘത്തിൽ അംഗമായി. അടുത്തവർഷം ചോയു കൊടുമുടിയിൽ പരിശീലനത്തിനെത്തിയ സംഘത്തിലും ഹിലറി ഉണ്ടായിരുന്നു. 1952 -53 ൽ സർ ജോൺ ഹണ്ടിന്റെ നേതൃത്വത്തിൽ എവറസ്റ്റിലേക്കു പുറപ്പെട്ട ബ്രിട്ടീഷ് സംഘത്തിലും ഹിലറി തിരഞ്ഞെടുക്കപ്പെട്ടു. എവറസ്റ്റിന്റെ തെക്കെ ശിഖരം കടന്ന ശേഷം മുകളിലേക്കു കയറുകയെന്നത് ടെൻസിംഗിന്റെയും ഹിലറിയുടെയും ദൗത്യമായിരുന്നു. ഇരുവരും എവറസ്റ്റ് കീഴടക്കി ചരിത്രം സൃഷ്ടിച്ചു. 1953 മെയ് 29, 11.30 എ.എം. ന് ആയിരുന്നു അത്. മനുഷ്യൻ ലോകത്തിന്റെ നിറുകയിലെത്തിയ, 29035 അടി ഉയരത്തിലുള്ള കൊടുമുടിയെ കാൽക്കീഴിലാക്കിയ അത്ഭുത നിമിഷം. അവിടെ ഏതാണ്ട് 15 മിനിറ്റ് ചെലവഴിച്ചതിനുശേഷം താഴോട്ടിറങ്ങി. എവറസ്റ്റ് കീഴടക്കിയതിനുശേഷം ഹിലറി പറഞ്ഞു:

"It is not the mountains to conquer, but ourselves".

ഉയരങ്ങൾ കീഴടക്കുന്നതു കൂടാതെ മറ്റു പര്യവേക്ഷണങ്ങളിലും ഹിലറി പ്രവർത്തിച്ചു. അന്റാർട്ടിക്കാ ഭൂഖണ്ഡത്തിലേക്ക് കരമാർഗ്ഗം പര്യടനം നടത്തിയ കോമൺ വെൽത്ത് ട്രാൻസ് അറ്റലാന്റിക് എക്സ്പെഡിഷ്യൻ സംഘത്തിലും ഹിലറി ഉണ്ടായിരുന്നു. 1958 ജനുവരി 3 ന് സംഘം ദക്ഷിണ ധ്രുവത്തിലുമെത്തി. ആദ്യമായി കരമാർഗ്ഗം ദക്ഷിണധ്രുവത്തിലെത്തിയത് ഇവരാണ്.

ഇവർ മാത്രമല്ല ഇവരുടെ മക്കളും എവറസ്റ്റിന്റെ നെറുകയിലെത്തി ചരിത്രം ആവർത്തിച്ചിട്ടുണ്ട്. ഹിലറിയുടെ മകൻ പീറ്റർ 1990 ലും ടെൻസിങ്ങിന്റെ മകൻ ജംലിങ് 1996 ലും എവറസ്റ്റ് കയറി. ഏഴു ഭൂഖണ്ഡങ്ങളിലെയും ഏറ്റവും ഉയരമുള്ള കൊടിമുടികൾ കീഴടക്കിയിട്ടുണ്ട് പീറ്റർ.

ജീവകാരുണ്യ പ്രവർത്തനത്തിലും സജീവമായിരുന്ന ഹിലറിയെ തേടിയെത്തിയ ബഹുമതികൾ നിരവധിയാണ്. ന്യൂസീലാൻഡിലെ ഇൻഡ്യൻ ഹൈകമ്മീഷണറായി പ്രവർത്തിച്ചു. സർ സ്ഥാനം, വിരമ വിഭൂഷൺ (മരണാനന്തരം), സ്റ്റാർ ഓഫ് നേപ്പാൾ, അമേരിക്കയിലെ നാഷണൽ ജോഗ്രഫിക്ക് സൊസൈറ്റിയുടെ ഹബ്രാർഡ് മെഡൽ, അമേരിക്കയിലെ ഗോൾഡ് കല്ലം ജോഗ്രാഫിക്ക് മെഡൽ എന്നിവ നേടി. എവറസ്റ്റിന്റെ താഴ്‌വാരത്തുള്ള സൊലുകഖുംബൂവിലെ ലൂക്ല വിമാനത്താവളത്തിന്റെ പേര് നേപ്പാൾ സർക്കാർ 2008 ൽ പുനർനാമകരണം ചെയ്യുകയുണ്ടായി. ടെൻസിങ്-ഹിലറി വിമാനത്താവളം എന്നാണ് പുതിയ പേര്.

2008 ജനുവരി 11 ന് ഓക്‌ലൻഡിലെ സിറ്റി ഹോസ്പിറ്റലിൽ വച്ച് ഹൃദയാഘാതം മൂലം മരണപ്പെട്ടു. അപ്പോൾ അദ്ദേഹത്തിന്റെ പ്രായം 88 വയസ്സ്. ലോകത്തിന്റെ ഏറ്റവും ഉയർന്ന കൊടുമുടിയായ എവറസ്റ്റിൽ ആദ്യമായി കാലുകുത്തിയ ഈ അതികായന്റെ നാമം മനുഷ്യമനസ്സുകളിൽ എക്കാലവും ഹിമാലയപർവ്വതംപോലെ തലയെടുപ്പോടെ ഉയർന്നു നിൽക്കും.

# 21-ാമത് ക്നാനായ കൺവൻഷൻ സമാപിച്ചു

ജിജി എബ്രഹാം കറുകേലിൽ, ജനറൽ സെക്രട്ടറി, ക്നാനായ സുവിശേഷ സമാജം

പരിശുദ്ധ സഭ വലിയ നോമ്പിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. മഹത്വരമായ ഒരു തീർത്ഥാടനത്തിന്റെ പാതയിലാണ് ഓരോ വിശ്വാസിയും. ഈ തീർത്ഥാടന യാത്രയ്ക്ക് ആവശ്യമായ ഇന്ധനം നിറക്കുകയാണ് നോമ്പിന്റെ ആദ്യ കാഴ്ചയിൽ നാം നടത്തിവരുന്ന ക്നാനായ കൺവൻഷൻ.

ദൈവകൃപയാൽ ഇരുപത്തിയൊന്നാമത് ക്നാനായ കൺവൻഷൻ ഫെബ്രുവരി 22 ബുധൻ മുതൽ 26 ഞായർ വരെയുള്ള 5 ദിവസങ്ങളിലായി തിരുവല്ല നഗരസഭാ മൈതാനത്ത് ഒരുക്കിയ വിശാലമായ പന്തലിൽ നടത്തുവാൻ സാധിച്ചു. അഭിവന്ദ്യ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് കൺവൻഷൻ ഉദ്ഘാടനം. കല്ലിശ്ശേരി മേഖലാ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് അധ്യക്ഷത വഹിച്ചു. വചന കേൾവിയിലൂടെയും നോമ്പാചരണത്തിലൂടെയും വിശ്വാസവും പ്രത്യാശയും സ്നേഹമാകുന്ന നന്മകൾ നാം സ്വായത്തമാക്കുവാൻ പരിശ്രമിക്കണമെന്ന് അധ്യക്ഷ പ്രസംഗത്തിൽ അഭിവന്ദ്യ കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് പറഞ്ഞു.

അനുതാപത്തിന്റെയും കരുണയുടെയും വഴി തിരഞ്ഞെടുക്കണമെന്നും അരുതാത്ത ഇടങ്ങളിൽനിന്ന് വഴിമാറി പോകണമെന്നും വചന കേൾവി ഹൃദയപരിവർത്തനത്തിലേക്ക് വഴിതെളിക്കണമെന്നും സഭയുടെ സാമ്പത്തിക സ്രോതസ്സ് പാവപ്പെട്ടവർക്കായി തുറന്നുകൊടുക്കണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ സമുദായ മെത്രാപ്പോലീത്ത പറഞ്ഞു.

യേശുവിനെ കണ്ട സഖായിയുടെ ജീവിതത്തിൽ ഉണ്ടായ പരിവർത്തനം പോലെ നമ്മുടെ ജീവിതത്തിലും പശ്ചാത്താപവും പരിവർത്തനവും ഉണ്ടാകണമെന്നും അതിലൂടെ സഖായിയെ അബ്രഹാമിന്റെ മകൻ എന്ന് വിശേഷിപ്പിക്കപ്പെട്ടത് പോലെ നമ്മെയും വിളിക്കപ്പെടുവാൻ ഇടയാകണമെന്ന് ഫാ. കുര്യൻ മാത്യു വടക്കേപറമ്പിൽ വചനശുശ്രൂഷ നടത്തിക്കൊണ്ട് പറഞ്ഞു. കല്ലിശ്ശേരി മേഖല വൈസ് പ്രസിഡന്റ് ഫാ. ഷാജൻ കുര്യൻ വലിയവീട്ടിൽ പടിക്കൽ ധ്യാനം നയിച്ചു. സുവിശേഷ സമാജം ജനറൽ സെക്രട്ടറി ജിജി ഏബ്രഹാം കറുകേലിൽ സ്വാഗതവും ട്രസ്റ്റി സജി മുണ്ടക്കൽ കൃതജ്ഞതയും പറഞ്ഞു. സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം, ആക്ടിംഗ് ട്രസ്റ്റി തോമസുകുട്ടി മറ്റക്കാട്ട് എന്നിവർ സംബന്ധിച്ചു.

കൺവൻഷൻ രണ്ടാം ദിവസം ഫാ. ജോൺ ചൊള്ളാനിക്കൽ കപ്പൂച്ചിൻ വചന ശുശ്രൂഷ നടത്തി. ദൈവം പരാജയപ്പെട്ടവരെ ചേർത്തുപിടിക്കുന്നുവെന്നും അവരെ വിജയത്തിലേക്ക് നയിക്കുവാൻ ദൈവകരങ്ങൾക്ക് കഴിയുമെന്നും അദ്ദേഹം പറഞ്ഞു. വേദനിക്കുന്നവർക്ക് ആശ്വാസം നൽകി അവരെ ജീവിതത്തിലേക്ക് കൂട്ടിക്കൊണ്ടു വരുവാൻ ദൈവവചനങ്ങൾക്ക് കഴിയുമെന്നും ക്രിസ്തു അവബോധം ഉണ്ടെങ്കിൽ മാത്രമേ ജീവിതത്തിൽ സന്തോഷവും സമാധാനവും അനുഭവിക്കാൻ കഴിയൂ എന്നും ഫാ. ജോൺ ചൊള്ളാനിക്കൽ പറഞ്ഞു. സുവിശേഷകൻ മോനച്ചൻ ഏബ്രഹാം കാട്ടുപറമ്പിൽ ധ്യാനം നയിച്ചു. കൺവൻഷൻ പ്രയർ ചാപ്ലയിൻ ഫാ. ജയിംസ് ജേക്കബ് തോടത്തിൽ സ്വാഗതവും സുവിശേഷ സമാജം ജോയിൻ സെക്രട്ടറി തങ്കച്ചൻ ഇടയാടിച്ചിറ കൃതജ്ഞതയും പറഞ്ഞു.

മൂന്നാം ദിവസം രാവിലെ നടന്ന വനിതാ സംഗമത്തിൽ ഡോ. സെലിൻ ഏബ്രഹാം മുഖ്യസന്ദേശം നൽകി. അമ്മമാർ പ്രാർത്ഥനാ അനുഭവം ഉള്ളവരായിരിക്കണമെന്നും പ്രാർത്ഥനാനുഭവമുള്ള അമ്മമാരെ കണ്ടു വളരുന്ന മക്കളിൽ വിശ്വാസം ആഴപ്പെടുവാനും പ്രയാസങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കുവാനും ഇടയാകുമെന്നും ഡോ. സെലിൻ തന്റെ മുഖ്യ സന്ദേശത്തിൽ പറഞ്ഞു.

നോമ്പാചരണങ്ങൾക്കും നോമ്പാനുഭവങ്ങൾക്കും പുതിയ അർത്ഥതലങ്ങൾ കണ്ടെത്തേണ്ട കാലമാണിതെന്നും ആർക്കും ഒന്നിനും സമയമില്ലെന്നും സംസാരിക്കാൻപോലും നേരമില്ലെന്നും മൊബൈൽ സ്ക്രീനിൽ നോക്കിയിരിക്കുമ്പോൾ ആഴമായ ആത്മബന്ധമാണ് നാം നഷ്ടമാക്കുന്നതെന്നും രാത്രി നടന്ന വചന ശുശ്രൂഷയിൽ റവ. സാജൻ പി. മാത്യു പറഞ്ഞു. കെ. സി. ഏബ്രഹാം കാലായിൽ ധ്യാനം നയിച്ചു. സി. സി. ഏബ്രഹാം കൊന്നയിൽപള്ളത്ത് സ്വാഗതവും റോയി ചാക്കോ പുത്തൻപുരയ്ക്കൽ കൃതജ്ഞതയും പറഞ്ഞു.

നഷ്ടപ്പെടുത്തിയ ജീവിതത്തിലേക്കുള്ള തിരിച്ചുവരവാണ് നോമ്പുകാലമെന്ന് നാലാം ദിവസത്തെ വചന ശുശ്രൂഷയിൽ വടവാതൂർ സെന്റ് തോമസ് അപ്പോസ്തോലിക് സെമിനാരി പ്രൊഫസർ റവ. ഡോ. ജോസഫ് കടുപ്പിൽ പറഞ്ഞു. നോമ്പും ഉപവാസവും രക്ഷയിലേക്കുള്ള ദൈവീക വീണ്ടെടുപ്പിന്റെ ആധാരമാണെന്നും അദ്ദേഹം പറഞ്ഞു. ബാബു ചാക്കോ നെടുങ്ങാത്തറ ധ്യാനം നയിച്ചു. വി. സി. തോമസ് വെട്ടിമൂട്ടിൽ സ്വാഗതവും ഇ. എ. അലക്സാണ്ടർ ഇടയാടിയിൽ കൃതജ്ഞതയും പറഞ്ഞു.

സമാപനദിവസം ഞായറാഴ്ച ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ വചന ശുശ്രൂഷ നടത്തി. ധീരതയോടെ കുരിശുകൾ എടുക്കുന്നതാണ് വിശുദ്ധിയുടെ ലക്ഷണം എന്നും ക്രിസ്തു ശിഷ്യന്റെ മുഖമുദ്രയാണ് ധീരതയെന്നും പ്രതിസന്ധികളിൽ ക്രിസ്തു സ്വീകരിച്ച ശാന്തത സ്വന്തമാക്കേണ്ടവരാണ് ഓരോ ക്രൈസ്തവനെന്നും അദ്ദേഹം പറഞ്ഞു.

നോമ്പിൽ കൂടി കടന്നു പോകുമ്പോൾ ദൈവത്തിന്റെ തിരുവചനം മനുഷ്യനിൽ വ്യതിയാനം സൃഷ്ടിക്കണമെന്ന് സമാപന സന്ദേശത്തിൽ റാന്നി മേഖല മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ ഈവാനിയോസ് പറഞ്ഞു. പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ സൃഷ്ടിയായി തീരുവാൻ രൂപാന്തരം പ്രാപിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഫാ. തോമസ് ജേക്കബ് ആഞ്ഞിലിമൂട്ടിൽ ധ്യാനം നയിച്ചു. സുവിശേഷ സമാജം വൈസ് പ്രസിഡന്റ് ഫാ. ബെന്നി ഏബ്രഹാം മാമലശേരിൽ സ്വാഗതവും ക്നാനായ കൺവൻഷൻ ജനറൽ കൺവീനർ എം. പി. തോമസ് മംഗലത്ത് കൃതജ്ഞതയും പറഞ്ഞു.

എല്ലാ ദിവസവും ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ സന്ധ്യാപ്രാർത്ഥനയും ഗായകസംഘത്തിന്റെ സ്തുതി ഗീതാലാപനവും ഉണ്ടായിരുന്നു. വലിയ നോമ്പിന്റെ ആദ്യ ആഴ്ചയിലെ കൺവൻഷനിലൂടെ നമ്മിലേക്ക് പകർന്നു കിട്ടിയ വെളിച്ചം ചുറ്റുപാടുകളെ പ്രകാശിപ്പിക്കുന്നതായി തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.




## വരനെ ആവശ്യമുണ്ട്

**M. 681**

B.Sc Nursing കഴിഞ്ഞ് UK യിൽ ജോലി ചെയ്യുന്നതും, ഓസ്ട്രേലിയയിൽ പോകാൻ പ്രോസസിങ്ങ് നടക്കുന്നതുമായ ക്നാനായ യുവതിയ്ക്ക് (26/156cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9544683694

**M. 682**

Pharm D (Rom), Masters Medical Biotechnology (Canada) കഴിഞ്ഞ് Canada യിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/170cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 7306671791, Whats app. 00393206817543

**M. 683**

Knanaya parents invites proposal for their daughter (26/5'2", Pharm D.) born in the Middle East and brought up in the US. Seeking suitable alliance from parents of god-fearing, professionally qualified, and educated Knanaya boys (preferably from families settled in US, Australia, or European countries).

Contact through U S no. or whatsapp +1 813 658 8118

**M. 684**

Knanaya parents invites proposal for their daughter (25/156 cm) Chartered Accountant, M.Com currently working as Guest Lecturer. Seeking alliance from parents of professionally qualified and God fearing boys.

Mob: 9495618638, 9400517436

**M. 685**

Knanaya parents invites proposal for their daughter (24/170 cm) who is a B.Pharm graduate now preparing for IELTS. Suitable alliance is sought from God fearing professionally qualified boys working in European Countries.

Mob: 7560817422, 7558817422

**M. 686**

ഫിസിയോ തെറാപ്പിസ്റ്റ് ആയി നാട്ടിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (25/160cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9605676741

**M. 687**

M.Com പാസ്സായി പ്രൈവറ്റ് മെഡിക്കൽ കോളജിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (25/155 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9496378460, +971-504050113

**M. 688**

UK യിൽ M.Tech കഴിഞ്ഞ് German based company യിൽ Software Engineer ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/150cm) അനുയോജ്യരായ IT professionals ആയ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9037523887, 7636801863

**M. 689**

Knanaya parents invite proposal for their daughter (27/162). She completed her B.Com from Womens Christian College, Chennai and IBM (International Business Management) from Sheridan College, Toronto, Canada and currently pursuing PG in Logistics Management at Seneca College, Toronto, Canada. They are seeking alliance from parents of God fearing and processionally qualified working boys in Canada / US.
Contact : - 6282819365, 9447033065 (Whatsapp)

**M. 690**

Knanaya Jacobite parents invite proposal for their daughter (24/155cm), who is an Australian citizen and graduated from a reputed university in Australia as a Registered Nurse. She is currently working in a public hospital in Australia, as well as undertaking her post graduate studies in Diebetic Education parallely. She studied in Kerala until 12th grade and migrated to Australia with her parents afterwards. We are seeking alliance from parents of God-fearing and professionally qualified boys (preferably those who are working in Australia or New Zealand).Other suitable proposals also will be considered.

Contact mob: 9037570567 (India)

**M. 691**

Knanaya parents invites proposal for their daughter (27/5'2") M.Com graduate. Currently working as finance Executive. Seeking alliance from parents of qualified boys .

Ph: 9400131322, 9746766107

## വധുവിനെ ആവശ്യമുണ്ട്

**M. 692**

B.C.A. കഴിഞ്ഞ് കോട്ടയത്തെ ഒരു പ്രമുഖ Net working സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (32/161 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph. 9847510797

**M. 693**

B.Sc Anaesthesia and Operation Theatre Technology കഴിഞ്ഞ് ദുബായിൽ പ്രശസ്തമായ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (27/168cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. മെഡിക്കൽ ഫീൽഡിൽ ഉള്ളവർക്ക് മുൻഗണന.

Ph. 8547075235, 9495757523

**M. 694**

B.Tech (Civil Engineer) ആയി ദുബായിൽ പ്രശസ്ത കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/174 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9544610050, 7974109136

**M. 695**

Qatar-ൽ ഒരു പ്രമുഖ കമ്പനിയിൽ ജോലി ചെയ്യുന്നതും മാർച്ച് മാസം നാട്ടിൽ വരുന്നതും സാമ്പത്തിക ഭദ്രത ഉള്ളതുമായ ക്നാനായ യുവാവ് (30/164 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 9562047252, 9495967252

**M. 696**

Knanaya parents invites proposal for their son (27/173 cm, CA) working in a reputed company in Bangalore as Charted Accountant. Seeking alliance from parents of professionally qualified God fearing girls.

Ph: 9188443171, 9495188895

**M. 697**

Knanaya parents invites proposal for their son (30/174 cm) MBBS, MD, currently pursuing DM Nephrology (Gov. Medical College, Kerala) from parents of professionally qualified God fearing girls.

Ph: 9447161472, 9496094091

**M. 698**

Mechanical Diploma പാസ്സായി ദുബായിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/175 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ഫാമിലി വിസയുണ്ട്).

Ph: 9744492715, 9947604877

**M. 699**

ഭിന്നശേഷി (കേൾവി, സംസാരം) വിഭാഗത്തിൽപെട്ട B.Com ബിരുദധാരിയും പോസ്റ്റൽ ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/172 cm) അനുയോജ്യരായ ഭിന്നശേഷി വിഭാഗത്തിൽപെട്ടതോ അല്ലാത്തതോ ആയ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9207677532

**M. 700**

നാട്ടിൽ B.Tech (Computer Science) കഴിഞ്ഞു Ireland ൽ Masters degree കഴിഞ്ഞു നല്ല നിലയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (27/180 cm) നാട്ടിലോ യു. കെ. യിലോ ഉള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 8606010514

**M. 701**

Knanaya parents invites proposal for their son (26, MBA) currently working in Qatar seeking suitable alliance from parents of God fearing and professionally qualified girls. Ph: 9496160696

**M. 702**

Knanaya parents invites proposal for their son (38/178cm, B.Sc Mathamatics, B.Ed) working as a Mathamatics teacher in a CBSE School in Telengana. Ph: 9061591440, 9048841256

**M. 703**

Knanaya Parents invite Proposal for their son (28/178cm) B.Tech, Central Government employee. Seeking alliance from Parents of educated and employed girls prefer to settle in India.

Ph: 8943094076, 8547371043

**M. 704**

Diploma in Mechanical Engineering കഴിഞ്ഞു സൗദിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (31, ഇടത്തരം കുടുംബം, ഡിമാന്റ് ഇല്ല) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 8590842918, 9947324124

**M. 705**

ഹോട്ടൽ മാനേജ്മെന്റ് (ഡിപ്ലോമാ) പാസ്സായി നാട്ടിൽ Five Star ഹോട്ടലിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/160 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph. 9496004760

**M. 706**

Knanaya Parents invite matrimonial alliance for their son (29/167) from professionally qualified girls. He has done his Masters in Automobile Design from Italy and is a graduate in Product Design from Symbiosis Institute, Pune. His schooling was mainly in Bangalore & the Middle East and is currently working in Dubai.

Please contact +968 99374097 (WhatsApp) or phill228@gmail.com

## പുനർവിവാഹം

**വരനെ ആവശ്യമുണ്ട്**

**M. 707**

നിയമപരമായി വിവാഹബന്ധം വേർപെടുത്തിയതും ബാധ്യതകളില്ലാത്തതുമായ ക്നാനായ യുവതിയ്ക്ക് (42/5'3'') വിദ്യാഭ്യാസവും ജോലിയുമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (രണ്ടാം വിവാഹക്കാരെയും പരിഗണിക്കും)

Ph: 7025821764, 9496793904

# സ്ഥലം വില്പനയ്ക്ക്

ചിങ്ങവനം MC Road, Fine bakery സമീപം മൊത്തമായും, plots ആയും സ്ഥലം വിൽക്കപ്പെടും.

**Whatsapp +614 66669590**

M.C. Road ൽ കുറിച്ചി മന്ദിരം കവലയിൽ ഹോമിയോ കോളേജ് റോഡ് Kozhy Lane- ൽ 4 മീറ്റർ വഴിയോടുകൂടിയ നിരപ്പായ 9 മുതൽ 11 സെന്റു വരെയുള്ള House Plot- കൾ വില്പനയ്ക്ക്.

**Whatsapp - 004915773320315**
**0091 - 9447486545**

# PLOT FOR SALE

45 Cents of Prime Land, 400 Meters from M.C. Road (Between Chingavanam Jn. & Mavilangu) and Only 1KM from Chingavanm Jn. for Sale.

**Brokers Please excuse**

**Mob. 9383414691**

4 – ാം ചരമവാർഷികം
16- 03- 2023

1 – ാം ചരമവാർഷികം
22- 02- 2023





കെ. എ. കുറിയാക്കോസ്
(തങ്കച്ചൻ)

കുഞ്ഞൂഞ്ഞമ്മ
കുറിയാക്കോസ്

കുന്നുംപുറത്ത്
അങ്ങാടി, റാന്നി
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

2–ാം ചരമവാർഷികം
17-03-2023




ബേബി വി. എം.
വെളിയത്ത്, മഴുക്കീർ
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

19 – ാം ചരമവാർഷികം
18-03-2023




എ. എം. ഫിലിപ്പ്
ഇരണയ്ക്കൽ, തുരുത്തിക്കാട്, മല്ലപ്പള്ളി
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

12 – ാം ചരമവാർഷികം
09-03-2023




കെ. സി. ഏബ്രഹാം (പാപ്പച്ചൻ)
കരിപ്പാൽ, ചെറുകുളഞ്ഞി, അഞ്ചാനി, റാന്നി
*ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ*
*തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ'*
സന്തപ്ത കുടുംബാംഗങ്ങൾ

14 –ാം ചരമവാർഷികം
20-3-2023




**ഷാജി ഏബ്രഹാം**
ഇരണയ്ക്കൽ, തുരുത്തിക്കാട്, മല്ലപ്പള്ളി
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

6 –ാം ചരമവാർഷികം
6-3-2023



**റ്റി. കെ. ജോയി**
പടിഞ്ഞാറെതോപ്പിൽ, കുറ്റൂർ, തിരുവല്ല
ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*

21 –ാം ചരമവാർഷികം
20- 03- 2023



**പി.റ്റി. സ്റ്റീഫൻ (ബേബി)**
ഇടശ്ശേരിൽ, നടുക്കേമുറിയിൽ, ഒഴുവൻപാറ, റാന്നി
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

16 –ാം ചരമവാർഷികം
26- 03- 2023



**ഇ.എം. തോമസ്**
ഇടയപറമ്പിൽ, അഞ്ചാനി, റാന്നി
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

33 –ാം ചരമവാർഷികം
05- 03-2023



**പി. കെ. ഏബ്രഹാം (കുഞ്ഞവറാച്ചൻ)**
പ്ലാന്തോടത്തിൽ, ഇരവിപേരൂർ

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
*സന്തപ്ത കുടുംബാംഗങ്ങൾ*

6 –ാം ചരമവാർഷികം
03- 03- 2023

13 –ാം ചരമവാർഷികം
16- 10- 2023



**A.O. Chandy** **Thankamma Chandy**

**Edasseril,**
**Ranny**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
*സന്തപ്ത കുടുംബാംഗങ്ങൾ*

*സ്നേഹസ്മരണയ്ക്ക്*

18 –ാം ചരമവാർഷികം
26-03-2023

22 –ാം ചരമവാർഷികം
29- 03-2023




**M.K.Abraham** **Sosamma Abraham**
**Maliyil, Vadasserikara**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
*സന്തപ്ത കുടുംബാംഗങ്ങൾ*

30 –ാം ചരമവാർഷികം
25- 03- 2023

09 –ാം ചരമവാർഷികം
26- 04- 2023





**Saji Kuriakose** **Baby Kuriakose**
(Forest Contractor) (Forest Contractor)
**Kavumkal, Angadi, Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*

7th Death Anniversary
24-03-2023

11 – ാം ചരമവാർഷികം
21- 03- 2023




**P. C. ABRAHAM**
**(PAPPACHEN)**

**P. C. CHACKO**

**Puthuparampil**
**Aythala, Ranny**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

20 – ാം ചരമവാർഷികം
12-03-2023



**എം. റ്റി. ഏബ്രഹാം (തങ്കച്ചൻ)**
**മൂഴിപ്പെരുമേത്ത്, തിരുവനന്തപുരം**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*


1 – ാം ചരമവാർഷികം
02-03-2023



**കെ.പി. തോമസ് (തോമസ്സുകുട്ടി)**
**കാരിമറ്റത്തിൽ, ചാന്നാനിക്കാട്**

*ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്*
*കാണാമെന്നുള്ള പ്രത്യാശയോടെ'*
*ഭാര്യ: സാലമ്മ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

44 – ാം ചരമവാർഷികം
06-03-2023



**വി.യു. ആൻഡ്രൂസ് (പാപ്പച്ചൻ)**
**ചെറുനാട്ടായ പല്ലാട്ട്, ചെങ്ങളം**

*സന്തപ്ത കുടുംബാംഗങ്ങൾ*



The Cross of Christ has conquered Death

## 6th Year of Demise

**2-04-2023**

# JOSE MATHEW
## (MONCEY)

**ELAYASSERIL, KUTTOOR,**
**THIRUVALLA**

Advt - O

**Till we meet in that heavenly shore again...**
**Ever loving family**



## 10th Birthday in Heaven

03–3–2023

# E. T. JOSE
## Edaydiyil House
## Anjani, Ranni

Advt - O

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
ശോഭന തുറമുഖത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ


*സന്തപ്ത കുടുംബാംഗങ്ങൾ*

21 – ാം ചരമവാർഷികം

21 – 03 – 2023

5 – ാം ചരമവാർഷികം

20 – 03 – 2023





## P. U. Zachariah
(Skariakutty)

## Binoy P. Zachariah

Manimala Parayil (H)
Pallom

Advt - O

## 8 – ാം ചരമവാർഷികം

25 – 03 – 2023



## റ്റി. സി. ജോയി

തോട്ടുങ്കൽ, കുന്നങ്കേരി

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 11 – ാം ചരമവാർഷികം

10 – 03 – 2023



## കുഞ്ഞൂഞ്ഞമ്മ പുന്നൂസ്

പനച്ചമൂട്ടിൽ, മാന്നാർ

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 2 – ാം ചരമവാർഷികം

8 – 03 – 2023



## ലിസ്സി തമ്പി

പുലയകുന്നിൽ, ഇരവിപേരൂർ, നെല്ലാട്

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S



## 4th Death Anniversary

10-03-2023

# Annamma Abraham

(Suja Konamala)

CHICAGO

Love you always Amma

Roymon Konamala,
Shon, Emil and Sheethel
Gianna, Jeremiah

Advt -S

9-ാം ചരമവാർഷികം

31-3-2023



ആനി ഏബ്രഹാം

w/o ഫാ. കെ. സി. ഏബ്രഹാം

40-ാം ചരമദിനം

02-4-2023



ഏലിക്കുട്ടി ചാക്കോ

കട്ടത്തറ, നീലംപേരൂർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായ് നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 5 – ാം ചരമവാർഷികം

4 – 03 – 2023



# അച്ചാമ്മ മാത്യു

**മുണ്ടപ്ലാക്കൽ, പുതുശ്ശേരിമല, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 14 – ാം ചരമവാർഷികം

17 – 03 – 2023



# K.P. Jacob (Sabu)

**കാരിക്കൊമ്പിൽ, റാന്നി**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 9 – ാം ചരമവാർഷികം

22 – 3 – 2023



# കെ. ഒ. ജോസഫ് (ബേബി)

**കടക്കേത്ത്, മന്ദമരുതി, റാന്നി**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

## 8 – ാം ചരമവാർഷികം

25 – 3 – 2023



# കെ. ഒ. സഖറിയ (കറിയാച്ചൻ)

**കടക്കേത്ത്, തോട്ടമൺ, റാന്നി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

**1 – ാം ചരമവാർഷികം**
**07-03-2023**




**ബിജു സ്റ്റീഫൻ**
**മേലേക്കുറ്റ്, നീരാറ്റുകാവ്, കക്കുടുമൺ, റാന്നി**
**കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ**
*സന്തപ്ത കുടുംബാംഗങ്ങൾ*

**17 – ാം ചരമവാർഷികം**
**11-03-2023**



**പി. എ. ഐസക്ക്**
**കാവനാൽ, തിരുവനന്തപുരം**
*സന്തപ്തകുടുംബാംഗങ്ങൾ*

**4 – ാം ചരമവാർഷികം**
**11-03-2023**



**എ. കുര്യൻ ഇട്ടി (കുഞ്ഞുമോൻ)**
**അടയ്ക്കാകുളത്തിൽ, പടിഞ്ഞാറ്റോതറ, തിരുവല്ല**
**നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവൻ വലഭാഗത്തിൽ**
*സന്തപ്ത കുടുംബാംഗങ്ങൾ*

**17 – ാം ചരമവാർഷികം**
**20- 03- 2023**

**10 – ാം ചരമവാർഷികം**
**04 -02- 2023**





**കെ. ഐ. മാത്യു** **ചിന്നമ്മ മാത്യു**

**കാത്തനാശ്ശേരിൽ**
**കറ്റോട്**

**കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ**
*സന്തപ്ത കുടുംബാംഗങ്ങൾ*

**2 –ാം ചരമവാർഷികം**
**14- 02- 2023**



**പുന്നൂസ് മാത്യു**

**4 –ാം ചരമവാർഷികം**
**13- 02- 2023**



**ശോശാമ്മ മാത്യു**

**7 –ാം ചരമവാർഷികം**
**19- 03- 2023**




**തോമസ് മാത്യു**

**അഴകത്ത് കാലായിൽ, പുല്ലുപ്രം, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*

## In loving memory

**49th Death Anniverary**
**27- 03- 2023**



**P. K. Joseph**
(അനിയൻകുഞ്ഞ്)

**31st Death Anniverary**
**16-03- 2023**




**K.P. Kuriakose**

**21st Death Anniverary**
**04- 05- 2023**



**Mariakutty Kuriakose**

**9th Death Anniverary**
**28- 10- 2023**



**P. K. Mathewkutty**
(ബാബുകുട്ടൻ)

**Kalarithara Puthenpurayil, Veliyanadu**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*

35 –ാം ചരമവാർഷികം
26-03-2023



**കെ.സി. സ്കറിയ (കറിയാച്ചൻ)**
കല്ലുകുളം, ചിങ്ങവനം
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

38 –ാം ചരമവാർഷികം
04-03-2023



**കെ.സി. ഏബ്രഹാം**
മാലീകറുകയിൽ, മാന്നാർ
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*



36th Death Anniversary
21-03-2023

# P. T. ZACHARIAH
**MARYGIRI ESTATE
VADAKKENCHERRY,
PALAKKAD**

**(Peedikaparampil)
Chingavanam**

***BY SORROWING FAMILY***

30 –ാം ചരമവാർഷികം
06- 03- 2023

02 –ാം ചരമവാർഷികം
22- 09- 2023



എം.ഒ. മർക്കോസ്

അച്ചാമ്മ മർക്കോസ്

മണിമലപാറയിൽ, ചിങ്ങവനം

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ

*സന്തപ്ത കുടുംബാംഗങ്ങൾ*

17 –ാം ചരമവാർഷികം
29- 03- 2023

19 –ാം ചരമവാർഷികം
14- 04- 2023



ചെറിയാൻ പുന്നൂസ്
(കുഞ്ഞച്ചൻ)

ശോശാമ്മ പുന്നൂസ്

മണിയല
വാകത്താനം

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2nd Death Anniversary

15-03-2023



**Jossy Chacko**
**Kochupurackal, Kallissery**

*സന്തപ്ത കുടുംബാംഗങ്ങൾ*

**14 – ാം ചരമവാർഷികം**
**24-03-2023**



**കെ.സി. പീറ്റർ (പത്രോച്ചൻ)**
**കരോട്ട്, ചിങ്ങവനം**
ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*

**40 – ാം ചരമദിനം**
**19-03-2023**



**രാജു ഏബ്രഹാം**
**കണ്ടത്തിൽ, കോട്ടയം**
*പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ*

**3rd Birthday in Heaven**
**21- 03- 2023**



**MONCY IDUCULLA**
**Chakyanikuzhiyil, Kulamadayil House, Ranni**
ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*

**8 – ാം ചരമവാർഷികം**
**17 - 04 - 2023**



**ചിന്നമ്മ ഏബ്രഹാം**
**കൊല്ലംപറമ്പിൽ, ചാന്നാനിക്കാട്**
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

**32nd DEATH ANNIVERSARY**
**24-03-2023**




**Rev. Fr. K. I. ABRAHAM**
**COR-EPISCOPA**
**Kizhakkemuriyil, Aythala, Ranny.**
***Sorrowing Family***

**1 –ാം ചരമവാർഷികം**
**22-03-2023**



**ഓമന മാത്യു**
**കിഴക്കേപുല്ലാട്ട്, ചാന്നാനിക്കാട്**
**നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവൾ വലഭാഗത്തിൽ**
***സന്തപ്ത കുടുംബാംഗങ്ങൾ***

**42 –ാം ചരമവാർഷികം**
**27-03-2023**



**കെ. എം. ജോർജ്**
**കളരിക്കമുറിയിൽ, മുണ്ടപ്പുഴ, റാന്നി**
**കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ**
***സന്തപ്ത കുടുംബാംഗങ്ങൾ***

**8 –ാം ചരമവാർഷികം**
**3- 3- 2023**



**ഉതുപ്പാൻ മാത്യു (കുഞ്ഞുമോൻ)**
**പ്ലാംകൂട്ടത്തിൽ,കോട്ടയം**
**കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ**
***സന്തപ്ത കുടുംബാംഗങ്ങൾ***

**20–ാം ചരമവാർഷികം**
**16- 03- 2023**



**ശോശാമ്മ മാത്യു**
**മുക്കാട്ട്, കുറിച്ചി**

*സന്തപ്ത കുടുംബാംഗങ്ങൾ*


**43–ാം ചരമവാർഷികം**
**30- 03- 2023**



**ഏൽസമ്മ ജോസഫ്**
**പുലയംകാട്ടിൽ** (പുതിയേടത്ത്)
**രാമമംഗലം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**1–ാം ചരമവാർഷികം**
**11- 04- 2023**



**അന്നമ്മ മാത്യു**
**മംഗലത്ത്**
**ഇരവിപേരൂർ**

*സന്തപ്ത കുടുംബാംഗങ്ങൾ*

**19–ാം ചരമവാർഷികം**
**29 - 03 - 2023**



**എൻ. പി. ചാണ്ടി** (ജോയി)
**നെയ്ച്ചേരിൽ**
**കുടമാളൂർ, കോട്ടയം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**16–ാം ചരമവാർഷികം**
**19 - 02 - 2023**



**അമ്മിണി ഏബ്രഹാം**
**നെടുന്തറയിൽ**
**കുറ്റൂർ**

*സന്തപ്ത കുടുംബാംഗങ്ങൾ*

**05–ാം ചരമവാർഷികം**
**29 - 03 - 2023**



**ഷാജി മാത്യു**
**പുത്തൻപുരക്കൽ**
**(തൂമ്പുങ്കൽ), മാന്നാർ**

*സന്തപ്ത കുടുംബാംഗങ്ങൾ*

**3–ാം ചരമവാർഷികം**
**10-03-2023**



**P.T Abraham (Baby )**
**PalantharaKunnathumannil (H)**
**Vallamkulam East P.O**
**Thiruvalla**

" [illegible] "

**13–ാം ചരമവാർഷികം**
**02- 3 - 2023**



**ചിന്നമ്മ ഉതുപ്പാൻ**
**മടുക്കമൂട്ടിൽ, പൂവൻതുരുത്ത്**


*സന്തപ്ത കുടുംബാംഗങ്ങൾ*

**ഒരിക്കലും**
**മരിക്കാത്ത**
**ഓർമ്മകളുമായി**
**നിത്യതയുടെ**
**തീരത്ത് വീണ്ടും**
**കാണാമെന്നുള്ള**
**പ്രത്യാശയോടെ**

## ശുഭചിന്തകൾ

**ഓരോ ശേഷിയും സമർഥമായി ഉപയോഗിക്കുക എന്നതിനു സന്ദർഭോചിതമായും സമയോചിതമായും ഉപയോഗിക്കുക എന്നുകൂടി അർത്ഥമുണ്ട്. താമസിക്കപ്പെടുന്ന നീതി, അതു നിഷേധിക്കപ്പെടുന്നതിന് സമമാണ് എന്നുണ്ടല്ലോ.**

**13 –ാം ചരമവാർഷികം**
**20 - 03 - 2023**




**കുര്യൻ തോമസ്**
**ഉതിനിൽക്കുന്നതിൽ**
**കുറ്റൂർ**
*സന്തപ്ത കുടുംബാംഗങ്ങൾ*

**17 –ാം ചരമവാർഷികം**
**19- 03- 2023**




**തോമസ് ചാണ്ടി**
**നെയ്പള്ളിയുഴത്തിൽ**
**ഇരവിപേരൂർ**
*സന്തപ്ത കുടുംബാംഗങ്ങൾ*

**04 –ാം ചരമവാർഷികം**
**02 - 03 - 2023**




**എം. എ. ജോസ്**
**മാലിയ്ക്കൽ**
**പുളിമുക്ക്, റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**14 –ാം ചരമവാർഷികം**
**25 - 03- 2023**




**കെ.സി. തോമസ് (പാപ്പൂട്ടി)**
**കീച്ചേരിൽ**
**ചാന്നാനിക്കാട്**
*സന്തപ്ത കുടുംബാംഗങ്ങൾ*

**13 –ാം ചരമവാർഷികം**
**27 - 03 - 2023**




**V.J. Joseph** (Kunjumon)
**Vadakemuriyil**
**Aythala, Ranni**
*സന്തപ്ത കുടുംബാംഗങ്ങൾ*

**25 –ാം ചരമവാർഷികം**
**21-03-2023**



**റ്റി.പി. എബ്രഹാം**
**തോമ്പുമണ്ണിൽ**
**ഇടക്കുളം, റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**11 –ാം ചരമവാർഷികം**
**19 -03 - 2023**



**പി.സി ചാക്കോ (തങ്കച്ചൻ)**
**കൈപ്പുഴമുള്ളാനിൽ**
**ഇടക്കുളം, റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**10 –ാം ചരമവാർഷികം**
**03-04-2023**



**അന്നമ്മ മാത്യു**
**മേമനകളീയ്ക്കൽ**
**തിരുവൻവണ്ടൂർ**
*സന്തപ്ത കുടുംബാംഗങ്ങൾ*

**27 –ാം ചരമവാർഷികം**
**23 - 03 - 2023**



**പുന്നൂസ് (കുഞ്ഞച്ചൻ)**
**കടുംങ്ങോത്ത്**
**പഴയകളം, കുറിച്ചി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**13 –ാം ചരമവാർഷികം**
**22- 03 - 2023**



**പ്രകാശ് എബ്രഹാം**
(സിവിൽ കോൺട്രാക്ടർ)
നടുവിലേപറമ്പിൽ,
വാകത്താനം
*സന്തപ്ത കുടുംബാംഗങ്ങൾ*

**സ്വർഗ്ഗത്തിൽ**
**9 –ാം പിറന്നാൾ**
**23-3- 2023**



**പി.കെ. പുന്നൂസ് (തങ്കച്ചൻ)**
**പ്ലാത്തോടത്തിൽ**
**ഇരവിപേരൂർ, തിരുവല്ല**
*സന്തപ്ത കുടുംബാംഗങ്ങൾ*

**21st Death Anniversary**
**26-03-2023**



**ഇട്ടിയവിരാ പി.ഐ.**
(കുഞ്ഞവറാച്ചൻ)
**തേക്കാട്ടിൽ, മഴുക്കീർ**
*സന്തപ്ത കുടുംബാംഗങ്ങൾ*

# 13 – ാം ചരമവാർഷികം (29 – 03 – 2023)

ദൈവമേ നിന്റെ കൃപയുടെ ബഹുത്വംപോലെ
എന്നോടു കരുണയുണ്ടാകേണമേ



## ഇ. ജെ. കുറിയാക്കോസ്

ഇടശ്ശേരിൽ, ഒഴുവൻപാറ, റാന്നി

"കരുണ നിറഞ്ഞവനേ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമേ"

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ ( ഐസക് ,റേച്ചൽ, കുറിയാക്കോസ് & എൽസ).

Registered No. KL/CHC/29/2021-23 **KNANAYA DEEPAM** RNI No. KERBIL/2006/19210
Published on 15 March 2023 Chingavanam Vol. 34, Issue: 3 ₹ 10





## ക്നാനായ നേഴ്സിങ് കോളേജ്

തോട്ടക്കാട് പണിതുകൊണ്ടിരിക്കുന്ന സേവേറിയോസ് ക്നാനായ കോളേജിൽ ബിഎസ്സി നേഴ്സിങ് കോഴ്സ് ആരംഭിക്കുന്നതിനു വേണ്ടി കേരള ഗവൺമെന്റ് നിർദ്ദേശപ്രകാരം കോട്ടയം മെഡിക്കൽ കോളേജിലെ നേഴ്സിങ് കോളേജ് പ്രിൻസിപ്പൽ, പ്രൊഫസർ തുടങ്ങിയവർ കോളേജ് കെട്ടിടം സമുദായ സെക്രട്ടറിയോട് ഒപ്പം സന്ദർശിക്കുന്നു.

കെട്ടിടം പണി ഈ വർഷം പൂർത്തീകരിക്കുന്നില്ലായെങ്കിൽ ഈവർഷംതന്നെ നേഴ്സിങ് കോളേജ് തുടങ്ങുന്നതിനു താൽക്കാലിക ക്രമീകരണം ചെയ്യുന്നതിനു വേണ്ടി കുറിച്ചിയിൽ ഉള്ള സമുദായവക കെട്ടിടവും സന്ദർശിക്കുന്നു. നേഴ്സിങ്ങ് കോളേജിലെ കുട്ടികൾക്ക് ക്ലിനിക്കൽ പോസ്റ്റിങ്ങ് കൊടുക്കുന്നതിനുവേണ്ടി ക്രമീകരിച്ചിരിക്കുന്ന തിരുവല്ലാ ബിലീവേഴ്സ് ഹോസ്പിറ്റൽ മെഡിക്കൽ കോളേജ് ടീം സമുദായ സെക്രട്ടറിയോട് ഒപ്പം സന്ദർശിച്ചു.

തോട്ടക്കാട്ട് കോളേജ് കെട്ടിടവും സമുദായം വക കുറിച്ചി സ്കൂൾ കെട്ടിടവും തിരുവല്ല ബിലീവേഴ്സ് ഹോസ്പിറ്റലും സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുമ്പായി സമുദായ മെത്രാപ്പോലീത്തായുമായി കൂടിക്കാഴ്ച നടത്തുന്നു.

## ക്നാനായ കോൺഗ്രസ് അർദ്ധവാർഷിക സമ്മേളനം
### വെളിയനാട് സുഖാർ ധ്യാനകേന്ദ്രം



Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**